313
FEBRUARY 2025

# KERALA PRIVATE COLLEGE TEACHER

ISSN 2454-4795
a monthly journal of the all kerala private college teachers' association



ആശങ്കകളകന്ന് നാലുവർഷ ബിരുദപരിപാടി

മഹാമൗനങ്ങളുടെ ശില്പി

സംസ്കാരങ്ങളിൽത്തൊട്ടു സംസാരിച്ച വിരലുകൾ

നാദങ്ങളായ് നീ വരൂ!

KERALA PRIVATE
# COLLEGE TEACHER

FEB 2025 313

EDITORIAL BOARD

Editor
**Dr. N. Renuka**

Managing Editor
**Dr. Pradeep Kumar K.**

Assistant Editors
Dr. Vidhu Narayan
Dr. Bindumol B.

Members
Dr. C. Padmanabhan
A. Nishanth
Prof.(Dr.) K. Bijukumar
Shajitha S
Dr. Manoj T R
Pramod Vellachal
Dr. M.R. Rajesh
Harinarayanan S
Dr. Devi K. Varma
Sreelakshmi A R
Vaisakhan Thampi
Dr. Sreevidya V
Dr. Prathibha P R
Dr. Sindhu K V
Dr. Rajesh M K

Design :
Jwala Creatives

■ *എഡിറ്റോറിയൽ* 03

■ *യു.ജി.സി. കരട് രേഖയും ബജറ്റും ആർക്കുവേണ്ടി?*
**ഡോ. ബിജുകുമാർ കെ.** 04

■ *ആശങ്കകളകന്ന് നാലുവർഷ ബിരുദ പരിപാടി*
**ഡോ. ആർ. ബിന്ദു** 07

■ *ഒരു NAAC അപാരത*
**പ്രൊഫ. (ഡോ.) ഗോപാലകൃഷ്ണൻ എം.ബി.** 13

■ *മഹാമൗനങ്ങളുടെ ശില്പി*
**ഡോ. പ്രദീപ്കുമാർ കെ.** 15

■ *പുലരിയിൽ*
**സജിൻ പി.ജെ.** 20

■ *സംസ്കാരങ്ങളിൽത്തൊട്ടു സംസാരിച്ച വിരലുകൾ*
**മനോജ് കുറൂർ** 21

■ *നാദങ്ങളായ് നീ വരൂ!*
**ഡോ. ദേവി കെ. വർമ്മ** 27

■ *The Menace of Water Hyacinth in Kerala: A Growing Environmental Concern*
**Archana PJ** 30

■ *നാഞ്ചിനാട്ടിലെ കാറ്റ്*
**ഡോ. അനൂപ് വി.** 32

■ *അന്നപൂർണ്ണ പിന്നെയും പാടുമ്പോൾ*
**ദിവ്യ എൻ.** 34

■ *പച്ചവെളിച്ചം*
**ഡോ. പൂർണ്ണിമ സി.സി.** 35

■ *പെണ്ണത്തം: കാഴ്ചകൾ, കാഴ്ചപ്പാടുകൾ*
**പ്രൊഫ. (ഡോ.) ജ്യോതിമോൾ പി.** 36

Views expressed by individuals in the journal are their own and need not necessarily be taken as policy of the Association.

Edited, Printed and Published by Dr. C.Padmanabhan, AKPCTA State Committee Office, Vanchiyoor, TVPM-35.


AKPCTA State Committee Office
Mathrubhumi Road,
Vanchiyoor, Thiruvananthapuram-35
Ph: 0471-2463494
Mobile: 09495425219
**collegeteacheredt@gmail.com**
**www.akpcta.org**

# എഡിറ്റോറിയൽ



ഇന്ത്യൻ ദേശീയതയുടെ സങ്കല്പങ്ങളിൽ ബഹുസ്വരമായ ജീവിതശൈലികളും ആഖ്യാനങ്ങളും ഭാഷകളും ജനപഥങ്ങളും ഉണ്ട്.ഏകത്വത്തിലെ നാനാത്വങ്ങളെ അന്വേഷിച്ചുള്ള യാത്രകളാണ് ജനാധിപത്യത്തിലേക്കുള്ള വഴിതുറക്കുന്നത്. സാമ്പത്തികവും സാമൂഹികവും സാംസ്കാരികവുമായ മേഖലകളിൽ നിലനിൽക്കുന്ന ഫെഡറൽ സംവിധാനവും മതേതരത്വത്തിലും ജനക്ഷേമത്തിലും വിജ്ഞാനത്തിലും അധിഷ്ഠിതമായ ഭരണവ്യവസ്ഥയും സംരക്ഷിച്ചു നിർത്തേണ്ടത് ഇന്ത്യൻ ജനതയുടെ ധാർമ്മികമായ ദൗത്യമാണ്. കാരണം ബഹുസ്വരത, ജനാധിപത്യം തുടങ്ങിയ അടിസ്ഥാനാശയങ്ങളെ തകർക്കുന്നതിലൂടെയാണ് ഫെഡറൽ സംവിധാനം ശിഥിലമാകുന്നത്.ഇന്ത്യയുടെ ഭൂതത്തിലും വർത്തമാനത്തിലും ഈ ശൈഥില്യത്തിന് വേരുകളുണ്ട്. യുജിസി കരട് മാർഗ്ഗരേഖയും വിഭാഗീയചിന്തകളുടെ സൃഷ്ടിയായ കേന്ദ്ര ബജറ്റും ശരാശരി ഇന്ത്യക്കാരുടെ സ്വാതന്ത്ര്യബോധത്തെയും വൈജ്ഞാനിക സങ്കല്പങ്ങളെയും അടിസ്ഥാന ആവശ്യങ്ങളെയും ചോദ്യം ചെയ്യുന്നവയാണ്.എങ്കിലും വൈവിധ്യപൂർണ്ണമായ ധ്വനികളാലും ഭൂഭാഗ ഭാവനകളാലും ഭാഷാനർത്തനങ്ങളാലും വലയം ചെയ്യപ്പെട്ട സാംസ്കാരിക ഓർമ്മകൾ ഇന്ത്യൻ ജനാധിപത്യത്തെ തിരിച്ചു പിടിക്കുക തന്നെ ചെയ്യും.

**എഡിറ്റർ**
collegeteacheredt@gmail.com
9746527501



ഡോ. ബിജുകുമാർ കെ.

# യുജിസി കരട് രേഖയും ബജറ്റും ആർക്ക് വേണ്ടി?

2025 ബഹുമുഖമായ സമരവഴികളാണ് നമുക്ക് മുൻപിൽ തുറന്നിടുന്നത്. ഉന്നതവിദ്യാഭ്യാസ മേഖലയിലും സാമ്പത്തിക മേഖലയിലും വർദ്ധിച്ചു വരുന്ന ഫെഡറൽ വിരുദ്ധനയങ്ങൾക്കെതിരെ ദേശീയതലത്തിൽ തന്നെ പ്രക്ഷോഭങ്ങൾ ഉയരുന്നുണ്ട്. ഉന്നതവിദ്യാഭ്യാസ രംഗത്ത് കേരള സർക്കാർ വലിയ തോതിലുള്ള മുന്നേറ്റങ്ങൾ നടത്തിക്കൊണ്ടിരിക്കുന്ന സന്ദർഭത്തിൽ തന്നെയാണ് യുജിസി കരട് റെഗുലേഷൻസ് 2025 വന്നത്.കേരളത്തിന്റെ വൈജ്ഞാനിക മേഖലയെ എല്ലാ അർത്ഥത്തിലും ശിഥിലമാക്കുന്ന ഈ കരട് സംഘപരിവാറിന്റെ രാഷ്ട്രീയ അജണ്ടയുടെ ഭാഗമാണ്. സർവകലാശാലകളുടെ സ്വയംഭരണാവകാശം നിലനിർത്തുവാൻ വേണ്ടി മറ്റ് സഹോദര പ്രസ്ഥാനങ്ങളോട് ചേർന്നുനിന്നുകൊണ്ട് എകെപിസിടിഎ നടത്തിക്കൊണ്ടിരിക്കുന്ന പോരാട്ടങ്ങൾക്ക് ഈ കരട് മാർഗരേഖയുടെ പശ്ചാത്തലത്തിൽ പുതിയ മാനം കൈവരികയാണ്. സർവകലാശാലകളിൽ വൈസ് ചാൻസലർമാരെയും അധ്യാപകരെയും നിയമിക്കാനുള്ള അവകാശം ഉൾപ്പെടെയുള്ള അധികാരങ്ങൾ ചാൻസലർക്ക് നൽകുന്ന രീതിയിലുള്ള നിർദ്ദേശങ്ങൾക്ക് ഗൂഢമായ രാഷ്ട്രീയ ലക്ഷ്യങ്ങൾ ഉണ്ട്.

ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അടിസ്ഥാനവികസനത്തിനും വൈജ്ഞാനിക മേഖലയുടെ പുരോഗതിക്കുമായി കേരള സർക്കാർ ചെലവഴിച്ചുകൊണ്ടിരിക്കുന്ന ഭീമമായ സാമ്പത്തിക സഹായങ്ങളെ പാടെ അവഗണിച്ചുകൊണ്ട് ഉന്നതവിദ്യാഭ്യാസ മേഖലയെ നാമാവശേഷമാക്കാനുള്ള ലക്ഷ്യങ്ങളുടെ ഒരു പ്രധാന രേഖയായി കരട് രേഖയെ കണ്ടുകൊണ്ട് യുജിസി കരട് രേഖ റദ്ദാക്കണമെന്ന് ആവശ്യപ്പെട്ടുള്ള ഒരു കത്ത് കേരള സർക്കാരിൽനിന്ന് കേന്ദ്ര വിദ്യാഭ്യാസ മന്ത്രിക്ക് പോയിട്ടുണ്ട്. അതിന്റെ ഭാഗമായി കേരളത്തിലെ പുരോഗമന പ്രസ്ഥാനങ്ങളും

പ്രസിദ്ധീകരണങ്ങളും യുജിസി മാർഗരേഖയെ വിമർശനാത്മക മായി സമീപിക്കുന്നുണ്ട്. "ഡ്രാഫ്റ്റ് യുജിസി റഗുലേഷൻസ് 2025 -പിൻവലിക്കുക എന്ന മുദ്രാവാക്യ ത്തോടെ എകെപിസിടിഎ മാസ് ലെറ്റർ ക്യാമ്പയിൻ സംഘടിപ്പിച്ച തും സമരത്തിന്റെ ഒരു വഴിയാണ്.

ഇത്തരം കടുത്ത പ്രതിസന്ധികൾ ദേശീയ തലത്തിൽ നിലനിൽ ക്കുമ്പോഴും FYUGP കേരളത്തിലെ എല്ലാ സർവകലാശാലകളിലും തനതുശൈലികളിൽ ക്രിയാത്മക മായിത്തന്നെ ഒരു സെമസ്റ്റർ പൂർ ത്തിയാക്കി എന്നത് അഭിമാനക രമാണ്. പുതിയ ഒരു അക്കാദമിക സംവിധാനം എന്ന നിലയിൽ പ്രായോഗികമായ നിരവധി വൈ ഷമ്യങ്ങളും ആശങ്കകളും നേരിട്ടു എങ്കിലും ഓരോ ഘട്ടത്തിലും അവ പരിഹരിച്ചുകൊണ്ട് നാം മുന്നോട്ടു പോവുക തന്നെയാണ്.

രണ്ടാം സെമസ്റ്റർ ഏത് രീതിയി ലാണ് നടപ്പാക്കേണ്ടത്, പരീക്ഷ സംവിധാനങ്ങൾ, കെ റീപ് സോഫ്റ്റ്‌വെയർ, മേജർ സ്വിച്ചിംഗ്, കോളജ് മാറ്റം, സർവകലാശാല കളിലെ ക്രമീകരണങ്ങൾ എന്നി ങ്ങനെയുള്ള സങ്കീർണ്ണമായ കാര്യ ങ്ങൾ പരിഹരിക്കേണ്ടതുണ്ട്.

കേന്ദ്രഗവൺമെന്റിന്റെ ഭാഗത്ത് നിന്ന് വന്നുകൊണ്ടിരിക്കുന്ന ഓരോ നയരൂപീകരണത്തിലും കേരള ത്തിനെതിരായ പദ്ധതികളുണ്ട്. മൂന്നാം മോദിസർക്കാരിന്റെ ബജറ്റ് കേരളത്തിനേറ്റ വലിയ തിരിച്ചടി യാണ്. തെരഞ്ഞെടുപ്പ് ലക്ഷ്യങ്ങൾ മാത്രം കേന്ദ്രീകരിച്ചുകൊണ്ടുള്ള ഈ ബജറ്റിൽ വയനാട് പോലുള്ള ദുരന്തബാധിത മേഖലകളെയും കാർഷികമേഖലകളെയും വി ദ്യാഭ്യാസ മേഖലയെയും പാടെ അവഗണിക്കുകയാണ് ചെയ്തത്. ആദായനികുതിയുടെ പരിധി 12 ലക്ഷമായി ഉയർത്തി മധ്യവർഗ്ഗ ത്തെ രക്ഷിക്കുന്ന എന്ന വ്യാജേന വീണ്ടും സംഘപരിവാർ അതിന്റെ രാഷ്ട്രീയ തന്ത്രങ്ങളുമായി മുന്നോട്ടു പോവുകയാണ്.

രാഷ്ട്രീയ സാമ്പത്തിക മേഖലക ളിൽ ഇന്ത്യയും കേരളവും അനുഭ വിക്കുന്ന പ്രശ്നങ്ങൾക്ക് സമാന്തര മായി സാംസ്കാരിക മേഖലയിലും കനത്ത നഷ്ടങ്ങൾ നമുക്കുണ്ടായി. തബലവാദകനായിരുന്ന സാക്കിർ ഹുസൈൻ,മലയാളത്തിന്റെ അഭി മാനമായ എം.ടി.വാസുദേവൻ നായർ, ഗായകൻ പി.ജയചന്ദ്രൻ എന്നിവരുടെ വിയോഗവും സ്മര ണീയമാണ്. നമ്മൾ അഭിമുഖീകരി ക്കുന്ന പ്രതിസന്ധികളെ കൂട്ടായി പ്രതിരോധിക്കുക തന്നെ ചെയ്യും എന്ന ശുഭാപ്തി വിശ്വാസത്തോടെ.





എകെപിസിടിഎ 67-ാം സംസ്ഥാന സമ്മേളനം സ്വാഗതസംഘം രൂപീകരണം സിപിഐ എം സംസ്ഥാന കമ്മിറ്റി അംഗം എൻ എൻ കൃഷ്ണദാസ് ഉദ്ഘാടനം ചെയ്യുന്നു

# എ.കെ.പി.സി.ടി.എ.

## 67-ാം

# സംസ്ഥാന സമ്മേളനം

## 2025 മാർച്ച് 14, 15, 16

## പാലക്കാട്

**ഡോ. ആർ. ബിന്ദു**
**ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി മന്ത്രി**

# ആശങ്കകളകന്ന് നാലുവർഷ ബിരുദപരിപാടി

രാജ്യത്തിനുതന്നെ മാതൃകയായി നാലുവർഷ ബിരുദപരിപാടി ആരംഭിച്ച്, വിജയകരമായി അതിന്റെ ഒന്നാംഘട്ടം പൂർത്തീകരിച്ചിരിക്കുകയാണ് കേരളം. പരീക്ഷയെഴുതി ഫലത്തിനായി മാസങ്ങൾ കാത്തിരിക്കുന്ന കാലം കേരളത്തിൽ അവസാനിച്ചിരിക്കുകയാണ് എന്നതാണ് ഏറ്റവും പ്രകടമായി തിളങ്ങിനിൽക്കുന്ന ഇതിന്റെ ഒരു ഫലം.

ഏറ്റവുമധികം വിദ്യാർത്ഥികൾ പരീക്ഷയെഴുതുന്ന കാലിക്കറ്റ് സർവ്വകലാശാലയടക്കം അത്യുത്തവേഗത്തിൽ ആദ്യ സെമസ്റ്റർ ബിരുദഫലം പ്രസിദ്ധീകരിച്ചു. പരീക്ഷ കഴിഞ്ഞ് ഏറ്റവും ചുരുക്കം ദിവസങ്ങളിൽ നാലുവർഷ ബിരുദത്തിന്റെ ഒന്നാം സെമസ്റ്റർ ഫലം പ്രസിദ്ധപ്പെടുത്തി കണ്ണൂർ, കേരള, എം ജി, തുഞ്ചൻ, ശ്രീശങ്കര സർവ്വകലാശാലകൾ റെക്കോഡിട്ടു. പിന്നാലെ, അമ്പത്തെട്ടായിരം വിദ്യാർത്ഥികൾ പരീക്ഷയെഴുതിയ, സംസ്ഥാനത്ത് ഏറ്റവുമധികം വിദ്യാർത്ഥികൾ പരീക്ഷയെഴുതുന്ന സർവ്വകലാശാലയായ കാലിക്കറ്റ് അടക്കം ഇക്കാലംവരെ കാണാത്ത വേഗത്തിൽ ഫലപ്രഖ്യാപനം നടത്തി.

പ്രാക്ടിക്കൽ പരീക്ഷ കഴിഞ്ഞ് രണ്ടുദിവസംകൊണ്ടാണ് ഇരുപത്തിനാലായിരത്തോളം കുട്ടികൾ പരീക്ഷയെഴുതിയ കേരള സർവ്വകലാശാല ഫലം പ്രസിദ്ധപ്പെടുത്തിയത്. പതിനേഴായിരം പരീക്ഷാർത്ഥികളുണ്ടായ എം ജി അഞ്ചു ദിവസം കൊണ്ട് ഫലം പ്രഖ്യാപിച്ചു. പന്ത്രണ്ട് ദിവസം കൊണ്ടായിരുന്നു കണ്ണൂർ സർവ്വകലാശാലയുടെ ഫലപ്രഖ്യാപനം. കാലിക്കറ്റ് ഡിസംബർ അഞ്ചിന് പരീക്ഷകൾ പൂർത്തിയാക്കി ഇരുപത്തഞ്ച് ദിവസം കൊണ്ടും. വകുപ്പിനു കീഴിലെ മറ്റു സർവ്വകലാശാലകളും നിശ്ചിത സമയക്രമത്തിൽ ഫലപ്രഖ്യാപനം പൂർത്തിയാക്കി.



ഉന്നതവിദ്യാഭ്യാസ സമഗ്രപരിഷ്കരണ കമ്മീഷനുകളിലെ പ്രധാന കമ്മീഷനായ പരീക്ഷാ പരിഷ്കരണ കമ്മീഷന്റെ സുപ്രധാന നിർദ്ദേശമാണ് ഇതുവഴി ഉന്നതവിദ്യാഭ്യാസ വകുപ്പിന്റെ നേതൃപങ്കോടെ സാക്ഷാത്കരിക്കാൻ സാധിച്ചത്. ഇതിനായി പുറത്തിറക്കിയ ഏകീകൃത അക്കാദമിക് കലണ്ടർ പ്രകാരം മുപ്പതു ദിവസത്തിനകം ഫലപ്രഖ്യാപനം നടന്നിരിക്കണമെന്ന് മന്ത്രിയെന്ന നിലയിൽ പ്രത്യേകം നിർദ്ദേശിച്ചത് സർവ്വകലാശാല നേതൃത്വങ്ങൾ ചിട്ടയായി നടപ്പിൽ



വരുത്തുകയായിരുന്നു. കോളേജ് തലത്തിൽ പരീക്ഷ നടത്തി മൂല്യനിർണ്ണയം പൂർത്തിയാക്കി കൃത്യതയോടെ മാർക്കുകൾ ലഭ്യമാക്കുന്നതിൽ വിവിധ കോളേജ് നേതൃത്വങ്ങളും അദ്ധ്യാപക -അനദ്ധ്യാപക ജീവനക്കാരും സർവ്വകലാശാലകൾക്ക് പിന്തുണ നൽകി.

എല്ലാ സർവ്വകലാശാലകളും ഈ സമയക്രമത്തിനും മുമ്പേ ഫലം പ്രഖ്യാപിച്ചത് കേരളത്തിന്റെ ഉജ്ജ്വലമായ ഉന്നതവിദ്യാഭ്യാസ പരിഷ്കരണക്കുതിപ്പിന് സുവർണ്ണ കിരീടം ചാർത്തി നൽകുന്ന നേട്ടമാണ്. കെ - റീപ് നടപ്പിലാക്കിയ കണ്ണൂർ സർവ്വകലാശാല ഫലപ്രഖ്യാപനത്തോടൊപ്പം വിദ്യാർത്ഥികളുടെ ലോഗിനിൽ മാർക്ക് ലിസ്റ്റ് ലഭ്യമാക്കുക കൂടി ചെയ്ത് കൂടുതൽ മികവുകാട്ടി. സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസ രംഗത്ത് പുത്തനദ്ധ്യായം കുറിച്ച് പ്രോദ്ഘാടനം ചെയ്ത് നാലുവർഷ ബിരുദ പരിപാടി നടപ്പാക്കാൻ സർക്കാരിന്റെ ഭാവനാത്മകമായ ആസൂത്രണങ്ങളെയും പരീക്ഷകളും ഫലങ്ങളും അതിവേഗതയിൽ പൂർത്തിയാക്കാനുള്ള നിർദ്ദേശങ്ങളെയും അക്ഷരാർത്ഥത്തിൽ ഉൾക്കൊണ്ട് സർവ്വകലാശാലാ സമൂഹവും ജീവനക്കാരും വിജയത്തിലെത്തിച്ച കാഴ്ചയാണ് നാമിതിൽ കണ്ടത്.

### എന്താണ് നാലുവർഷ ബിരുദ പരിപാടി

ഉന്നതവിദ്യാഭ്യാസ മേഖലയിലെ ആഗോളഹബ്ബാക്കി സംസ്ഥാനത്തെ മാറ്റാനുള്ള കർമ്മപരിപാടിയിലെ സുപ്രധാന കാൽവെപ്പാണ് നാലുവർഷബിരുദ പരിപാടി. ഇതുവഴി അന്താരാഷ്ട്ര നിലവാരത്തിലുള്ള ബിരുദവിദ്യാഭ്യാസം നമ്മുടെ സംസ്ഥാനത്തും ലഭ്യമാവുകയാണ്. കലാലയങ്ങളിൽ രൂപീകരിക്കപ്പെടുന്ന അറിവിനെ സമൂഹത്തിന് ഉപയോഗപ്പെടുത്തുക, കേരളത്തെ സാമ്പത്തികശക്തിയായി വളർത്തുക, അതിൽ എല്ലാ വിഭാഗങ്ങളുടെയും പ്രാതിനിധ്യം ഉറപ്പാക്കുക എന്നീ ലക്ഷ്യങ്ങളിലേക്ക് ഉന്നത വിദ്യാഭ്യാസ മേഖല ബിരുദതലം തൊട്ടുതന്നെ മാറുകയാണ്. ലോക നിലവാരമുള്ള വിദ്യാഭ്യാസം നമ്മുടെ വിദ്യാർത്ഥിലോകത്തിന് ഉറപ്പാക്കിക്കൊണ്ടുള്ള പുതിയ സംവിധാനം, പൊതുവിദ്യാർത്ഥി സമൂഹത്തിനൊപ്പംതന്നെ, വിവിധ മേഖലകളിലെ പാർശ്വവത്കൃത വിദ്യാർത്ഥിവിഭാഗങ്ങൾക്കാകെയും ഉണർവ്വ് പകർന്നിട്ടുണ്ട്.

### സമഗ്ര പരിഷ്ക്കരണത്തിലൂടെ ജ്ഞാന സമ്പദ്-വ്യവസ്ഥയിലേക്ക്

കേരളത്തെ ഒരു ജനപക്ഷ വൈജ്ഞാനികസമൂഹമായി പരിവർത്തനം ചെയ്യലാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ തുടക്കംമുതൽ സർവ്വപ്രധാനലക്ഷ്യമായി ഏറ്റെടുത്തത്. വൈജ്ഞാനികസമൂഹം സൃഷ്ടിക്കണമെങ്കിൽ ജ്ഞാനോല്പാദനത്തിനാവശ്യമായ കഴിവുകൾ സമൂഹത്തിന്റെ ഭാഗമാക്കി മാറ്റണം. ഏറ്റവും ആധുനികമായ അറിവും ലഭ്യമായ അറിവുപയോഗിച്ച് പുതിയ അറിവ് കണ്ടെത്താനുള്ള പരിശീലനവും ലഭിച്ച സമൂഹത്തിനു മാത്രമേ വിജ്ഞാനസമൂഹമായി വികസിക്കാനാവൂ. കേരളത്തിലെ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്ക് രാജ്യത്തിനകത്തു നിന്നും പുറത്തുനിന്നുമുള്ള വിദ്യാർത്ഥികളെ ആകർഷിക്കാൻ നമ്മുടെ കരിക്കുലം അന്താരാഷ്ട്ര തലത്തിലുള്ള കരിക്കുലവുമായി സാമ്യമുള്ളതാവണം. നമ്മുടെ കോഴ്സുകൾ അന്താരാഷ്ട്ര തലത്തിൽ അംഗീകാരമുള്ളവയും കോഴ്സ് ക്രെഡിറ്റുകൾ പരസ്പരം കൈമാറാൻ സാദ്ധ്യതയുള്ളതുമാവണം. ലോകത്തെ മികച്ച സർവ്വകലാശാലകളിലെല്ലാം ബിരുദപഠനം നാലുവർ

ഷമാണെന്ന കാര്യവും ഇതിനായി നാം കണക്കിലെടുത്തു.

ഇവയാകെ പശ്ചാത്തലമായെടുത്ത് കേരളത്തിലെ ഉന്നതവിദ്യാഭ്യാസ മേഖലയിൽ വരുത്തേണ്ട മാറ്റങ്ങളെപ്പറ്റി പഠിച്ച നിർദ്ദേശങ്ങൾ സമർപ്പിക്കാൻ സംസ്ഥാന സർക്കാർ മൂന്ന് കമ്മീഷനുകളെ നിയോഗിച്ചു. പ്രൊഫ. ശ്യാം ബി. മേനോൻ അദ്ധ്യക്ഷനായ ഉന്നതവിദ്യാഭ്യാസ പരിഷ്ക്കരണ കമ്മീഷൻ സംസ്ഥാനത്തെ ബിരുദ കരിക്കുലം സമഗ്രമായി പരിഷ്കരിക്കണമെന്നും വിദ്യാർത്ഥികൾക്ക് ഇഷ്ടമുള്ള വിഷയങ്ങളും കോമ്പിനേഷനുമെടുത്ത് പഠിക്കാനും ക്രെഡിറ്റുകൾ കൈമാറ്റം ചെയ്യാനും കഴിയുന്ന, അന്തർ സർവ്വകലാശാലാ മാറ്റം സാധ്യമാകുന്ന, രീതിയിൽ നമ്മുടെ സംസ്ഥാനത്ത് നാലുവർഷ ബിരുദ പ്രോഗ്രാമുകൾ ആരംഭിക്കണമെന്നും നിർദ്ദേശിച്ചു. തൊഴിൽമേഖലയിൽ പ്രവേശിക്കാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾക്ക് അതിനുപകരിക്കുന്ന വിധമുള്ള ശേഷികൾ വികസിപ്പിക്കുന്നതിനും, അക്കാദമിക ഗവേഷണ മേഖലയിൽ തുടരുന്നവർക്ക് അതിനു അനുയോജ്യമായ വിദ്യാഭ്യാസം ഉറപ്പാക്കുന്നതിനുമുള്ള ദ്വിമുഖ സമീപനത്തോടെ ഈ നിർദ്ദേശങ്ങൾ പ്രയോഗപഥത്തിൽ കൊണ്ടുവരുന്നതിന് നാം തുടക്കമിട്ടു.

ജ്ഞാന സമ്പദ്-വ്യവസ്ഥയുടെ നിർമ്മിതി എന്നതിനെ കേവലം ഘടനാപരമാമോ സാങ്കേതികമോ ആയ മാറ്റം ആയല്ല, ഉന്നതവിദ്യാഭ്യാസ മേഖലയുടെ സമൂല പരിഷ്കരണത്തിനായുള്ള സുപ്രധാന ചുവടുവെപ്പായാണ് നാം കണ്ടത്. പൂർണ്ണമായും വിദ്യാർത്ഥികേന്ദ്രിതമായ, അവരുടെ താത്പര്യങ്ങൾക്കും അഭിരുചികൾക്കും പ്രാധാന്യം നൽകി അതിനിണങ്ങുന്ന കരിയർ കണ്ടെത്താനുതകുന്ന, വിദ്യാർത്ഥികളെ മികച്ച സാമൂഹികജീവികളാക്കി വാർത്തെടുക്കുന്നതിനു സഹായകമായ വിധത്തിലാവണം കരിക്കുലം പരിഷ്കരണമെന്ന് നാം നിശ്ചയിച്ചത് അതിനാലാണ്. നിലവിൽ വിദേശരാജ്യങ്ങളിലെല്ലാം ഉപരിപഠനത്തിനും തൊഴിലിനും നാലുവർഷ ബിരുദമാണ് കൂടുതൽ പരിഗണിക്കപ്പെടുന്നത്. ഇതുമൂലം കേരളത്തിൽനിന്ന് ബിരുദമെടുത്ത് വിദേശത്തേക്ക് ഉപരിപഠനത്തിനു പോകുന്നവർ വീണ്ടും യു.ജി പഠിച്ച് ക്രെഡിറ്റ് സമ്പാദിക്കേണ്ട നിലയുണ്ട്. അതൊഴിവാക്കി ലോകോത്തര വിദ്യാഭ്യാസം ഇവിടെത്തന്നെ സാധ്യമാകുന്ന രീതിയിലുള്ള മാറ്റമാണ് നാം ഉദ്ദേശിച്ചത്. അതിനുതകുന്ന വിധത്തിലുള്ള മാറ്റങ്ങളാണ് നാലുവർഷ ബിരുദപഠന സംവിധാനത്തിൽ കൊണ്ടുവന്നിരിക്കുന്നത്.

## ബിരുദപഠനത്തിൽ വന്ന മാറ്റങ്ങൾ

വിദേശരാജ്യങ്ങളിലെതുപോലെ പൂർണ്ണമായും ക്രെഡിറ്റ് അടിസ്ഥാനമാക്കി ഓരോ വിദ്യാർത്ഥിക്കും സ്വന്തം അഭിരുചികളും ലക്ഷ്യങ്ങളും അനുസരിച്ച് അക്കാദമിക് അഡ്വൈസറുടെ സഹായത്തോടെ പ്രൊഫഷണൽ ലക്ഷ്യങ്ങൾക്ക് സഹായകരമാവും വിധം വിവിധ വിഷയങ്ങളുടെ കോമ്പിനേഷൻ തിരഞ്ഞെടുത്ത് സ്വന്തം ബിരുദഘടന രൂപകല്പന ചെയ്യാവുന്ന തരത്തിലാണ് നാലുവർഷ ബിരുദപ്രോഗ്രാമുകളുടെ കരിക്കുലം. ക്രെഡിറ്റിനെ വ്യക്തമായി നിർവ്വചിച്ചുകൊണ്ടാണ് ഈ കരിക്കുലം രൂപകല്പന ചെയ്തത്. നമ്മുടെ വിദ്യാർത്ഥികൾ ആർജ്ജിക്കുന്ന ക്രെഡിറ്റുകൾക്ക് ലോകത്തെ പ്രധാനപ്പെട്ട ക്രെഡിറ്റ് ട്രാൻഫർ സംവിധാനങ്ങളായ യൂറോപ്യൻ ക്രെഡിറ്റ് ട്രാൻസ്ഫർ സിസ്റ്റം (ECTS), അമേരിക്കൻ ക്രെഡിറ്റ് ട്രാൻസ്ഫർ സംവിധാനം തുടങ്ങിയവയുമായി ക്രെഡിറ്റ് കൈമാറ്റം സാധ്യമാകുന്നതാണ് മാറിയ സംവിധാനം. നമ്മുടെ ബിരുദങ്ങളെല്ലാം ഇനി ഇന്റർനാഷണൽ കോമ്പാറ്റബിലിറ്റി ഉള്ളവയായി മാറും.

പുതിയ കരിക്കുലം പ്രകാരം ബിരുദ പ്രോഗ്രാമുകളിൽ പ്രധാനമായും രണ്ടു വിഭാഗത്തിൽപ്പെട്ട കോഴ്സുകളാണുള്ളത് - ഫൗണ്ടേഷൻ കോഴ്സുകളും വിഷയാധിഷ്ഠിത പാത്ത് വേ കോഴ്സുകളും. വിവിധ വിഷയ മേഖലകളിൽ അടിസ്ഥാനപരമായ അറിവുനല്കാൻ ഉള്ള കോഴ്സുകളാണ് ഫൗണ്ടേഷൻ കോഴ്സുകൾ. എല്ലാ വിദ്യാർത്ഥികളും നിശ്ചിത ഫൌണ്ടേഷൻ കോഴ്സുകൾ പൂർത്തിയാക്കും. ലിംഗനീതി, ഭരണഘടന, പൊതുവിജ്ഞാനം, മൂല്യവർദ്ധിത കോഴ്സുകൾ, നൈപുണ്യ വികസന കോഴ്സുകൾ, മൾട്ടിഡിസിപ്ലിനറി കോഴ്സുകൾ എന്നിവ അടങ്ങുന്നതാണ് ഫൗണ്ടേഷൻ കോഴ്സുകൾ. ഫൗണ്ടേഷന് തിരഞ്ഞെടുത്ത വിഷയ മേഖലയിൽ ആഴത്തിലുള്ള അറിവുനേടാൻ ഉദ്ദേശിച്ചിട്ടുള്ള കോഴ്സുകളാണ് പാത്ത് വേ കോഴ്സുകൾ.

ഓരോ പ്രോഗ്രാമിന്റെയും പാത്ത് വേ കോഴ്സുകൾ ലെവൽ 100, ലെവൽ 200, ലെവൽ 300, ലെവൽ 400 എന്നിങ്ങനെ നാലു തലത്തിലുള്ള നാലു കോഴ്സ് ബാസ്കറ്റുകളിലായി സർവ്വകലാശാലകൾ ക്രമീകരിച്ചിട്ടുണ്ട്. ഓരോ തലത്തിലുമുള്ള പാത്ത് വേ കോഴ്സ് ബാസ്കറ്റുകളിൽ ഓരോന്നിലും ഡിസിപ്ലിൻ-സ്പെസിഫിക് കോർ കോഴ്സുകളും ഡിസിപ്ലിൻ-സ്പെസിഫിക് ഇലക്ടീവ് കോഴ്സുകളും ലഭ്യമാക്കിയിരിക്കുന്നു. ഓരോ വിഷയത്തിലും മേജർ/ മൈനർ ഡിഗ്രി നേടാൻ ഓരോ തലത്തിലുമുള്ള പാത്ത് വേ കോഴ്സ് ബാസ്കറ്റുകളിൽ നിന്നും എടുക്കേണ്ട കോർ കോഴ്സുകളുടെയും ഇലക്ടീവ് കോഴ്സുകളുടെയും ആകെ ക്രെഡിറ്റ് സർവ്വകലാശാലകൾ നിർണ്ണയിച്ചിട്ടുണ്ട്. വിദ്യാർഥികൾ സ്വന്തം താല്പര്യപ്രകാരം ഈ കോഴ്സ് ബാസ്കറ്റുകളിൽ നിന്നും ആവശ്യമുള്ള ക്രെഡിറ്റുകൾക്കനുസരിച്ച് ബിരുദപഠനം സ്വയം രൂപകല്പന ചെയ്യുകയെന്ന, വിദ്യാർത്ഥിലോകം ദീർഘകാലമായി സ്വപ്നം കണ്ടിരുന്ന മാറ്റത്തിലേക്ക് കടന്നിരിക്കുകയാണ് നാം ഇതിലൂടെ.

## വിജ്ഞാനോത്സവങ്ങളോടെ നാന്ദി

എല്ലാ തലങ്ങളിലും നടന്ന അതിവിപുലമായ ചർച്ചകളോട്ടും മുന്നൊരുക്കങ്ങളോട്ടും കൂടിയാണ് കേരളം നാലുവർഷ ബിരുദ പ്രോഗ്രാമിലേക്ക് കടന്നത്. കരിക്കുലം കമ്മിറ്റി തയ്യാറാക്കിയ കരട് ചട്ടക്കൂട് അധ്യാപകരുടെയും

സർവ്വകലാശാലകളുടെയും വിദ്യാർഥികളുടെയും ദ്വിദിന ശില്പശാല ചേർന്ന് (2023 ഏപ്രിൽ) ചർച്ച ചെയ്തു. ശില്പശാലയിൽ ഉയർന്നുവന്ന അഭിപ്രായങ്ങൾ കൂടി ഉൾപ്പെടുത്തി കരിക്കുലം കമ്മിറ്റി മാതൃകാ കരിക്കുലം തയ്യാറാക്കി സമർപ്പിക്കുകയും അത് സംസ്ഥാനത്തെ എല്ലാ സർവ്വകലാശാലകൾക്കും ലഭ്യമാക്കുകയും ചെയ്തു. തുടർന്ന് മെയ് മാസത്തിൽ സർവ്വകലാശാലകളുടെ യോഗം വിളിച്ചു മാതൃകാ കരിക്കുലം അടിസ്ഥാനമാക്കി സർവ്വകലാശാലകളിൽ നടന്നു വരുന്ന കരിക്കുലം പരിഷ്കരണ നടപടികൾ വേഗത്തിലാക്കാൻ നിർദ്ദേശിച്ചു.

തുടർന്ന്, എല്ലാ സർവ്വകലാശാലകളിലും ഉന്നതവിദ്യാഭ്യാസ മന്ത്രി പങ്കെടുത്ത യോഗങ്ങളിൽ (2023 ജൂൺ) പുതിയ കരിക്കുലം സർവ്വകലാശാല അക്കാദമിക് സമൂഹത്തിനു മുന്നിൽ പരിചയപ്പെടുത്തി. പുതിയ കരിക്കുലം നടപ്പിലാക്കുന്നതിന് ആവശ്യമായ മാതൃകാ റെഗുലേഷൻ സംസ്ഥാന ഉന്നതവിദ്യാഭ്യാസ കൗൺസിൽ തയ്യാറാക്കി 2023 ഓഗസ്റ്റിൽ സർവ്വകലാശാലകൾക്കു കൈമാറി. കരിക്കുലം, റെഗുലേഷൻ, സിലബസ് പരിഷ്കരണം, മൂല്യനിർണ്ണയ പരിഷ്കരണം എന്നിവയെക്കുറിച്ചുള്ള പരിശീലനവും എല്ലാ സർവ്വകലാശാലകളിലും ഉന്നതവിദ്യാഭ്യാസ കൗൺസിൽ നൽകി. 2023 ഡിസംബർ മാസത്തോടെതന്നെ എല്ലാ ജില്ലകളിലെയും കോളേജുകളിൽ നിന്നുള്ള പ്രതിനിധികൾക്ക് ജില്ലാടിസ്ഥാനത്തിൽ നാലുവർഷ ബിരുദത്തെക്കുറിച്ചുള്ള പരിശീലനവും കൗൺസിൽ പൂർത്തിയാക്കി. ബോർഡ് ഓഫ് സ്റ്റഡീസ് അംഗങ്ങൾക്കും കോളേജുകൾക്കും വേണ്ടി സർവ്വകലാശാലകളും സമാനമായ പരിശീലന പരിപാടികൾ നടത്തി. ബോർഡ് ഓഫ് സ്റ്റഡീസ് അംഗങ്ങൾക്കും കോളേജുകൾക്കും വേണ്ട കൈപ്പുസ്തകം ഉന്നതവിദ്യാഭ്യാസ കൗൺസിൽ തയ്യാറാക്കി നല്കി. സർവ്വകലാശാലകൾ കരിക്കുലവും റെഗുലേഷനും തയ്യാറാക്കി നാലുവർഷ ബിരുദം നടപ്പിലാക്കാൻ സജ്ജമാവുകയും ചെയ്തു.

പുതിയ അധ്യയനവർഷം ആരംഭിക്കുംമുമ്പ് 2024 മെയ്, ജൂൺ മാസങ്ങളിലായി എല്ലാ സർവ്വകലാശാലകളിലും ഉന്നതവിദ്യാഭ്യാസ മന്ത്രി പങ്കെടുത്ത യോഗങ്ങൾ ചേർന്ന് നാലുവർഷ ബിരുദപരിപാടിയിലേക്ക് കടക്കാൻ സ്ഥാപനതലത്തിൽ വേണ്ട ഒരുക്കങ്ങൾ ഉറപ്പാക്കി. ജോലിഭാരം, തസ്തിക എന്നിവയുമായി ബന്ധപ്പെട്ട് അദ്ധ്യാപകർക്കുള്ള ആശങ്കകൾ പരിഹരിക്കാനുള്ള ഉത്തരവുകളും തയ്യാറാക്കി. മൂന്നുവർഷം പ്രോഗ്രാം നടത്താനും പിജി അടക്കം ഉള്ള കോളേജുകളിൽ അഞ്ചുവർഷ പ്രോഗ്രാമുകൾ നടത്താനും ആവശ്യമായ അടിസ്ഥാനസൗകര്യങ്ങൾ നിലവിൽ നമ്മുടെ സ്ഥാപനങ്ങൾക്കുണ്ടെന്ന് ഉറപ്പാക്കിയത് ഈ വർഷം തന്നെ പുതിയ സംവിധാനത്തിലേക്ക് മാറാൻ നമുക്ക് ആത്മവിശ്വാസമേകി. കോളേജുകളിൽ നിലവിലുള്ള ഗവേഷണ കേന്ദ്രങ്ങളും ഗവേഷകരായ മികച്ച അദ്ധ്യാപകരും തീരുമാനത്തിന് അടിത്തറയായി നിന്നു. കുറവുകൾ ഉണ്ടെങ്കിൽ കണ്ടെത്തി വരുന്ന മൂന്നുവർഷത്തിനകം പരിഹരിക്കാനാകുന്ന സജ്ജീകരണവും ഇതോടു കൂടി ഉറപ്പാക്കി.

ഇങ്ങനെ പുതിയ പാഠ്യപദ്ധതിയിലേക്ക് പ്രവേശിക്കുന്ന എല്ലാ വിദ്യാർത്ഥികൾക്കും നേതൃത്വം വഹിക്കേണ്ട അധ്യാപകസമൂഹത്തിനും ആത്മവിശ്വാസത്തോടെ മുന്നേറാൻ എല്ലാ അന്തരീക്ഷവും ഒരുക്കി എല്ലാ കലാലയങ്ങളിലും വർണ്ണാഭമായ വിജ്ഞാനോത്സവങ്ങളോടെയാണ് നാം നാലുവർഷ ബിരുദ പരിപാടിയിലേക്ക് പ്രവേശിച്ചത്.

## കേരളത്തിന്റേത് വേറിട്ട പദ്ധതി

ജനപക്ഷ വൈജ്ഞാനികസമൂഹ നിർമ്മിതിക്കായുള്ള നിരവധി തലങ്ങളിലുള്ള പ്രവർത്തനങ്ങളുമായി കൂട്ടിയിണക്കിയാണ് കേരളത്തിൽ ഉന്നതവിദ്യാഭ്യാസ പരിഷ്കരണങ്ങൾ മുന്നേറുന്നത്. സാമൂഹ്യനീതിയിലും മതനിരപേക്ഷതയിലും ജനാധിപത്യത്തിലും അധിഷ്ഠിതമായ, എല്ലാ വിഭാഗങ്ങൾക്കും പ്രാപ്യതയും തുല്യതയും ഉറപ്പാക്കുന്ന, മികവിലും ഗുണനിലവാരത്തിലും നമ്മെ മുൻപന്തിയിലെത്തിക്കാൻ ഉതകുന്ന ഉന്നതവിദ്യാഭ്യാസത്തിലേക്ക് ബിരുദതലം തൊട്ട് നമ്മുടെ വിദ്യാർത്ഥികൾ പ്രവേശിക്കണമെന്ന ലക്ഷ്യത്തോടെയാണ് നാലുവർഷ ബിരുദപരിപാടിയ്ക്ക് തുടക്കമിട്ടിരിക്കുന്നത്.

ഗുണനിലവാരവും മികവും സാക്ഷാത്കരിക്കുമ്പോലെ തന്നെ പ്രധാനമാണ് നമ്മുടേതു പോലൊരു മൂന്നാംലോകരാജ്യത്ത് ഉന്നതവിദ്യാഭ്യാസരംഗത്ത് പ്രാപ്യതയും തുല്യതയും കൂടി ഉണ്ടാകുകയെന്നതും. ഉന്നതവിദ്യാഭ്യാസ മികവ് ഉറപ്പാക്കുമ്പോൾ എല്ലാവർക്കും പ്രാപ്യതയും തുല്യതയും ഉറപ്പാക്കുകകൂടി ചെയ്യുകയാണ് കേരളം. എൻ.ഇ.പി മുന്നോട്ടുവെയ്ക്കുന്ന ഉന്നതവിദ്യാഭ്യാസ കാര്യപരിപാടിയിൽ നിന്ന് അടിസ്ഥാനപരമായി കേരളത്തിന്റെ പരിപാടി വേറിട്ടുനിൽക്കുന്ന മേഖലകളിൽ പ്രധാനപ്പെട്ടതാണിത്.

സാംസ്കാരിക വൈവിധ്യത്തിലും വൈജാത്യങ്ങളിലും ഭരണഘടനാമൂല്യങ്ങളിലും ഊന്നിക്കൊണ്ട്, പുതുതലമുറയിൽ ഡിജിറ്റൽ സാക്ഷരത, സംരംഭകത്വം, സുസ്ഥിരത, ജനാധിപത്യം, പൗരബോധം, ജെൻഡർ അവബോധം, സമഭാവന, മതനിരപേക്ഷത, ശാസ്ത്രബോധം എന്നിവ ഉറപ്പിച്ചെടുക്കുന്ന പാഠ്യപദ്ധതി പരിഷ്കരണമാണ് നാലുവർഷബിരുദ പരിപാടിയുടെ ആദ്യഘട്ടം തൊട്ടുതന്നെ നാം നടപ്പാക്കിത്തുടങ്ങിയിരിക്കുന്നത്. എൻ ഇ പിയിലെ നയസമീപനത്തിൽനിന്നും വ്യത്യസ്തമാണിതും.

ഉയർന്ന തസ്തികകളിൽ ആവശ്യമുള്ള ഒരു ചെറിയ ശതമാനത്തിനു മാത്രം സമഗ്രവിദ്യാഭ്യാസം നൽകുകയും, ബാക്കി മഹാഭൂരിപക്ഷത്തിനും തൊഴിൽ കാര്യക്ഷമത ഉറപ്പാക്കാൻ ആവശ്യത്തിനുള്ള സ്കിൽ പരിശീലനം മാത്രം നൽകി കമ്പോളത്തിനാവശ്യമായ തൊഴിൽസേനയുടെ ഭാഗമാക്കി



അവരെ മാറ്റുകയും ചെയ്യുന്ന എൻ
ഇ പിയിലെ പൊതുസമീപനം
നാം സ്വീകരിച്ചിട്ടില്ല. അതിനാൽ
സമഗ്രമായ വിദ്യാഭ്യാസം പൂർത്തി
യാകുന്നതിനുമുമ്പ് ഏതെങ്കിലും
തരത്തിലുള്ള തൊഴിൽപരി
ശീലനവും തൊഴിൽപരിചയ
സർട്ടിഫിക്കറ്റും മാത്രം നേടി
ഉന്നതവിദ്യാഭ്യാസ മേഖലയിൽ
നിന്ന് ബഹുഭൂരിപക്ഷം പേരും
കൊഴിഞ്ഞുപോകുന്നത് നിരുത്സാ
ഹപ്പെടുത്തിക്കൊണ്ടാണ് സംസ്ഥാ
നത്തെ മുഴുവൻ കോളേജുകളിലും
നാലുവർഷബിരുദ സംവിധാനം
ആരംഭിച്ചിരിക്കുന്നത്.

ബിരുദ പ്രോഗ്രാമുകളിലെ ആദ്യ
വർഷങ്ങളിൽ  സർട്ടിഫിക്കറ്റു
കൾ നൽകി വിദ്യാർത്ഥികളെ
പുറത്തുപോവാൻ അനുവദിച്ചാൽ
ബിരുദപഠനത്തിന്റെ ഭാഗമായി
വിഭാവനം ചെയ്തിട്ടുള്ള അറിവും
ശേഷികളും ആർജ്ജിക്കാൻ വി
ദ്യാർത്ഥികൾക്കു കഴിയാതെ വരും.
അതവരുടെ മുന്നോട്ടുള്ള യാത്രക്ക്
സഹായകരമാവില്ല. അതിനാലാ
ണ് സംസ്ഥാനത്തു ആദ്യ രണ്ടു
വർഷം സർട്ടിഫിക്കറ്റുകൾ നൽകി
വിദ്യാർത്ഥികൾക്ക് പുറത്തുപോ
കാൻ അവസരം നൽകേണ്ട
എന്നു തീരുമാനിച്ചിരിക്കുന്നത്.
ആദ്യവർഷങ്ങളിൽ എക്സിറ്റ് അനു
വദിച്ചാൽ സാമൂഹ്യമായും സാമ്പ
ത്തികമായും പിന്നിൽനിൽക്കുന്ന
വിദ്യാർത്ഥികളാകും ഏറ്റവുമധികം
കൊഴിഞ്ഞുപോവുക. അതേസമ
യം, മൂന്നുവർഷം കഴിയുമ്പോൾ
ബിരുദം നേടി എക്സിറ്റ്  ചെയ്യാനും
താല്പര്യമുള്ളവർക്ക് നാലാംവർഷം
തുടർന്ന് ക്യാപ്സ്റ്റോൺ പ്രൊജക്റ്റ്
ഉള്ള  ഓണേഴ്സ് ബിരുദം നേടാനും
ഗവേഷണതാല്പര്യം ഉള്ളവർക്ക്
ഓണേഴ്സ് വിത്ത് റിസർച്ച് ബിരുദം
നേടാനും കഴിയുന്ന തരത്തിലുള്ള
താണ് പുതിയ ബിരുദ പ്രോഗ്രാമി
ന്റെ ഘടന.

## ഫ്ലെക്സിബിൾ സമയക്രമം; പ്രായോഗികപരിശീലനത്തിൽ ഊന്നൽ

നിലവിൽ നമ്മുടെ ക്ലാസ് മുറികളും
ലാബുകളും ദിവസം പരമാവധി
അഞ്ചാറു മണിക്കൂർ മാത്രമാണ്
ഉപയോഗപ്പെടുത്തി വന്നിരുന്നത്.
അത് ഫ്ലെക്സിബിൾ സമയക്രമ
ത്തിലേക്ക് മാറി. ക്ലാസ് മുറികളും
ലാബുകളും ചുരുങ്ങിയത് എട്ടു മണി
ക്കൂറെങ്കിലും ദിവസവും നമുക്ക് ഉപ
യോഗപ്പെടുത്താൻ സാധിക്കുമെന്ന
താണീ മാറ്റത്തിന്റെ ഫലം.

നാലാം വർഷം വിദ്യാർഥികൾ പ്ര
ധാനമായും പ്രോജക്റ്റ്/ഇന്റേൺഷി
പ്പ്, തൊഴിൽ പരിശീലനത്തിനുള്ള
കോഴ്സുകൾ, ഓൺലൈൻ കോഴ്സു
കൾ, ഫീൽഡ് ട്രെയിനിങ് തുടങ്ങി
ക്ലാസ് മുറികൾക്കു പുറത്തെ ആക്റ്റി
വിറ്റികൾക്കു പ്രാമുഖ്യമുള്ള കോഴ്സുക
ളാണ് പുതിയ സംവിധാനത്തിൽ
പൂർത്തീകരിക്കുന്നത്. എട്ടാമത്തെ
സെമസ്റ്റർ പൂർണ്ണമായും പ്രായോ
ഗികപരിശീലനം നേടുന്നതിന്
വിനിയോഗിക്കാൻ സാധിക്കുന്ന
വിധത്തിലാണിത് സംവിധാനം
ചെയ്തിരിക്കുന്നത്. രാജ്യത്തിനക
ത്തും പുറത്തുമുള്ള ഏതൊരു സ്ഥാ
പനത്തിലും ഇത്തരത്തിൽ പ്രോ
ജക്റ്റ്/ ഇൻറ്റേൺഷിപ്പ് ചെയ്യാൻ
വിദ്യാർത്ഥികൾക്ക് സാധിക്കും.

വിദ്യാർത്ഥികൾക്ക് പഠനത്തിനി

ടക്ക് ബ്രേക്ക് എടുക്കാനും പുതിയ നാലുവർഷ കരിക്കുലം ഘടന അവസരം നൽകുന്നുണ്ട്. അങ്ങനെയുള്ളവർക്ക് മൂന്ന വർഷത്തിനു ശേഷം തിരിച്ചുവന്നു ബിരുദപഠനം പൂർത്തിയാക്കാൻ പറ്റും. ബ്രേക്ക് എടുത്ത സമയത്ത് ആർജ്ജിച്ച പ്രായോഗികപരിചയം കൂടി ക്രെഡിറ്റ് ആക്കി മാറ്റി ബിരുദപഠനം പൂർത്തിയാക്കാൻ അവർക്ക് അവസരം ലഭിക്കുകയാണ് ഇതിൽ. ബ്രേക്ക് എടുക്കുന്ന സമയം വരെ അവർ ആർജ്ജിച്ച ക്രെഡിറ്റ് അവരുടെ അക്കാഡമിക് ബാങ്ക് ഓഫ് ക്രെഡിറ്റ് അക്കൗണ്ടിൽ നിക്ഷേപിക്കപ്പെടും, അതിനുള്ള ക്രെഡിറ്റ് സർട്ടിഫിക്കറ്റ് നൽകുകയും ചെയ്യും. ഈ ക്രെഡിറ്റ് സർട്ടിഫിക്കറ്റിൽ ഉള്ള ക്രെഡിറ്റിന് ഏഴു വർഷം വരെ പ്രാബല്യം ഉണ്ടാവും. ഇക്കാലയളവിനുള്ളിൽ എപ്പോൾ വേണമെങ്കിലും ഈ ക്രെഡിറ്റ് അവർക്കു ബിരുദപഠനം പൂർത്തിയാക്കാനോ മറ്റു പ്രോഗ്രാമുകളിലേക്കോ സർവ്വകലാശാലകളിലേക്കോ കൈമാറ്റം ചെയ്ത് അവിടെനിന്ന് പഠനം പൂർത്തീകരിക്കാനോ ഉപയോഗിക്കാനാവും.

ഈ മാറ്റങ്ങൾക്ക് തുടർച്ചയായി ബിരുദാനന്തര ബിരുദ കരിക്കുലവും പരിഷ്കരിക്കുകയാണ്. ഗവേഷണപ്രവർത്തനങ്ങൾക്ക് കൂടുതൽ ഊന്നൽ നൽകിക്കൊണ്ടുള്ള പി ജി പഠനം എന്ന കാഴ്ചപ്പാടോടെയാണീ മാറ്റം.

### കേരളത്തെ മാതൃകയാക്കാൻ യുജിസി

രാജ്യത്താദ്യമായി നാലുവർഷ ബിരുദ പരിപാടിയിലേക്ക് പ്രവേശിച്ച കേരളത്തെ യു ജിസി അടക്കം മാതൃകയാക്കുന്ന നിലകൂടി വന്നുചേർന്നത് കേരളത്തിന് അംഗീകാരമായാണ്. കേരളത്തിൽ നടപ്പാക്കുന്ന നാലുവർഷ ബിരുദ പ്രോഗ്രാമിന്റെ പ്രത്യേകതകളിൽ ഒന്നായ ഫാസ്റ്റ് ട്രാക്ക് ആശയമാണ് യുജിസിയും അവലംബിക്കാൻ തീരുമാനിച്ചിരിക്കുന്നത്.

ആവശ്യമായ ക്രെഡിറ്റുകൾ ആർജ്ജിക്കുന്ന മുറയ്ക്ക് ഏതു വിദ്യാർത്ഥിയ്ക്കും രണ്ടരവർഷംകൊണ്ടുതന്നെ ബിരുദം നേടാനാവുന്ന ഈ 'എൻ-വൺ' സംവിധാനം കേരളം പ്രഖ്യാപിച്ചത് മിടുക്കരായ വിദ്യാർത്ഥികൾക്ക് ഏറ്റവും ആകർഷകമായിരുന്നു. ആരംഭിച്ച നാലുവർഷ ബിരുദ പ്രോഗ്രാമിൽ മൂന്നാം വർഷത്തോടെ (ആറാം സെമസ്റ്റർ) 133 ക്രെഡിറ്റ് സ്വന്തമായാൽ ബിരുദം ലഭിക്കും. ഇത് രണ്ടര വർഷത്തിൽ നേടാനായാൽ ബിരുദ സർട്ടിഫിക്കറ്റ് ലഭ്യമാകും. തുടർന്നിവർക്ക് ബിരുദാനന്തര ബിരുദത്തിനു ചേരാനുമാവും. ഇതാണ് യുജിസി മാതൃകയാക്കാൻ നിശ്ചയിച്ചിരിക്കുന്നത്.

സമാനമായിത്തന്നെ, നാലുവർഷ ഓണേഴ്സ് ബിരുദത്തിന് 177 ക്രെഡിറ്റാണ് നേടേണ്ടത്. ഇങ്ങനെ നാലുവർഷ ബിരുദം പൂർത്തിയാക്കുന്നവർക്ക് ലാറ്ററൽ എൻട്രിയിലൂടെ ഒരു വർഷത്തിൽ പി ജി പൂർത്തിയാക്കാനും ഇനി കഴിയും. നാലുവർഷ ഓണേഴ്സ് വിത്ത് റിസർച്ച് ബിരുദം നേടിയാൽ പി ജി ഇല്ലാതെ പിഎച്ച്ഡിയ്ക്ക് ചേരാനും നെറ്റ് എഴുതാനുമാവും. എട്ടാം സെമസ്റ്ററിൽ ഇന്റേൺഷിപ്പിനു പകരം റിസർച്ച് ഗൈഡിന്റെ മേൽനോട്ടത്തിൽ ഗവേഷണപ്രബന്ധം പൂർത്തിയാക്കിയാലാണ് റിസർച്ച് ബിരുദം ലഭിക്കുക. ഈ തീരുമാനങ്ങളും യുജിസി നടപ്പാക്കാൻ ഒരുങ്ങുകയാണെന്നാണ് മനസ്സിലാവുന്നത്.

### ഗവേഷണമികവിൽ അന്താരാഷ്ട്ര നിലവാരത്തിലേക്ക്

ഗവേഷണപ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കാൻ നിരവധി പദ്ധതികൾ ഇക്കാലയളവിൽ വിവിധ കലാലയങ്ങളിൽ നടപ്പാക്കിവരുന്നുണ്ട്. സർവ്വകലാശാലകളിൽ മികവിന്റെ കേന്ദ്രങ്ങൾ സ്ഥാപിച്ചുവരുന്നു. യോഗ്യരായ അദ്ധ്യാപകരും സൗകര്യങ്ങളും ഉറപ്പാക്കുന്ന സ്വാശ്രയ കോളേജുകളിലടക്കം ഗവേഷണകേന്ദ്രങ്ങൾ അനുവദിച്ച വരുന്നു. നവകേരള പോസ്റ്റ് ഡോക്ടറൽ ഫെല്ലോഷിപ്പ്, കൈരളി ഗവേഷണ പുരസ്കാരം, ട്രാൻസ്ലേഷനൽ റിസർച്ച് ലാബുകൾ, സ്റ്റേറ്റ്-ഓഫ്-ദ-ആർട്ട് സൗകര്യമുള്ള ലബോറട്ടറികൾ എന്നിവ സ്ഥാപിച്ചുവരുന്നതും ഗവേഷണ മികവാർന്ന കേരളം എന്ന ലക്ഷ്യത്തിലേക്കായാണ്.

നിലവിൽ ഉന്നതവിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള സർവ്വകലാശാലകളിലെല്ലാം നാലുവർഷബിരുദ പ്രോഗ്രാം നടപ്പിലാക്കിക്കഴിഞ്ഞ സ്ഥിതിയ്ക്ക് വിവിധ വകുപ്പുകൾക്ക് കീഴിൽ പ്രവർത്തിക്കുന്ന ഗവേഷണ സ്ഥാപനങ്ങൾക്കെല്ലാം അവരവരുടെ താത്പര്യമനുസരിച്ച്, സർവ്വകലാശാലകളുമായി സഹകരിച്ച് ഗവേഷണോന്മുഖമായ ബിരുദകോഴ്സുകൾ തുടങ്ങാനാവുമെന്ന സാധ്യത കൂടി ഇപ്പോൾ തുറക്കപ്പെട്ടിരിക്കുകയാണ്. ബന്ധപ്പെട്ട സ്ഥാപനങ്ങൾ മുന്നോട്ടുവരുന്ന മുറയ്ക്ക് ഉന്നതവിദ്യാഭ്യാസ വകുപ്പ് അതിനുള്ള പിന്തുണ ഉറപ്പുവരുത്തും.

അറിവ് ഉല്പാദിപ്പിക്കുന്നതിനും പ്രായോഗികമായ അറിവുകൾ ആർജ്ജിക്കുന്നതിനും സംരംഭകത്വ താല്പര്യങ്ങൾ ഉളവാക്കുന്നതിനും അതുവഴി തൊഴിൽ അന്വേഷകർ എന്നതിൽനിന്ന് തൊഴിൽദാതാക്കൾ എന്ന നിലയിലേക്ക് ഉയരുന്നതിനും നമ്മുടെ വിദ്യാർത്ഥികളെ സഹായിക്കുന്ന വിധത്തിലാണീ സംവിധാന മാറ്റങ്ങളെല്ലാം. കേവലം നാലുവർഷ ബിരുദ പ്രോഗ്രാം നടപ്പിലാക്കുകയല്ല, ബിരുദവും ബിരുദാനന്തര ബിരുദവും ഗവേഷണവും തുടർവിദ്യാഭ്യാസവുമുൾക്കൊള്ളുന്ന സമഗ്ര പരിഷ്കരണത്തിനാണ് കേരളീയ കലാലയങ്ങളിൽ ബിരുദതലം തൊട്ട് തുടക്കം കുറിച്ചിരിക്കുന്നതെന്നർത്ഥം. ഒന്നാം സെമസ്റ്റർ ഫലം അതിവേഗം പ്രഖ്യാപിക്കാനായത് ആ പരിഷ്കരണ പരിപാടികളുടെ വിജയം ഉദ്ഘോഷിക്കുന്ന ഉജ്ജ്വലമായ നേട്ടമായും കാണാം.

വിഭാവനം ചെയ്ത മാതൃകയിൽത്തന്നെ നാലുവർഷ ബിരുദ പരിപാടി നടപ്പിലാക്കുന്നതിനും തുടർന്നുള്ള ഉന്നതപഠന സംവിധാനങ്ങൾ ഇതിനനുസൃതമായി പുതുക്കിപ്പണിയാനും ഉന്നതവിദ്യാഭ്യാസ വകുപ്പ് കർമ്മനിരതമായി പ്രവർത്തനം തുടരുകയാണ്.

**പ്രൊഫ. (ഡോ.) ഗോപാലകൃഷ്ണൻ എം.ബി**
മാർത്തോമ്മാ കോളജ്, ചുങ്കത്തറ

# ഒരു NAAC അപാരത

2024 ഡിസംബറിൽ ആദ്യത്തെ നാക് പിയർ ടീം സന്ദർശനത്തിനായി മഹാരാഷ്ട്രയിലേക്ക് പോകാൻ കോഴിക്കോട് വിമാനത്താവളത്തിൽ ഇരിക്കുമ്പോൾ ചില ഓർമ്മകൾ എന്നിൽ പ്രകാശിച്ചു.

ഡോ. സി. പത്മനാഭൻ സംഘടനയുടെ അക്കാദമിക് കമ്മിറ്റിയുടെ ചുമതലയിൽ ഉണ്ടായിരുന്ന കാലം. (അന്നത്തെ അക്കാദമിക കമ്മിറ്റിയിൽ ഞാനും അംഗമായിരുന്നു.) നാക്-നെ സംബന്ധിച്ച സംഘടനയുടെ നിലപാടുകളും, ആശങ്കകളും ഉൾപ്പെടുത്തിക്കൊണ്ട് ഒരു ലഘുലേഖ അക്കാലത്ത് പുറത്തിറക്കുകയുണ്ടായി. അന്നത്തെ രാഷ്ട്രീയ, സാമൂഹിക അന്തരീക്ഷത്തിൽ മികച്ച ഒരു പഠനം ആയിരുന്നു അത്. അക്കാലത്ത് ആ ലഘുലേഖ ഞാൻ പലതവണ വായിച്ചിരുന്നു.

അതിനടുത്തവർഷം നാക്, ഐ.ക്യു.എ.സി എന്നിവയുമായി ബന്ധപ്പെട്ട ഒരു വിവരശേഖരണത്തിന് സംഘടന തീരുമാനിക്കുകയുണ്ടായി. വിശദമായ ഒരു ചോദ്യാവലി തയ്യാറാക്കി അധ്യാപകർ, അനധ്യാപക ജീവനക്കാർ, വിദ്യാർത്ഥികൾ, പ്രിൻസിപ്പൽമാർ തുടങ്ങിയവരിൽ നിന്നും വിവരം ശേഖരിച്ച് വിശകലനം ചെയ്യാൻ ആയിരുന്നു ഉദ്ദേശിച്ചിരുന്നത്. അന്ന് പ്രവർത്തകസമിതി അംഗമായിരുന്ന എനിക്ക് ചോദ്യാവലി തയ്യാറാക്കുന്നതിന്റെ ഉത്തരവാദിത്തവും നൽകി. ചോദ്യാവലി ഏറെക്കുറെ തയ്യാറാക്കിയെങ്കിലും തുടർ പ്രവർത്തനങ്ങൾ നടന്നില്ല. ഏതാണ്ട് ഒരു വ്യാഴവട്ടക്കാലം മുമ്പ് നടന്ന കാര്യങ്ങൾ ഓർത്തുകൊണ്ട് ഞാൻ നാക് സന്ദർശനത്തിനായി തിരിച്ചു.

ഒരു ഉന്നത വിദ്യാഭ്യാസ സ്ഥാപനത്തിന്റെ എല്ലാ വിവരങ്ങളും അനാവരണം ചെയ്യപ്പെടുന്നത് നാക് പിയർ ടീമിന്റെ മുമ്പിലാണ്. നാക് വിസിറ്റ്, പിയർ ടീം അംഗങ്ങൾക്ക് മുമ്പിൽ തുറന്നിടുന്നത് ഒരു സ്ഥാപനത്തിന്റെ അനന്ത വൈചിത്ര്യങ്ങളാണ്. സ്ഥാപന മാനേജ്മെന്റിനോടുള്ള അധ്യാപകരുടെ അതിരുകടന്ന ബഹുമാനം, പ്രിൻസിപ്പൽമാരുടെ താൻ പ്രമാണിത്തം, ഐ.ക്യു.എ.സി കോ- ഓർഡിനേറ്ററുടെ പെടാപ്പാടും ദൈന്യതയും, എൻ.സി. സി. കേഡറ്റുകളുടെ ആത്മസമർപ്പണത്തിന്റെയും കഷ്ടപ്പാടിന്റെയും കാഴ്ചകൾ, കണ്ണിൽ പെടാതിരിക്കാൻ ആയി ഉൾവലിയുന്ന ശുചീകരണ സ്റ്റാഫ്, തങ്ങളുടെ അക്കാദമിക് മികവ് ശ്രദ്ധയിൽപ്പെടുത്താൻ ആയി അശ്രാന്ത പരിശ്രമം നടത്തുന്ന ചില പ്രഗത്ഭ അധ്യാപകർ, "ഞാൻ മാത്രം നന്നായാൽ പോരല്ലോ, സ്ഥാപനം നന്നാകാൻ" എന്നുള്ള രഹസ്യ ആത്മഗതങ്ങൾ, ആകർഷകവും വൈവിധ്യപൂർണ്ണവുമായ കലാപരിപാടികൾ, കുറവുകളുടെ പാപഭാരം മറ്റുള്ളവർക്ക് സൗജന്യമായി വീതം വെക്കാൻ വെമ്പുന്നവർ, ഈ മാമാങ്കം പെട്ടെ

ന്ന് അവസാനിച്ചെങ്കിൽ എന്ന് വ്യഗ്രതപ്പെടുന്നവർ, പിയർ ടീമിനു മുമ്പിൽ നല്ലതുമാത്രം കാണിക്കുവാൻ ആയി മുമ്പേ പറക്കുന്ന പക്ഷികൾ, ഭക്ഷണത്തിലൂടെ ഹൃദയത്തിലേക്ക് പ്രവേശിക്കാം എന്ന് കരുതുന്ന നിഷ്കളങ്കമായ ആതിഥേയ മനസ്സ്, ആൾക്കൂട്ടത്തിനിടയിൽ ശ്രദ്ധയാകർഷിക്കുന്ന കൗതുകമുള്ള മുഖങ്ങൾ- വ്യത്യസ്തമായ അനുഭവങ്ങളാണ് ഓരോ നാക് സന്ദർശനവും നൽകുന്നത്.

രണ്ടാമത്തെ നാക് സന്ദർശനം 2024 ഡിസംബറിൽ ആന്ധ്രാപ്രദേശിലേക്ക് ആയിരുന്നു .
കുറച്ചുനാൾ ഭരണത്തിലിരുന്ന ഒരു മന്ത്രിക്ക് എത്ര വിദ്യാഭ്യാസ സ്ഥാപനങ്ങൾ വരെ ആകാം എന്ന് കേരളീയ പരിതസ്ഥിതിയിൽ ചിന്തിച്ചാൽ ഞെട്ടിപ്പോകുന്ന തരത്തിലുള്ള ചില അറിവുകളും അവിടെ നിന്ന് ലഭിച്ചു. സന്ദർശിച്ച ചില സ്ഥാപനങ്ങളിലെ മാനേജ്മെന്റിന്റെ അധ്യാപകരോടുള്ള സമീപനം കാണുമ്പോൾ, കേരളത്തിൽ നമ്മൾ കുറ്റപ്പെടുത്തുന്ന പല മാനേജ്മെന്റുകളും എത്ര നിലവാരം പുലർത്തുന്നു എന്ന് തോന്നിപ്പോകും.




നാക് വിലയിരുത്തലിന്റെ ഏഴാമത് മാനദണ്ഡം സ്ഥാപനത്തിന്റെ ബെസ്റ്റ് പ്രാക്ടീസ് ആണ്. ഇത് ഫലപ്രദമായി നടപ്പിലാക്കിയ ഒരു കോളേജ് സന്ദർശിച്ചത് സന്തോഷകരമായ അനുഭവമായിരുന്നു. കോളേജിന്റെ അഞ്ചേക്കർ സ്ഥലത്ത് ചിക്കു കൃഷി ചെയ്ത് സംസ്ഥാന ഗവൺമെന്റ് കൃഷി വകുപ്പുമായി സഹകരിച്ച്, തിരഞ്ഞെടുക്കുന്ന സെൽഫ് ഗ്രൂപ്പിലെ വനിതകൾക്ക് ഒരു മാസത്തെ ട്രെയിനിങ്ങിലൂടെ ചിക്കു മൂല്യ വർദ്ധിത ഉൽപ്പന്നം ആക്കി മാറ്റാനുള്ള നൈപുണ്യം ഉണ്ടാക്കുന്ന പ്രവർത്തനമായിരുന്നു അത്. കോളേജ് ഈ ഗ്രൂപ്പുകൾക്ക് വ്യാവസായിക അടിസ്ഥാനത്തിൽ ഉത്പാദനവും വിപണനവും നടത്താൻ ആവശ്യമായ ഗവൺമെന്റ്/ ഗവൺമെന്റ് ഇതര ഏജൻസികളുമായി ബന്ധപ്പെടുത്തി കൊടുക്കുകയും, സഹായം ലഭ്യമാക്കുകയും ചെയ്യുന്നു. ഇങ്ങനെ ചിക്കു ഉപയോഗിച്ച് ചിപ്സ്, പൗഡർ, അച്ചാർ ,ചോക്ലേറ്റ്, വാടി തുടങ്ങിയവ നിർമ്മിച്ച് വിതരണം ചെയ്യുന്ന ചില സംരംഭങ്ങളും സന്ദർശിക്കാൻ സാധിച്ചു. നമ്മുടെ പല കോളേജുകളിലും ഏക്കർ കണക്കിന് സ്ഥലം കാടുപിടിച്ചു കിടക്കുന്നത് ഞാൻ ഓർത്തുപോയി.

2025 ജനുവരിയിലെ നാക് സന്ദർശനം പശ്ചിമബംഗാളിലേക്ക് ആയിരുന്നു .മുമ്പ് പലതവണ ബംഗാൾ സന്ദർശിച്ചിട്ടുണ്ട് എങ്കിലും ഈ യാത്ര ബംഗാളിനെ സംബന്ധിച്ച് നിരാശയാണ് സമ്മാനിച്ചത്. പശ്ചിമബംഗാൾ പൊതുവെയും, ഉന്നത വിദ്യാഭ്യാസരംഗം പ്രത്യേകിച്ചും നേരിടുന്ന വിഭവ ദാരിദ്ര്യത്തിന്റെയും, അഴിമതിയുടെയും, കെടു കാര്യസ്ഥതയുടെയും ചിത്രങ്ങളും വർത്തമാനങ്ങളും ആണ് പലരിൽ നിന്നായി കേട്ടത്.

ഒരു ദിവസം 450 രൂപ മാത്രം ശമ്പളം ലഭിക്കുന്ന മാനേജ്മെന്റ് നിയമിച്ച ഗസ്റ്റ് അധ്യാപകനെ കണ്ടുമുട്ടിയത് ഞെട്ടലോടെയാണ്. (ഒരു മണിക്കൂറിന് 150 രൂപ നിരക്കിൽ, മൂന്നു മണിക്കൂറിനു 450 രൂപ). കഴിഞ്ഞ 8 വർഷക്കാലമായി ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഒരു സ്ഥിര നിയമനം പോലും നടക്കാത്ത സംസ്ഥാനം. ഗ്രാൻഡ്- ഇൻ -എയ്ഡ് സ്ഥാപനങ്ങളുടെ ഗവേണിംഗ് ബോർഡുകളിൽ ഭരണകക്ഷിയുടെ നോമിനികളുടെ ആധിക്യം, പ്രിൻസിപ്പാൾ നിയമനത്തിലും, സർവകലാശാലകളിലെ നിയമനങ്ങളിലും സർവ്വത്ര അഴിമതി ആരോപണങ്ങൾ, പല ഗ്രാൻഡ്- ഇൻ -എയ്ഡ് സ്ഥാപനങ്ങളിലും താളം തെറ്റുന്ന ശമ്പളം- "ഇന്ന് ബംഗാൾ ചിന്തിക്കുന്നത് നാളെ ഇന്ത്യ ചിന്തിക്കുന്നു" എന്ന പ്രബുദ്ധമായ വംഗദേശത്തിന്റെ മുദ്രാവാക്യം ഓർത്തുപോയി.

വാൽക്കഷണം: ഇടത് കൈ മുട്ടിനു മുകളിലായി ചെഗുവേരയുടെ മുഖം പച്ചകുത്തിയ ഒരു സി.പി.ഐ.എം എം.എൽ.എ ബംഗാളിലെ ഒരു അതിർത്തി ജില്ലയിൽ ഉണ്ടായിരുന്നു. ഇടതുഭരണം അവസാനിക്കുകയും, പാർട്ടി ക്ഷീണിക്കുകയും ചെയ്തപ്പോൾ അവസരവാദിയായ ആ വ്യക്തിക്ക് താൻ പച്ചകുത്തിയ രൂപം അധികപ്പറ്റായി മാറി. ചെഗുവേരയുടെ പച്ചകുത്തിയ രൂപത്തിൽ ചെറിയ മാറ്റങ്ങൾ വരുത്തി ശിവന്റെ രൂപം ആക്കി മാറ്റിയ ആ നേതാവ് ഇപ്പോൾ ആ പ്രദേശത്ത് ബി.ജെ.പി.യുടെ എംഎൽഎയാണ്.

**ഡോ. പ്രദീപ് കുമാർ കെ**
ശ്രീ വ്യാസ എൻഎസ്എസ് കോളജ് വടക്കാഞ്ചേരി,
മെമ്പർ സിൻഡിക്കേറ്റ്, കാലിക്കറ്റ് സർവ്വകലാശാല

# മഹാമൗനങ്ങളുടെ ശില്പി

മലയാള ഭാഷ,സാഹിത്യം, സംസ്കാരം എന്നിവയുടെ പ്രതിപുരുഷൻ: ഇരുപത്തിയൊന്നാം വയസ്സിൽ ലോക ചെറുകഥ മത്സരത്തിൽ സമ്മാനിതനായ ലബ്ധപ്രതിഷ്ഠനായ ചെറുകഥാകൃത്ത്: 25 വയസ്സിൽ ആദ്യ നോവലിന് സാഹിത്യ അക്കാദമി അവാർഡ് നേടിയ മലയാളികൾക്ക് പ്രിയങ്കരനായ നോവലിസ്റ്റ് :1973 ൽ 'നിർമാല്യ'ത്തിൽ തുടങ്ങി 6 സിനിമകൾ സംവിധാനം ചെയ്യുകയും 54 സിനിമകൾക്ക് തിരക്കഥ എഴുതുകയും ചെയ്ത ജനപ്രിയനായ ചലച്ചിത്രകാരൻ: മലയാളസാഹിത്യത്തിനും എഴുത്തുകാർക്കും ദിശാബോധവും പ്രോത്സാഹനവും നൽകിയ പത്രാധിപർ: രാജ്യത്തെ പരമോന്നത സിവിലിയൻ ബഹുമതിയായ പത്മവിഭൂഷണും സാഹിത്യരംഗത്തെ ഏറ്റവും ഉന്നത പുരസ്കാരമായ ജ്ഞാനപീഠവും കേന്ദ്ര - കേരള സാഹിത്യ അക്കാദമി അവാർഡുകളും മികച്ച ചലച്ചിത്രത്തിനുള്ള ദേശീയ അവാർഡും മികച്ച തിരക്കഥയ്ക്കുള്ള നാല് ദേശീയ പുരസ്കാരങ്ങളും ജെ.സി ഡാനിയൽ, കേരളജ്യോതി, എഴുത്തച്ഛൻ, വയലാർ തുടങ്ങിയ നിരവധി ബഹുമതികളും നേടിയയാൾ: നാടക രചനയും ഗാനരചനയും ഡോക്യുമെൻററി സംവിധാനവും അടക്കം കണ്ണെത്തിയേടങ്ങളിൽ എല്ലാം വിജയക്കൊടി പാറിച്ച പ്രതിഭാശാലി: സാഹിത്യ അക്കാദമിയുടെ പ്രസിഡന്റായും തുഞ്ചൻ സ്മാരക ട്രസ്റ്റിന്റെ അമരക്കാരനായും തിളങ്ങിയ മികച്ച ഭരണാധികാരി. ഇളം നിറങ്ങളിൽ വരകൾ ഉള്ള അരക്കയ്യൻ ഷർട്ടും വലിച്ചുവാരിയുടുത്ത മുണ്ടും ഗൗരവം ഖനീഭവിച്ച മുഖവുമായി മലയാളികൾക്ക് മുന്നിൽ പ്രത്യക്ഷപ്പെട്ട മാടത്ത് തെക്കേപ്പാട്ട് വാസുദേവൻ നായർ എന്ന എം ടി ലോകമെമ്പാടുമുള്ള മലയാളികളുടെ അഭിമാനത്തിന്റെയും സാംസ്കാരിക ഐക്യത്തിന്റെയും പ്രതീകമാണ്. ജനപ്രീതിയിൽ എംടിക്കൊപ്പം നിൽക്കാവുന്നത് ഒരുകാലത്ത് മലയാളക്കരയാകെ പാടി നടന്ന "രമണന്റെ" സ്രഷ്ടാവായ ചങ്ങമ്പുഴക്ക് മാത്രം. ദേവാനാം പ്രിയ: എന്നാണ് സുഗതകുമാരി ഒരിക്കൽ എംടിയെ വിശേഷിപ്പിച്ചത്. ദേവകൾക്ക് മാത്രമല്ല മനുഷ്യർക്കു കൂടി പ്രിയങ്കരനായ എം ടി യെ ലോകാനാം പ്രിയ: എന്ന് വിശേഷിപ്പിക്കാം.

9 നോവലുകൾ, 19 കഥാസമാഹാരങ്ങൾ, കേരള സാഹിത്യ അക്കാദമി അവാർഡിന് അർഹമായ ഗോപുര നടയിൽ എന്ന നാടകം, നിരവധി ലേഖനങ്ങൾ, യാത്രാവിവരണങ്ങൾ, ഓർമ്മക്കുറിപ്പുകൾ എന്നിവ മലയാളത്തിന് സമ്മാനിച്ച എംടിയുടെ എഴുത്തുജീവിതം ആരംഭിക്കുന്നത് നവോത്ഥാനത്തിന്റെ പ്രഭാവകാലത്തും സാഹിത്യത്തിലെ യഥാതഥ യുഗത്തിലുമാണ്. ജന്മി-ജാതി മേൽക്കോയ്മയും അതോടൊപ്പം കാർഷിക വൃത്തിയും തകർന്നു കൊണ്ടിരിക്കുകയും വ്യവസായ യുഗത്തിന്റെ വരവോടുകൂടി ഇടശ്ശേരി

എഴുതിയത് പോലെ "ഗ്രാമലക്ഷ്മി അകലേക്ക് അകലേക്ക് അകലുകയും" ആധുനിക വിദ്യാഭ്യാസവും മൂല്യങ്ങളും അരിച്ചരിച്ച് ആണെങ്കിലും നാട്ടിൻപുറങ്ങളിലേക്ക് കടന്നു ചെല്ലുകയും ചെയ്യുന്ന ചരിത്ര കാലഘട്ടമാണ് എം ടി എന്ന എഴുത്തുകാരനെയും അദ്ദേഹത്തിന്റെ ബോധ്യങ്ങളെയും രൂപപ്പെടുത്തിയത്. ആധുനികത ഒരു സാഹിത്യ പ്രസ്ഥാനമായി രൂപം കൊള്ളുന്നതിനും മുൻപാണിത്. റിയലിസത്തിന്റെയും ആധുനികതയുടെയും ഇടനിലയിലാണ്(liminal place) എം ടി സാഹിത്യം നിലകൊള്ളുന്നത്. ഒരുപക്ഷേ, റിയലിസത്തിനും ആധുനികതയ്ക്കും ഇടയിൽ പാലം പണിത അമേരിക്കൻ എഴുത്തുകാരൻ ഹെൻട്രി ജയിംസിന്റെ കൃതികൾ പോലെ.

പാരമ്പര്യവും ആധുനികതയും തമ്മിലുള്ള സംശ്ലേഷണം (synthesis) കേരള സമൂഹത്തിൽ സംഭവിച്ചില്ലെന്ന് കേശവൻ വെളുത്താട്ട് നിരീക്ഷിക്കുന്നുണ്ട്. എങ്കിലും ഫ്യൂഡൽ സമൂഹത്തിന്റെ ജീർണ്ണതയും കൊളോണിയൽ സാമ്പത്തിക ബന്ധങ്ങളും രാഷ്ട്രീയ രൂപങ്ങളും തമ്മിൽ ചേർന്നതോടെ കൊളോണിയൽ ആധുനികത കേരളത്തിൽ ശക്തിപ്പെട്ടു. ഇരുട്ടുമുറ്റിയ നാലുകെട്ട് പൊളിച്ചു കളഞ്ഞു കാറ്റും വെളിച്ചവും കടന്നു വരുന്ന ചെറിയ വീട് പണിയാൻ തീരുമാനിക്കുന്ന അപ്പുവും തിരിച്ചുവരാൻ വേണ്ടിയാണെങ്കിലും പുതിയ മേച്ചിൽ സ്ഥലങ്ങളിലേക്ക് നടക്കുന്ന ഗോവിന്ദൻകുട്ടിയും ഉൽക്കർഷേച്ഛയാൽ നഗരവാസിയാകുന്ന സേതുവും "മുസാവരി ബംഗ്ലാവ് " "എവിടേക്കോ ഒരു വഴി" തുടങ്ങിയ നിരവധി കഥകളിലെ നായകന്മാരും ഈ ആധുനികതയുടെ സൃഷ്ടികളാണ്.

നവോത്ഥാന /യഥാതഥ സാഹിത്യത്തിന്റെ പ്രബോധനാത്മകതയിൽ നിന്ന് ബോധപൂർവ്വം വഴി മാറി നടക്കുന്നതായിരുന്നു അദ്ദേഹത്തിന്റെ കൃതികൾ. എന്നാൽ ചൂഷണങ്ങൾക്കും അരികുവത്കരണങ്ങൾക്കും എതിരായ ജാഗ്രതയും പുരോഗമനാശയങ്ങളോടുള്ള ആഭിമുഖ്യവും ആ കൃതികളിൽ നിന്ന് നമുക്ക് വായിച്ചെടുക്കാനാകും. അസുരവിത്തും കാലവും നാലുകെട്ടും അടക്കമുള്ള നോവലുകളും "നിന്റെ ഓർമ്മയ്ക്ക് ," "കഡുഗണ്ണാവ" തുടങ്ങിയ നിരവധി കഥകളും ഉദാത്തമായ മാനവികത, മതേതരത്വം, സമത്വബോധം എന്നിവ ഉയർത്തിപ്പിടിക്കുന്നവയാണ്.


ആധുനികതയോടും ഇതേ രീതി





യിലുള്ള സന്ദിഗ്ധ സമീപനമാണ് എംടിയുടെ സവിശേഷത. ആധുനികതയുടെ കൊടിയടയാളമായ അസ്തിത്വ പ്രശ്നങ്ങൾ അദ്ദേഹത്തിന്റെ മുഖ്യപ്രമേയമല്ല. എന്നാൽ സമൂഹവുമായുള്ള കൊള്ളക്കൊടുക്കയിൽ മുറിവേൽക്കുന്ന വ്യക്തിയുടെ അന്തസ്സംഘർഷങ്ങളും അന്യതാബോധവും യഥേഷ്ടമായി കഥകളിലും നോവലുകളിലും കടന്നുവരുന്നുണ്ട് താനും. രൂപവും ഭാവവും മാറിവരുന്ന സമൂഹത്തെ രാഷ്ട്രീയമായി അടയാളപ്പെടുത്താൻ എം ടി ശ്രമിക്കാറില്ല. മറിച്ച് ഭാവുകത്വ പരിണാമമാണ് അദ്ദേഹത്തിന്റെ പരിഗണനാവിഷയം. മുതലാളിത്തമോ പിൽക്കാല മുതലാളിത്തമോ യഥാക്രമം അവയുടെ സാംസ്കാരിക രൂപങ്ങളായ ആധുനികതയോ ഉത്തരാധുനികതയോ സൃഷ്ടിക്കുന്ന ഉത്കണ്ഠകൾ അതേ രൂപത്തിൽ ആ കൃതികളിൽ കാണാൻ കഴിഞ്ഞെന്നു വരില്ല. എന്നാൽ മനുഷ്യൻ നേരിടുന്ന സാർവലൗകികമായ പ്രശ്നങ്ങളെയും പ്രതിസന്ധികളെയും ആഴത്തിൽ ആവിഷ്കരിക്കാനും അതിനുതകുന്ന രൂപശിൽപ്പം നിർമിക്കാനും അദ്ദേഹത്തിന് കഴിയുന്നുമുണ്ട്. ഷെർലക്ക് പോലെയുള്ള കഥകൾ പുതിയ തലമുറയോട് പോലും സംവദിക്കുന്നതിന് കാരണം മറ്റൊന്നല്ല.

അഗാധമായ മൗനമാണ് എം.ടി.യെ പോലെ അദ്ദേഹത്തിന്റെ കൃതികളുടെയും മുഖമുദ്ര. മറ്റൊരാളോട് സംസാരിക്കുന്നതിന്റെ അർത്ഥശൂന്യതയും നിഷ്ഫലതയും കഥാപാത്രങ്ങളെ പുറത്തേക്ക് മൗനികൾ ആക്കി മാറ്റുന്നു. അപ്പോൾ അവർ സംസാരിച്ചുകൊണ്ടിരിക്കുന്നത് തങ്ങളോട് തന്നെയാണ്. അന്തരാളങ്ങളിൽ അവർ ജീവിക്കുന്ന ജീവിതമാണ് ലളിതവും സുഭഗവുമായി എം ടി വായനക്കാർക്ക് മുൻപിൽ ആവിഷ്കരിക്കുന്നത്. ഒരേസമയം ഇതൊരു രചനാ തന്ത്രവും സവിശേഷതയും ആണ്. അനുഭവങ്ങളെ അതി സൂക്ഷ്മമായി വിശകലനം ചെയ്യാനും ആവിഷ്കരിക്കാനും ഇത് രചയിതാവിന് സഹായകമാകുന്നു. എം ടിയുടെ എഴുത്തിൽ പ്രവർത്തിക്കുന്ന, അനുഭവങ്ങളെ ദർശനങ്ങൾ ആക്കി പരിവർത്തിപ്പിക്കുന്ന രസതന്ത്രത്തെപ്പറ്റി രഘുനാഥൻ പറളി നിരീക്ഷിക്കുന്നുണ്ട്. ഒരുപക്ഷേ അതിനാധാരമായ സംഘർഷങ്ങളുടെ ഭൂമിക കഥാപാത്രങ്ങളുടെ ഈ ആന്തരിക ജീവിതമായിരിക്കാം. അച്ചടിച്ച വരുന്ന വാക്കുകളുടെ ഇടയിലെ ചെറിയ വിടവുകൾക്ക് സംസാരിക്കാൻ ഇട നൽകുന്നതാണ് ശൈലിയുടെ വൈദഗ്ധ്യം എന്ന അഭിജ്ഞമതം എംടി വേദവാക്യമായി സ്വീകരിക്കുന്നു.



"അറിയാത്ത മഹാസമുദ്രങ്ങളെക്കാൾ അറിയുന്ന നിളാ നദി"യോടുള്ള ആഭിമുഖ്യത്തെ  വ്യാഖ്യാനിച്ച് തന്റെ ചുറ്റുപാടുകളിൽ നിന്നും അനുഭവ മണ്ഡലത്തിൽ നിന്നും മാത്രമാണ് എം ടി സന്ദർഭങ്ങളെയും കഥാപാത്രങ്ങളെയും സ്വീകരിച്ചത് എന്ന് പറയാനാകുമോ?താൻ ജനിച്ച സമുദായത്തിന്റെയും നാടിന്റെയും പരിസരങ്ങളിൽ നിന്ന് എഴുത്തിന് ഉള്ള വിഭവങ്ങൾ / അനുഭവങ്ങൾ വേർതിരിച്ചെടുക്കുന്നതും; കണ്ടതും കേട്ടതും അനുഭവിച്ചതുമെല്ലാം മൂർത്തമായ ഒരു സ്ഥലത്തേക്ക് അഥവാ അനുഭവ മണ്ഡലത്തിലേക്ക് ചേർത്തുവയ്ക്കുന്നതും എഴുത്തുകാർ പൊതുവേ അനുവർത്തിച്ചുവരുന്ന രണ്ട് രീതികളാണ്. അതുകൊണ്ടുതന്നെ യോക്നാപടോഫയായാലും താന്നിക്കുന്നിന്റെ താഴ്വര ആയാലും നാം ജാഗ്രതയോടെ സമീപിക്കേണ്ടിയിരിക്കുന്നു. എന്താണ് എഴുത്തുകാരന്റെ അസംസ്കൃത വസ്തുക്കളായി അറിയപ്പെടുന്ന അനുഭവങ്ങൾ ? എങ്ങനെയാണ് അവ ശേഖരിക്കുന്നത്? ഈ പ്രശ്നം വളരെ പ്രധാനമാണ്. ഉപയോഗമില്ലാത്തതെന്ന്  മുതിർന്നവർ കരുതുന്നവയെല്ലാം  നിധി പോലെ എടുത്തു സൂക്ഷിക്കുന്ന കുട്ടികളെപ്പോലെ ജീവിതത്തിൽ നിന്ന് പലതുമെടുത്ത്  സൂക്ഷിക്കുകയാണ് എഴുത്താളർ ചെയ്യേണ്ടതെന്നാണ് എം ടി യുടെ പക്ഷം. അവയെല്ലാം മനസ്സിലാവഹിച്ച് കാലക്രമേണയുള്ള ആന്തരിക രാസക്രിയകൊണ്ട് സ്വാനുഭവം പോലെ ആക്കാൻ കഴിയുമെന്നും "സത്യത്തിന്റെ നിമിഷം കാത്ത് " എന്ന ലേഖനത്തിൽ അദ്ദേഹം എഴുതുന്നു. ഇങ്ങനെ ജീവിതത്തിൽ നിന്ന് കടം കൊള്ളുന്നതിൽ സ്വാനുഭവങ്ങൾ/ പ്രത്യക്ഷാനുഭവങ്ങൾ മാത്രമല്ല പരോക്ഷാനുഭവങ്ങളും വിദൂരാനുഭവങ്ങളും ഉൾപ്പെടാം. അവ അതേപടി എഴുത്തിലേക്ക് കൊണ്ടുവരികയല്ല ചെയ്യുന്നത്. എലിയറ്റിനെ പോലെ , അനുഭവിക്കുന്ന വ്യക്തിയും എഴുതുന്ന വ്യക്തിയും രണ്ടാണ് എന്ന് പറയുന്നില്ലെങ്കിലും അനുഭവങ്ങളെ വേറൊരു തരത്തിൽ മാറ്റി തീർക്കുന്ന പ്രക്രിയയാണ് എഴുത്ത് എന്ന് എം ടിവിശ്വസിക്കുകയും കാണിച്ചുതരികയും ചെയ്യുന്നുണ്ട്.

ഭാഷയുടെ തെളിമയും നേർമയുമാണ് എംടിയുടെ കൃതികളെ ജനകീയമാക്കിയതിൽ പ്രധാന പങ്കുവഹിച്ചിട്ടുള്ളത്. 'ലളിതമായ കലയാണ് മഹത്തായ കല' എന്ന

ഗ്രീക്ക് പഴമൊഴി എംടി തന്നെ ഒരു ലേഖനത്തിൽ (പെരുവഴിയിലെ യാത്ര) ഉദ്ധരിക്കുന്നുണ്ട്.തന്റെ പ്രിയപ്പെട്ട എഴുത്തുകാരിലൊരാളായ ഹെമിംഗ് വേയുടെ "കിഴവനും കടലും" ഏറ്റവും ലളിതവും അതേസമയം ഏറ്റവും ശക്തവും ആണെന്ന് എം ടി നിരീക്ഷിക്കുന്നു. ഭാഷയുടെ ശക്തിയും ചൈതന്യവും ആവാഹിച്ചെടുക്കേണ്ടത് അതിന്റെ ധാരാളിത്തം കൊണ്ടാവരുത് എന്നതിന്റെ നിദർശനങ്ങളാണ് എംടിയുടെ എഴുത്ത്. എത്ര കുറവ് വാക്കുകൾ ഉപയോഗിക്കാമോ അത്രമാത്രം ഉപയോഗിക്കുക. ലളിതവും ഋജുവും ആകുമ്പോൾ ഭാഷ കാവ്യമയമാകുന്നു.മഞ്ഞും രണ്ടാമൂഴവുമെല്ലാം കവിത പോലെ അനവദ്യ സുന്ദരമായിരിക്കുന്നതിന്റെ കാരണം ഇതാണ് . കൂടല്ലൂരിനെ ചുറ്റി ഒഴുകുന്ന പേരാറ്റനീരിന്റെ തെളിമയാണ് ആ ഭാഷയുടെ അന്ത:ബലം. എന്നാൽ ഇതു മാത്രമല്ല എംടിയെ മലയാളികളുടെ പ്രിയപ്പെട്ട എഴുത്തുകാരൻ ആക്കി മാറ്റുന്നത്. വായനക്കാർക്ക് പരിചിതമായ ജീവിത സന്ദർഭങ്ങളെ നിത്യനൂതനങ്ങളായി ചിത്രീകരിച്ച് അവയ്ക്കിണങ്ങുന്ന രൂപഘടനയിൽ നിരന്തരമായ അന്വേഷണങ്ങളുടെയും പരീക്ഷണങ്ങളുടെയും അടിസ്ഥാനത്തിൽ ആവിഷ്കരിച്ചാണ്അദ്ദേഹം അത് സാധിച്ചത്. കാലികമായ ഭാവുകത്വ പരിണാമത്തെ ശ്രദ്ധാപൂർവ്വം വീക്ഷിച്ചിരുന്ന എം ടി തന്റെ ഭാഷയെയും ശൈലിയെയും നിരന്തരമായി പുതുക്കിക്കൊണ്ടിരുന്നു. "പാതിരാവും പകൽ വെളിച്ചവും" എന്ന ആദ്യം എഴുതി തുടങ്ങിയ (ആദ്യം പ്രസിദ്ധീകരിച്ചത് "നാലുകെട്ട്") നോവലിൽ നിന്നും 2002 ൽ പ്രസിദ്ധീകരിച്ച "വാരാണാസി "യിൽ എത്തുമ്പോൾ വായനക്കാർക്ക് ഇത് സുവിദിതമാകും.

പുരുഷ കേന്ദ്രീതമായിരുന്നു എംടിയുടെ കഥാലോകമെ ന്നും പുരുഷാനുഭവങ്ങളാണ് അദ്ദേഹത്തിന്റെ പ്രമേയങ്ങളിലേറെയും എന്നെല്ലാമുള്ള വിമർശനങ്ങൾ മരണശേഷം പ്രത്യേകിച്ചും ഉയർന്നു കേട്ടിരുന്നു. വ്യക്തിജീവിതത്തെ കൂട്ടിക്കെട്ടിയാണ് പലരുടെയും നിരൂപണമെന്നത് എന്ന് വായനയുടെ ബാലാരിഷ്ടതയെ മാത്രമാണ് വെളിപ്പെടുത്തുന്നത്. സ്ത്രീ മുഖ്യകഥാപാത്രമായി വരുന്നത് ഒരു നോവലിൽ മാത്രമാണ് (മഞ്ഞ് )എന്ന ധാരണയെ പ്രശ്നവൽക്കരിച്ചുകൊണ്ടു മാത്രമേ ഇക്കാര്യം ചർച്ച ചെയ്യാനാകൂ. സ്ത്രീയനുഭവങ്ങളുടെ കർതൃത്വത്തെ സംബന്ധിച്ച യാഥാസ്ഥിതിക പരികല്പനകൾക്ക് ദഹിക്കുകയില്ലെങ്കിലും സ്ത്രീ മനസ്സിനെ പ്രകാശിപ്പിക്കാൻ അതി സൂക്ഷ്മമായി എംടിക്ക് കഴിഞ്ഞിട്ടുണ്ട്. കഥാപാത്രത്തിന്റെ ബോധധാര(stream of consciousness)യെ പിന്തുടരുന്ന ശില്പ മാതൃകയാണ് ഇതിന് സഹായകമാകുന്നത്. ഈ സങ്കേതത്തിലൂടെ "പാതിരാവും പകൽവെളിച്ചവും" എന്ന നോവലിലെ, പുരുഷ നീതിയുടെ ദണ്ഡനമേൽക്കുന്ന പാത്തുമ്മ (ഫാത്തിമ /ബീബി)യുടെ അന്ത:സംഘർഷങ്ങളും ദുഃഖവും, വിമലയുടെ (മഞ്ഞ് ) ഏകാകിതയും അന്തർമുഖത്വവും മാത്രമല്ല സ്ത്രീ എന്നനിലയിലുള്ള പ്രജ്ഞയും കാമനകളും ഇതേ രീതിയിലാണ് നമുക്ക് മുന്നിൽ ആവിഷ്കരിക്കപ്പെടുന്നത്. അവസാന കഥയായ 'കാഴ്ച' സ്ത്രീയുടെ തെരഞ്ഞെടുപ്പ് എന്ന ഏറ്റവും കാലികമായ വിഷയത്തെയാണ് നമ്മുടെ മുന്നിൽ വയ്ക്കുന്നത്. പുരുഷനിലേക്കുള്ള പാതയാണ് സ്ത്രീത്വത്തിന്റെ സാഫല്യം എന്ന സാമ്പ്രദായികബോധം മുന്നിട്ടുനിൽക്കുമ്പോഴും കാമനകളുടെ സ്വാതന്ത്ര്യ പ്രഖ്യാപനവും ഇതടക്കമുള്ള കൃതികളിൽ പലതിലും കാണാം. എം ടി വരച്ചിടുന്ന ഇരുണ്ട മനുഷ്യാവസ്ഥയുടെ ലോകത്തിൽ പുരുഷനൊപ്പം സ്ത്രീയുമുണ്ട്.

മുമ്പ് സൂചിപ്പിച്ചതുപോലെ പുരോഗമനാശയങ്ങൾ പ്രകടമായി എഴുത്തിൽ ആവിഷ്കരിച്ചില്ലെങ്കിലും ആധുനിക കേരളത്തെ സൃഷ്ടിച്ച പുരോഗമനാശയങ്ങൾക്കൊപ്പം അദ്ദേഹം എന്നും നിലകൊണ്ടു. കേരളീയ സമൂഹത്തിന്റെ രാഷ്ട്രീയവും സാംസ്കാരികവുമായ പരിണാമ പ്രക്രിയയെ സസൂക്ഷ്മം പിൻപറ്റിയ അദ്ദേഹം വർഗീയതയും വിഭാഗീയതയും പ്രകൃതി ചൂഷണവും അടക്കമുള്ള ആസുരതകൾക്കെതിരെ നിതാന്തമായ സാംസ്കാരിക ജാഗ്രതയുടെ പാഠമാണ് നമുക്ക് പകർന്നു നൽകുന്നത്. മുദ്രാവാക്യ നിബദ്ധമല്ലാത്ത സാഹിത്യവും സാമൂഹ്യ പ്രതിബദ്ധതയുള്ളത് തന്നെ എന്ന് അദ്ദേഹത്തിന്റെ എഴുത്ത് നമ്മോട് പറയുന്നു. " വാളിനെ വന്ദിക്കായ്ക; വാക്കതിൻ മീതെയാകുന്നു" എന്ന കവി വചനത്തെ അനുസ്മരിപ്പിക്കുന്നതായിരുന്നു അദ്ദേഹത്തിന്റെ പൊതു ജീവിതം. അക്ഷരത്തിന്റെ കരുത്ത് അധികാരത്തിന്റെ പടിപ്പുര വാതിൽക്കൽ അടിയറ വയ്ക്കാൻ അദ്ദേഹം തയ്യാറായില്ല. അഹങ്കാരം എന്നു തെറ്റിദ്ധരിക്കാവുന്ന അന്തസ്സോടെ അദ്ദേഹം അധികാരികളുടെ മുൻപിൽ എന്നും തലയുയർത്തിത്തന്നെ നിന്നു. സാംസ്കാരിക പ്രതിരോധത്തിന്റെ അമൂല്യമായ പാഠമാണ് എം ടി പകർന്നു തന്നത്.

എംടിയുടെ വിയോഗത്തോടുകൂടി മലയാളത്തിന്റെ (ഭാഷയും പ്രദേശവും എന്നിങ്ങനെ രണ്ട് അർത്ഥത്തിൽ) കുല ചിഹ്നം (totem) കടപുഴകി മറിഞ്ഞിരിക്കുന്നു. തീർച്ചയായും അദ്ദേഹത്തിന്റെ എഴുത്തും അതിലൂടെ ആവിഷ്കൃതമായ ദർശനങ്ങളും വിമർശനാതീതമല്ല. എന്നാൽ ആ വ്യക്തിജീവിതം വിധിക്കപ്പെടേണ്ടതും അല്ല. മഹാന്മാരും മഹതികളുമായ എഴുത്താളർ നമുക്ക് ധാരാളം ഉണ്ടായിരുന്നെങ്കിലും അവർക്കാർക്കും നേടാനാകാത്ത വലിയൊരു സ്ഥാനമാണ് ജനമനസ്സുകളിൽ എംടിക്കുള്ളത്. അതിനിയും ഏറെക്കാലം അഭംഗുരം നിലനിൽക്കും എന്നും ഉറപ്പാണ്.

എംടിയുടെ സാഹിത്യ ദർശനത്തെ ഏറ്റവും നന്നായി ആവിഷ്കരിച്ചിരിക്കുന്നത് എന്ന് കരുതാവുന്ന, അദ്ദേഹത്തിന്റെ തന്നെ വാക്കുകൾ എടുത്തുചേർത്തുകൊണ്ട് ഉപസംഹരിക്കട്ടെ:

"പ്രകൃതി, ജീവിതം തന്നെ. അതിന്റെ അനന്തഭാവസ്ഫുരണങ്ങൾ നമ്മോട് ചിലത് പിറുപിറുക്കുമ്പോഴാണ് നാമുണരുന്നത്; ചിത്രവും കഥയും കാവ്യവും സംഗീതവും പിറക്കുന്നത്. നമുക്ക് ചെവിയോർത്തിരിക്കാം”

**സജിൻ പി. ജെ**
**അൽ അമീൻ കോളജ്, എടത്തല**

# പുലരിയിൽ


പൊന്നേ,
പുലർകാലം
മേഘങ്ങൾക്കിടയിൽ
ഒച്ചയില്ലായ്മ കൂട്ടുകൂട്ടും
കോടമഞ്ഞിൽ
പ്രാർത്ഥന പോൽ
വരുന്നു നീ.

നിന്റെ കൺപീലികൾ
മഞ്ഞു തുള്ളികൾ
പുതക്കുന്നു.
നീലയാം ആകാശം
പലതായി പകുക്കും
ഉണക്കമരത്തിൽ
നിന്നെയോർത്തിട്ടോ
മൈനകൾ
എന്നോട് കയർക്കുന്നു.

പൊന്നേ,
നീ പോയ വഴിയിൽ
വെള്ളിക്കണ്ണിക്കുരുവികൾ
ഓർമ്മകൾ പരതിപ്പറന്ന്
നീലക്കോളാമ്പിയിൽ
ചെന്നിരിക്കുമ്പോൾ
നിറനിറയെ പൊഴിയും
നീലവാകകൾ
കാറ്റിലെന്നോട്
നിന്നെക്കുറിച്ചുമാത്രം
ചോദിക്കുന്നു.

പൊന്നേ,
മലകൾക്കു പിന്നിൽ പൂത്ത
സൂര്യൻ
വെയിൽ ചുള്ളിയാൽ
എന്നെ കുത്തിനോവിക്കുന്നു,
നിനക്കുവേണ്ടി തന്നെ.
പോണപോക്കിൽ
പൊകണ
നിന്നെക്കൂട്ടാതെ വന്നതിൽ
പുലഭ്യം പറയുമ്പോൾ
ഞാനോർത്തുപോകുന്നു
കനവിലാണല്ലോ
നിന്നെയും കൂട്ടി
ഞാനീ കാട് കേറിയതെന്ന്!
എന്നിട്ടുമിവരെങ്ങനെ
നിന്നെ കണ്ടെന്ന്!

**മനോജ് കുറൂർ**
എൻ.എസ്.എസ് ഹിന്ദു കോളജ്, ചങ്ങനാശ്ശേരി



# സംസ്കാരങ്ങളിൽതൊട്ടു സംസാരിച്ച വിരലുകൾ

തബലയിൽ ഒരു നാദപ്രപഞ്ചംതന്നെ നിർമ്മിച്ച ഉസ്താദ് സാക്കിർ ഹുസൈൻ വിടവാങ്ങി. ഹിന്ദുസ്ഥാനിസംഗീത പ്രേമികൾ മാത്രമല്ല, ക്ലാസ്സിക്കൽ സംഗീതത്തോട് ഏറെ ബന്ധമില്ലാത്ത സാധാരണക്കാർ പോലും ഈ വിയോഗത്തിൽ ദുഃഖിക്കുന്നു. ലോകമെങ്ങുമുള്ള സംഗീതജ്ഞർ നഷ്ടബോധത്തിന്റെ ശൂന്യത അനുഭവിക്കുന്നു. സംഗീതലോകത്തെ ഗ്രസിക്കുന്ന ഈ അഗാധവിഷാദം അത്ര സ്വാഭാവികമാണ്. കാരണം, ദേശങ്ങളെയും പല മട്ടിൽ വിഭജിതരായ മനുഷ്യരെയും നാദസഞ്ചയത്തിലൂടെ ഒരുമിപ്പിക്കാനുള്ള കലയുടെ അപൂർവ്വസിദ്ധിയായിരുന്നു സാക്കിർ ഹുസൈന്റെ കൈമുതൽ. മാന്ത്രികമായ ആ വിരലുകൾ നിശ്ചലമാകുന്നത് ആർക്കാണ് സങ്കല്പിക്കാൻപോലുമാവുക!

കാൽ നൂറ്റാണ്ടുമുമ്പ് അദ്ദേഹത്തോടൊപ്പം കുറച്ചു ദിവസം ചെലവഴിക്കാനുള്ള അപൂർവ്വഭാഗ്യം എനിക്കുണ്ടായിട്ടുണ്ട്. 1997-ൽ വാനപ്രസ്ഥം എന്ന ചലച്ചിത്രത്തിനുവേണ്ടി ഗാനരചന നിർവഹിച്ചപ്പോഴായിരുന്നു അത്. ഷാജി എൻ. കരുൺ സംവിധാനം ചെയ്ത ആ സിനിമയുടെ സംഗീതാലേഖനം ചെന്നൈയിലെ പ്രസാദ് സ്റ്റുഡിയോയിൽ നടക്കുന്നു. ചിത്രത്തിന്റെ സംഗീത സംവിധാനം സാക്ഷാൽ സാക്കിർ ഹുസൈൻ! വലുപ്പച്ചെറുപ്പമില്ലാതെ ആളുകളോടു കുശലം പങ്കുവയ്ക്കുകയും തമാശകൾ പറഞ്ഞു പൊട്ടിച്ചിരിക്കുകയും ചെയ്യുന്ന അദ്ദേഹത്തിന്റെ പെരുമാറ്റവും സംഗീതംപോലെ മനോഹരമായിരുന്നു. പത്തു വിരലുകൾകൊണ്ട് തബലയിൽ അദ്ദേഹം ഭാഷയ്ക്കും ദേശത്തിനും അതീതമായ സംഗീതത്തിന്റെ ഭാഷ സൃഷ്ടിച്ചതു നമുക്കറിയാം. അതിനപ്പുറം ഓരോ സംസ്കാരത്തിന്റെയും സംവേദനശീലങ്ങൾ അദ്ദേഹം അനായാസം ഉൾക്കൊണ്ടതിന്റെ ധാരാളം സന്ദർഭങ്ങൾ ആ റെക്കോഡിങ് വേളകളിൽത്തന്നെ ഉണ്ടായതോർക്കുന്നു. ഒരുദാഹരണം മാത്രം പറയട്ടെ.

സ്റ്റുഡിയോയിൽ ആ ചിത്രത്തിലെ ഗാനങ്ങളുടെ റെക്കോഡിങ് നടക്കുന്ന സന്ദർഭം. കർണാടകസംഗീതത്തിൽ വൈദഗ്ധ്യമുള്ള ഒരാൾ കഥകളിപ്പദത്തിന്റെ മട്ടിലുള്ള ഒരു ഗാനം പാടുകയാണ്. എത്ര പാടിയിട്ടും ഗമകപ്രധാനമായ കഥകളിസംഗീതത്തിന്റെ വൈകാരിക ഭാവങ്ങൾ വേണ്ടത്ര ലഭിക്കുന്നില്ല. അപ്പോളാണ് സ്റ്റുഡിയോയിലെ മങ്ങിയ വെളിച്ചത്തിലിരുന്ന് തനി കഥകളിമട്ടിൽ മറ്റൊരാൾ ഭാവാത്മകമായി ആ ഗാനം പാടിക്കൊടുക്കുന്നതു കേട്ടത്. അവിടെയുണ്ടായിരുന്ന കഥകളിഗായകരാരുമല്ല; ഉസ്താദ് സാക്കിർ ഹുസൈൻ!

കലാരംഗത്തെ ഇതിഹാസമെന്ന ഭാവമൊന്നുമില്ലാതെ അദ്ദേഹം പുലർത്തിയ കളിമട്ടായിരുന്നു ഏറെ കൗതുകകരം. ഒരിക്കൽ റെക്കോഡിങ് വേളയിൽ ഹെഡ് ഫോൺ ചെവിയിൽവച്ച് ഗഹനമായ ധ്യാനത്തിലെന്നപോലെ സാക്കിർ ഹുസൈൻ ഇരിക്കുന്നതു കണ്ട്, ശല്യപ്പെടുത്തേണ്ട എന്നു കരുതി ഞാൻ സ്റ്റുഡിയോയുടെ പുറത്തിറങ്ങി നിന്നു. കുറച്ചു കഴിഞ്ഞപ്പോൾ ചെവിയിൽ ഹെഡ് ഫോണുമായിത്തന്നെ അദ്ദേഹം അകത്തുനിന്നിറങ്ങിവരുന്നു. മുഖം വാടിയിരിക്കുന്നതുകണ്ട് ഞാൻ എന്തു പറ്റിയെന്നന്വേഷിച്ചു. വിഷാദസ്വരത്തിൽ അദ്ദേഹത്തിന്റെ മറുപടി: "തെണ്ടുൽക്കർ ഔട്ട്!"

അദ്ദേഹത്തിന്റെ കലയിലും ഇപ്പറഞ്ഞ സ്വഭാവങ്ങളെല്ലാം ഉണ്ടായിരുന്നു. തബലവായനയിൽ താനവതരിപ്പിക്കുന്ന സങ്കീർണമായ കണക്കുകളെ കുട്ടിത്തം നിറഞ്ഞ ഒരു ചിരികൊണ്ട് അദ്ദേഹം പുറമേ മറയ്ക്കും. ആ വിരലുകളുടെ അദ്ഭുതകരമായ വേഗത തബലവായന അത്രയ്ക്ക് അനായാസം എന്നു തോന്നിപ്പിക്കും. സാറാ ബർദീൻ എന്ന കലാനിരൂപക പണ്ടേ പറഞ്ഞു: 'സാക്കിർ ഹുസൈന്റെ അവതരണം കാണുന്നത് മാന്ത്രികമായ അനുഭവമാണ്. കണ്ണുകൾക്കെത്താനാവാത്ത വേഗതയിൽ അദ്ദേഹത്തിന്റെ വിരലുകൾ പറക്കുന്നു; കൂടെയുള്ള സംഗീതജ്ഞരെ വൈകാരികമായി മനസ്സിലാക്കിക്കൊണ്ട് അവരോടു ചേർന്നുപോവുകയും ചെയ്യുന്നു.'

ഇന്ത്യയിൽ ഹരിപ്രസാദ് ചൗരസ്യയുടെ ബാംസുരിക്കും കുന്നക്കുടി വൈദ്യനാഥന്റെ വയലിനുമൊപ്പം സാക്കിർ ഹുസൈൻ തബല വായിക്കുമ്പോൾ നാം ഇത് അനുഭവിച്ചതാണല്ലൊ. അന്നൊക്കെ അതേ ഉപകരണങ്ങളോടു ചേർന്ന് തബല ഒരു സുഷിരവാദ്യമോ തന്ത്രിവാദ്യമോ പോലെ സ്വരാത്മകസംഗീതം പൊഴിച്ചതു കേട്ട് വിസ്മയിക്കാത്തവർ ആരുണ്ട്!

തബലവാദനത്തിലെ ഇതിഹാസമായിരുന്ന അല്ലാ രഖായുടെ പുത്രനായി 1951-ൽ മുംബൈയിൽ ജനിച്ച സാക്കിർ ഹുസൈന് വാദ്യകല ഒരു ചെറുപ്പകാലശീലമാണ്. പിതാവിന്റെ തബലവാദനം കേട്ടും അദ്ദേഹത്തിൽനിന്നു പഠിച്ചും തന്നെ ഏറെക്കുറെ അഭ്യാസം പൂർത്തിയാക്കിയ ഹുസൈൻ ഈ രംഗത്തെ ഏറ്റവും പ്രധാനിയായതിനു പിന്നിൽ കലാപരവും സാംസ്കാരികവുമായ ചില കാരണങ്ങളുണ്ട്. അല്ലാ രഖാ തന്റെ വാദനശൈലിയിൽ പഞ്ചാബ് ഘരാനയിലുൾപ്പെടുന്ന കലാകാരനാണ്. പിൽക്കാലത്ത് ഇന്ത്യയിലും പാകിസ്ഥാനിലുമായി മുറിഞ്ഞുപോകുന്നതിനുമുമ്പുള്ള പഞ്ചാബിന്റെ പൊതുവായ സംഗീതശൈലിയാണത്. മറ്റു പ്രദേശങ്ങളിലെ ശൈലികളിൽനിന്ന് പഞ്ചാബ് ഘരാനയെ വേറിട്ടു നിർത്തുന്ന ഒരു പ്രധാനഘടകം തബലവാദനരീതിയിൽത്തന്നെ പഖ്വാജിന്റെ ചൊല്ലുകൾകൂടി സമന്വയിപ്പിക്കുന്ന പരിശീലന പദ്ധതിയാണ്. വിരലുകളുടെ ഉപയോഗത്തിലും സവിശേഷതകളുള്ള ഈ രീതി ദ്രുതകാല വാദനത്തിൽ അസാമാന്യവേഗത കൈവരിക്കാൻ സഹായകമാണെന്ന് വാദ്യവിദഗ്ധർ കരുതുന്നു. കൂടാതെ തബലവാദകരെ മറ്റു വാദ്യങ്ങളുടെ പ്രയോഗരീതികളും പരിശീലിപ്പിച്ചിരുന്നുവെന്ന് തന്റെ പഠനകാലത്തെ മുൻനിർത്തി അല്ലാ രഖാതന്നെ പറയുന്നു. കേരളത്തിലെ ചെണ്ടകലാകാരന്മാരുടെ നിലാവുസാധകത്തെ ഓർമ്മിപ്പിക്കുന്ന തരത്തിൽ പഞ്ചാബ് ഘരാനക്കാർ പൊതുവെ പിന്തുടരുന്ന ചില്ല കട്നാ എന്ന അനുഷ്ഠാനവും എടുത്തുപറയേണ്ടതുണ്ട്. ദീർഘ

കാലം പുറംലോകത്തുനിന്നകന്നു നിന്നുകൊണ്ട് സംഗീതത്തിനു വേണ്ടിമാത്രം ജീവിക്കുകയാണതിന്റെ സ്വഭാവം. ലഘുവായി അനുഷ്ഠിക്കുമ്പോൾപ്പോലും നാല്പതു ദിവസം തുടർച്ചയായി തബലവായനയിൽ ത്തന്നെ മുഴുകുന്ന ഈ സമ്പ്രദായം കലാകാരന്മാരുടെ സാധകബലത്തെയും ജീവിതവീക്ഷണത്തെത്തന്നെയും വലിയൊരളവിൽ നിർണയിക്കുന്നു. അല്ലാ രഖായും സാക്കിർ ഹുസൈനും ഈ അനുഷ്ഠാനം മുറതെറ്റാതെ ശീലിച്ചിട്ടുണ്ട്. ഉസ്താദ് ലാൽ മൊഹമ്മദിന്റെ സ്വാധീനവും മിർ കാദർ ബക്ഷിന്റെ ശിക്ഷണവും ചേർന്നു രൂപപ്പെടുത്തിയ അല്ലാ രഖായുടെയും അതിനെ പിൻപറ്റിന്ന സാക്കിർ ഹുസൈന്റെയും വാദനത്തിലെ മാന്ത്രികവേഗങ്ങൾക്ക് ഇവയൊക്കെ കാരണങ്ങളായിപ്പറയാം. പിൽക്കാലത്ത് സാൻഫ്രാൻസിസ്കോ ക്രോണിക്കിൾ സാക്കിർ ഹുസൈനെ വിലയിരുത്തിയതിങ്ങനെ:

"വെറും പത്തു വിരലുകൾ മാത്രമുപയോഗിച്ച് ഹുസൈൻ വൈവിധ്യമുള്ള വാദ്യശബ്ദങ്ങളുടെ ഓർക്കസ്ട്രാ നിർമ്മിക്കുന്നു. മനുഷ്യർക്കു സാധ്യമാകുന്നതിനെക്കാൾ സമഗ്രമായ നിയന്ത്രണത്തോടെയാണ് അദ്ദേഹം സ്വരങ്ങളെ വാദ്യശബ്ദത്തിലേക്കാവാഹിക്കുന്നതെന്നു തോന്നും."

അതിശയോക്തി മാറ്റിവച്ചാലും തബലവാദനത്തിലെ വേഗതയും നാദവൈവിധ്യവും സ്വരാത്മകതയും സർവോപരി ശബ്ദനിയന്ത്രണവുമാണ് സാക്കിർ ഹുസൈനെ ഈ രംഗത്തെ ഒന്നാമനാക്കിയതെന്ന് സംശയമില്ലാതെ പറയാം. ക്യൂബൻ കോംഗാ ഡ്രമ്മിനു തുല്യമായ ആഗോളപ്രശസ്തി ഇന്നു തബലയ്ക്കു ലഭിക്കുന്നുണ്ടെങ്കിൽ അതിനു പ്രധാനകാരണം ഈ കലാകാരനാണെന്നു പറയുന്നത് അതിശയോക്തിയല്ല താനും.



ബാലപ്രതിഭയെന്ന വിശേഷണത്തോടെ പന്ത്രണ്ടാം വയസ്സിൽ ത്തന്നെ സാക്കിർ ഹുസൈൻ തബലയുമായുള്ള തന്റെ ദേശാടനം ആരംഭിച്ചു. പണ്ഡിറ്റ് രവിശങ്കറിൽ നിന്ന് സിതാർ അഭ്യസിക്കാൻ ഇന്ത്യയിലെത്തിയ ബീറ്റിൽസ് ഗായകനായ ജോർജ് ഹാരിസണുമായി പരിചയപ്പെട്ടതിനെത്തുടർന്ന് ഫ്യൂഷൻ സംഗീതത്തിന്റെ വിശാലമായ ആഗോളപരിസരത്തിലേക്കാണ് വെറും പതിമൂന്നാം വയസ്സിൽ അദ്ദേഹം ചെന്നെത്തിയത്. ചെറുപ്പത്തിൽത്തന്നെ പണ്ഡിറ്റ് രവിശങ്കർ, അലി അക്ബർ ഖാൻ, ബ്രിജു മഹാരാജ്, ശിവ് കുമാർ ശർമ്മ തുടങ്ങിയ ഇന്ത്യൻ സംഗീത-നൃത്ത രംഗങ്ങളിലെ പ്രമുഖരുമൊത്ത് വേദി പങ്കിട്ട സാക്കിർ ഹുസൈൻ അവിടങ്ങളിൽമാത്രമായി ഒതുങ്ങാൻ തയ്യാറായില്ല. എഴുപതുകളുടെ തുടക്കത്തിൽ അമേരിക്കയിൽ സംഗീതപര്യടനം നടത്തിയ അദ്ദേഹത്തിന് പാശ്ചാത്യലോകത്ത് ശ്രദ്ധേയമായ സ്വീകരണമാണ് ലഭിച്ചത്.

ഇന്ത്യൻ ക്ലാസ്സിക്കൽ സംഗീതജ്ഞരും പാശ്ചാത്യ പോപ് സംഗീതരംഗവും തമ്മിലുള്ള ഈ ഇടപെടലുകൾക്കും ചില സാംസ്കാരികകാരണങ്ങളുണ്ട്. അറുപതുകളിൽ ത്തന്നെ അമേരിക്കയിൽ തുടങ്ങി ലോകത്തിന്റെ ഇതരഭാഗങ്ങളിലേക്കും അതിവേഗം വ്യാപിച്ച ഹിപ്പി സംസ്കാരത്തിലൂന്നിയ ജീവിതവീക്ഷണമാണ് ഇതിൽ മുഖ്യഘടകം, ലൈംഗികത, പ്രണയം, കുടുംബം തുടങ്ങിയ കാര്യങ്ങളിൽ വ്യവസ്ഥാപിതമായ സാംസ്കാരികമൂല്യങ്ങളെ തിരസ്കരിച്ച ഹിപ്പികൾ സ്വതന്ത്രമായ കൂട്ടായ്മകൾക്കു രൂപം നല്കി. ലഹരിയും ധ്യാനവും സ്വപ്നാടനവു

മുൾപ്പെടെയുള്ള സമാന്തരമാർഗങ്ങളിലൂടെ സ്വബോധത്തിന്റെതന്നെ അപരങ്ങളന്വേഷിച്ച അവർ സംഗീതത്തെയും അതിനുള്ള മാധ്യമമാക്കി. സൈക്കഡെലിക് റോക്ക് എന്ന സംഗീതശൈലി ഈ സംസ്കാരവുമായുള്ള പാരസ്പര്യത്തിൽ നിന്ന് ഉരുവംകൊണ്ടതാണ്. ബ്രിട്ടനിൽ ബീറ്റിൽസും അമേരിക്കയിൽ ഗ്രേറ്റ്ഫുൾ ഡെഡും പോലുള്ള സംഗീതബാൻഡുകളുടെ ആവിഷ്കാരങ്ങളെ നിർണായകമായ വിധത്തിൽ സ്വാധീനിക്കുവാൻ ഹിപ്പിസംസ്കാരത്തിനു കഴിഞ്ഞിട്ടുണ്ട്. പാശ്ചാത്യർ ആത്മീയതയുടെയും ധ്യാനത്തിന്റെയുമൊക്കെ ആവിഷ്കാരമായി തിരിച്ചറിഞ്ഞ ഇന്ത്യൻ ക്ലാസ്സിക്കൽ സംഗീതത്തിന്റെ സങ്കേതങ്ങളും സിതാർ, സരോദ്, തബല തുടങ്ങിയ സംഗീതോപകരണങ്ങളും സൈക്കഡെലിക് റോക്കിൽ ആവേശത്തോടെ സ്വീകരിക്കപ്പെട്ടു. അറുപതുകളിലും എഴുപതുകളിലും ഇന്ത്യൻ സംഗീതജ്ഞർക്കു ലഭിച്ച പാശ്ചാത്യജനപ്രീതിയിൽ സൈക്കഡെലിക് സംഗീതത്തിന്റെ പങ്ക് ഒട്ടും ചെറുതല്ല. അക്കാലത്ത് സാക്കിർ ഹുസൈൻ പാശ്ചാത്യസംഗീതജ്ഞരുമൊരുമിച്ച് ചെയ്ത പരീക്ഷണങ്ങൾക്കു പ്രേരണയായതും സംഗീതരംഗത്തെ ഈ പ്രതിഭാസംതന്നെ.

അമേരിക്കൻ സൈക്കഡെലിക് ബാൻഡായ ശാന്തിയിൽ ഹുസൈൻ ഒത്തുചേർന്ന ഫ്യൂഷൻ സംഗീതംതന്നെ നല്ലൊരുദാഹരണം. ഇന്ത്യൻ രുചിയുള്ള ഹിപ്പി ഫോക്ക് റോക്ക് സംഗീതമാണ്



അവരുടേത്. ഗിറ്റാർ, ബാസ്, ഡ്രംസ് തുടങ്ങിയ പതിവ് ഉപകരണങ്ങൾക്കൊപ്പം സരോദ്, ഡോലക്ക്, തബല എന്നിവയും അവർ സംഗീതാവതരണത്തിൽ ഉപയോഗിച്ചു. ഗ്രേറ്റ്ഫുൾ ഡെഡിൽനിന്നു താല്കാലികമായി പുറത്തുവന്ന മിക്കി ഹാർട്ടിന്റെ ആദ്യസ്വതന്ത്ര ആൽബമായ 'റോളിങ് തണ്ടറി'ൽ സാക്കിർ ഹുസൈനൊപ്പം അല്ലാരഖയും പങ്കെടുക്കുന്നുണ്ട്. പ്രശസ്ത ബ്രിട്ടീഷ് ഗിറ്റാർ വാദകനായ ജോൺ മക്ലോളിനുമൊത്താണ് ഹുസൈൻ ശക്തി എന്ന ബാൻഡിൽ സംഗീതമവതരിപ്പിച്ചത്. ദക്ഷിണേന്ത്യൻ സംഗീതജ്ഞരായ എൽ. ശങ്കർ, ടി. എച്ച്. വിനായകറാം എന്നിവരായിരുന്നു സംഘത്തിലെ മറ്റംഗങ്ങൾ. ഈ ഒത്തുചേരലിനെക്കുറിച്ച് സാക്കിർ ഹുസൈൻതന്നെ പറയുന്നു: "ആവട്ടെ, നിങ്ങൾ ദക്ഷിണേന്ത്യൻ സംഗീതമവതരിപ്പിക്കൂ; ഞാൻ ഉത്തരേന്ത്യൻ അവതരിപ്പിക്കാം; അയാൾ ജാസ് സംഗീതം ചെയ്യട്ടെ; എന്തു സംഭവിക്കുമെന്നു നോക്കാം എന്ന മനോഭാവമായിരുന്നില്ല ഓരോരുത്തർക്കുമുണ്ടായിരുന്നത്. ഒരുമിച്ച് ഒരു വണ്ടിയിൽക്കയറിയുള്ള യാത്രയായിരുന്നു അത്. നാലാളുകൾ ഒന്നായതുപോലെ."

പാശ്ചാത്യശ്രോതാക്കൾ ശക്തിയെ വേണ്ടുംവണ്ണം സ്വീകരിച്ചില്ലെങ്കിലും ഹുസൈന് അതിന്റെ ഗുണനിലവാരത്തെക്കുറിച്ച് സംശയമുണ്ടായിരുന്നില്ല. തുടർന്നും മക്ലോളിനുമൊത്ത് മറ്റു നിരവധി ആൽബങ്ങളിൽ അദ്ദേഹം പങ്കുചേർന്നു. 1978-ൽ ശക്തിയെന്ന ബാൻഡിലെ അംഗങ്ങൾ വേർപിരിഞ്ഞെങ്കിലും 1998-ൽ അത് പുനഃസംഘടിപ്പിച്ചു. മിക്കി ഹാർട്ടുമൊരുമിച്ച് എഴുപതുകളിൽ നിർവഹിച്ച ഡിഗാ റിഥം ബാൻഡ് എന്ന ഫ്യൂഷൻരംഗത്തെ പരീക്ഷണം സാക്കിർ ഹുസൈനെ കൂടുതൽ ശ്രദ്ധേയനാക്കി. റോക്ക് ആൻഡ് റോൾ സംഗീതചരിത്രത്തിലെതന്നെ നിർണായകസാന്നിധ്യമായ ഗായകൻ വാൻ മോറിസൺ, അമേരിക്കൻ ജാസ് സാക്സഫോൺ വിദഗ്ധൻ ജോ ഹെൻഡേഴ്സൺ,



ലാറ്റിൻ ജാസ് സംഗീതത്തിലും ക്യൂബൻ നൃത്ത-സംഗീതമായ മാംബോയിലും അഗ്രഗണ്യനായ ടിറ്റോ പ്യൂണ്ടേ എന്നിങ്ങനെ ഹുസൈന്റെ ലോകസംഗീതപര്യടനത്തിൽ ഒത്തുചേർന്ന പ്രഗല്ഭർ അനവധിയാണ്. ഹോങ് കോങ് സിംഫണി ഓർക്കെസ്ട്ര, ന്യൂ ഓർലിയൻസ് സിഫണി ഓർക്കെസ്ട്ര എന്നിങ്ങനെ പാശ്ചാത്യ ക്ലാസ്സിക്കൽ സംഗീതത്തിലെ എണ്ണംപറഞ്ഞ സംഘങ്ങൾക്കൊപ്പവും അദ്ദേഹം പ്രവർത്തിച്ചു.

തന്റെ ആദ്യസ്വതന്ത്ര ആൽബമായ 'മേക്കിങ് മ്യൂസിക്കി' (1987)ലും ഹുസൈൻ ഫ്യൂഷൻ സംഗീതത്തിനാണ പ്രാധാന്യം നല്കിയത്. എലക്ട്രിക് ഗിറ്റാറിനു പകരം സ്വാഭാവികനാദത്തിലൂന്നിയ അക്യൂസ്റ്റിക് ഗിറ്റാറുപയോഗിച്ച് ജോൺ മക്ലോളിനും ബാംസുരിയുടെ മൃദുലഭാവങ്ങളിൽ മാത്രം കേന്ദ്രീകരിച്ച് ഹരിപ്രസാദ് ചൗരസ്യയും സാക്സഫോണിന്റെ തീക്ഷ്ണനാദങ്ങളിലഭിരമിച്ച് ജാൻ ഗാർബറെക്കുമൊരുമിക്കുന്ന ആ ആൽബം ഫ്യൂഷൻ സംഗീതത്തിലെ ഗൗരവമുള്ള പരീക്ഷണങ്ങളിലൊന്നാണ്. അടുത്ത വർഷം അല്ലാ രഖയുമൊരുമിച്ചുള്ള 'തബല ഡ്യൂവറ്റ്' പുറത്തു വന്നപ്പോൾ തലമുറകളുടെ കൂടിച്ചേരലെന്നതിലുപരി തബലയിലെതന്നെ ഏറ്റവും മികച്ച കലാകാരന്മാരുടെ വാദനസംഗമം കൂടിയായിത്തീർന്നു അത്.

ഫ്യൂഷൻ സംഗീതത്തിന്റെ സാധ്യതകൾ കൂടുതൽ വിശാലമായി അന്വേഷിച്ച 'പ്ലാനറ്റ് ഡ്രം' എന്ന ആൽബത്തോടെ സാക്കിർ ഹുസൈന്റെ കലയിലും വലിയൊരു വികാസം സംഭവിക്കുന്നുണ്ട്. ദ്രുതതാളത്തിലുള്ള വിരലുകളുടെ പെരുക്കത്തെക്കാൾ തബലയുടെ നാദത്തിന്റെ സ്വരാത്മകമായ ഗുണങ്ങൾ ആവുന്നത്ര വികസിപ്പിക്കുന്നതിലാണ് പിന്നീടദ്ദേഹം കൂടുതൽ ശ്രദ്ധിച്ചത്. ആഗോളതലത്തിൽ ശ്രദ്ധേയമായില്ലെങ്കിലും കേരളത്തിന്റെ ടോക്കിങ് ഡ്രം ആയ ഇടയ്ക്കയിൽ പല്ലാവൂർ അപ്പുമാരാർ ചെയ്തതുപോലുള്ള അപൂർവം ഉദാഹരണങ്ങൾ മാറ്റിവച്ചാൽ,

ഇന്ത്യൻ വാദ്യകലയുടെ പൊതുവായ രീതിശാസ്ത്രത്തിന് അത്തരം കാര്യങ്ങൾ അന്യമാണെന്നുതന്നെ പറയാം. വാദ്യസംഗീതത്തെക്കുറിച്ചുള്ള സാക്കിർ ഹുസൈന്റെ വാക്കുകൾ കേൾക്കുക: "ഇന്ത്യയിൽ സംഗീതമവതരിപ്പിക്കുന്നതിന് ഒരു പ്രത്യേകരീതിയുണ്ട്. ഒരു താളത്തിലോ സങ്കീർണമായ ഒരു താളവട്ടത്തിലോ ഊന്നിക്കൊണ്ട് സംഗീതരൂപത്തെ പരമാവധി സമഗ്രതയോടെ ആവിഷ്കരിക്കുന്നതിനാണ് നമുക്ക് താൽപര്യം. പക്ഷേ ഒരു ഉപകരണത്തിനു സാധ്യമാകുന്ന മെലോഡിക് ടോണുകളുടെ റേഞ്ചിൽ നമുക്ക് അത്ര ശ്രദ്ധയില്ല. പൃൂർട്ടോറിക്കൻ കോംഗായും ആഫ്രിക്കൻ ടോക്കിങ് ഡ്രമ്മും ജാസ് ഡ്രമ്മും വായിക്കുന്നവർ ചെയ്യുന്ന വിവിധവും സൂക്ഷ്മവുമായ നാദവിന്യാസത്തിൽനിന്ന് ഞാൻ പഠിച്ചത് അതാണ്."

താളകലയിലെന്നപോലെ സ്വരാത്മകസംഗീതത്തിലുമുള്ള സഹജബോധവും പരിചയവും ഇക്കാര്യത്തിൽ അദ്ദേഹത്തിനു സഹായകമാകുന്നുണ്ട്. ജോൺ മക്ലോളിന് ഹിന്ദുസ്ഥാനി വാചികസംഗീതത്തിന്റെ അടിസ്ഥാനഘടന പാടിത്തന്നെ പരിചയപ്പെടുത്തിയത് ഹുസൈനാണെന്നോർമ്മിക്കാം. ഫറോവ സാൻഡേഴ്സിന്റെ 'സേവ് ഔവർ ചിൽഡ്രൻ' എന്ന ആൽബത്തിലും അദ്ദേഹം പാടിയിട്ടുണ്ട്. സ്വരാത്മകവും താളാത്മകവുമായ സംഗീതത്തിലുള്ള ഈ പ്രയോഗക്ഷമതയാണ് സിനിമയുടെ പശ്ചാത്തലസംഗീതത്തിന് അദ്ദേഹത്തെ പ്രാപ്തനാക്കിയത്. ഇസ്മയിൽ മർച്ചന്റിന്റെ 'ഇൻ കസ്റ്റഡി', 'ദ മിസ്റ്റിക് മസ്സർ' എന്നീ സിനിമകൾക്കും ഷാജി എൻ. കരുണിന്റെ 'വാനപ്രസ്ഥ'ത്തിനും സായ് പരഞ്ജയുടെ 'സാസി'നും രാഹുൽ ബോസിന്റെ 'എവരിബഡി സേയ്സ് അയാം ഫൈൻ' എന്ന ചിത്രത്തിനുമൊക്കെ സാക്കിർ ഹുസൈൻ സംഗീതസംവിധാനം നിർവഹിച്ചിട്ടുണ്ട്. ബർണാർഡോ ബർത്തലൂച്ചിയുടെ 'ലിറ്റിൽ ബുദ്ധ'യിലും ജേംസ് ഐവറിയുടെ 'ഹീറ്റ് ആൻഡ് ഡസ്റ്റി'ലും പശ്ചാത്തലസംഗീതം നിർവഹിച്ചതുകൂടാതെ അഭിനയിക്കുകയും ചെയ്തിട്ടുണ്ട് അദ്ദേഹം.

ആഗോളതലത്തിലുള്ള ഈ സ്വീകാര്യതയിലും പരമ്പരാഗതമായ ക്ലാസ്സിക്കൽ സംഗീതത്തിൽനിന്ന് അദ്ദേഹം വിട്ടുനിന്നില്ല. 1991-ൽ സാക്കിർ ഹുസൈൻ സ്ഥാപിച്ച 'മൊമെന്റ്! റെക്കോർഡ്സി'ന്റെ ഉദ്ദേശ്യലക്ഷ്യങ്ങളിൽത്തന്നെ അദ്ദേഹത്തിന്റെ സംഗീതസംബന്ധിയായ കാഴ്ചപ്പാടു വ്യക്തമാണ്. സമകാലികലോകസംഗീതരംഗത്തെ പരീക്ഷണങ്ങളും ഒപ്പം ഇന്ത്യൻ ക്ലാസ്സിക്കൽ സംഗീതരംഗത്തെ പ്രധാനികളുടെ അരങ്ങവതരണങ്ങളും തുല്യപ്രാധാന്യത്തോടെ പ്രചരിപ്പിക്കുകയെന്നതാണത്. അരങ്ങവതരണങ്ങൾക്ക് അദ്ദേഹം നല്കുന്ന പ്രാധാന്യം കൗതുകകരമാണ്. അവിടെ ആവിഷ്കാരസമയത്തു തന്നെ നേരിട്ട് അഭിമുഖീകരിക്കുന്ന ശ്രോതാക്കളുടെ പ്രതികരണത്തിന് കലാപ്രകടനത്തെ വലിയൊരളവിൽ നിർണയിക്കാനുള്ള ശേഷിയുണ്ട്. ക്ലാസ്സിക്കൽ രീതിയിലുള്ള ഹിന്ദുസ്ഥാനി-കർണാടക സംഗീതാവതരണങ്ങളിൽത്തന്നെ മറ്റു വാദകരെക്കാളേറെ തന്റേതുമാത്രമായ മനോധർമ്മങ്ങൾക്കുള്ള ഇടങ്ങൾ ഹുസൈൻ കണ്ടെത്തുന്നുണ്ട്. ചൗരസ്യയുമൊരുമിച്ചുള്ള ഹംസധ്വനിയിലും കുന്നക്കുടി വൈദ്യനാഥനമൊന്നിച്ചുള്ള ഹിന്ദോളത്തിലും അദ്ദേഹം ശ്രോതാക്കളുടെ പ്രതികരണത്തിൽ അഭിരമിക്കുന്നു മാത്രമല്ല, തബലയുടെ നാദത്തെ സ്വരാത്മകതയുടെ സാധ്യതകൾ അന്വേഷിക്കുന്ന തരത്തിൽ വികസിപ്പിക്കുന്നതും കേൾക്കാം.

ക്ലാസ്സിക്കൽ സംഗീതത്തിന്റെ പശ്ചാത്തലമുള്ള ശിവമണിയെയും ത്രിലോക് ഗുരുവിനെയുംപോലുള്ള ഇന്ത്യയിലെ ജനപ്രിയരായ വാദ്യകലാകാരന്മാർ പ്രധാനമായും ഫ്യൂഷൻ സംഗീതത്തിലും പൗരസ്ത്യമോ പാശ്ചാത്യമോ ആയ മറ്റു പോപ് സംഗീതധാരകളിലുംമാത്രം ശ്രദ്ധ കേന്ദ്രീകരിക്കുമ്പോൾ സാക്കിർ ഹുസൈൻ നിർവഹിച്ച ഈ ദ്വിമുഖധർമ്മം ശ്രദ്ധിക്കേണ്ടതുണ്ട്. ഏതു സംഗീതപദ്ധതിയുടെ കൂടെ ചേരുമ്പോഴും ആ സംഗീതത്തിന്റെ സാങ്കേതികഘടന മനസ്സിലാക്കിക്കൊണ്ട് അദ്ദേഹം പ്രാഥമികമായി ക്ലാസ്സിക്കൽ ശൈലിയുടെ പശ്ചാത്തലത്തിൽ താൻ വികസിപ്പിച്ചെടുത്ത വാദനരീതിതന്നെ പിന്തുടർന്നു. ഒപ്പം അടിസ്ഥാനകാര്യങ്ങളിൽ വ്യത്യാസം വരുത്താതെ തന്നെ തന്റെ വാദ്യത്തെയും വാദനത്തെയും സൗന്ദര്യശാസ്ത്രപരമായി വികസിപ്പിക്കാനുള്ള സാധ്യതകൾ മറ്റു സംഗീതപദ്ധതികളിൽനിന്നു കണ്ടെത്തിക്കൊണ്ടിരുന്നു. അകത്തു കണക്കുകളും പുറത്തു കളിയുമായി അതു കേൾവിക്കാർക്കു കൊടുക്കുകയും തിരികെ അവരിൽനിന്നുള്ള ഊർജ്ജം സ്വീകരിക്കുകയും ചെയ്തു. ക്ലാസ്സിക്കൽ കരുത്തിലും ജനപ്രീതിയുടെ ഹരത്തിലും സാക്കിർ ഹുസൈൻ ഒന്നാമനായതിനു കാരണങ്ങൾ ഇവയൊക്കെയാണ്. അപ്പോഴും അദ്ദേഹം ഒരല്പം വിഷാദിച്ചിരുന്നു: "എനിക്ക് പത്തു വിരലുകളേയുള്ളല്ലൊ."

ലോകം അദ്ദേഹത്തിന്റെ കലയെ അറിഞ്ഞാദരിക്കുകതന്നെ ചെയ്തു. മിക്കി ഹാർട്ടുമായിച്ചേർന്നു പ്രവർത്തിച്ച ആൽബങ്ങളിലൂടെ സംഗീതത്തിലെ ആഗോളബഹുമതിയായ ഗ്രാമ്മി അവാർഡാണ് അദ്ദേഹത്തിനു രണ്ടു തവണ ലഭിച്ചത്. 2024ൽ മൂന്ന് ഗ്രാമ്മി അവാർഡുകൾ ഒന്നിച്ചു നേടുന്ന ആദ്യ ഇന്ത്യക്കാരനായി സംഗീതലോകത്തിന്റെതന്നെ നെറുകയിൽ എത്തിനില്ക്കുമ്പോഴാണ് അപ്രത്യക്ഷമായ ഈ വേർപാട്. പ്രിയപ്പെട്ട ഉസ്താദ്, ആ കുസൃതിമുഖത്തെ പുഞ്ചിരിയും വിരലുകൾകൊണ്ടുതീർത്ത നാദപ്പെരുക്കവും ഉള്ളിൽനിന്നു മായുന്നില്ല. അങ്ങയുടെ തബലയിൽനിന്നുയർന്ന ആ നാദശലഭങ്ങൾ ഇപ്പോഴും ഈ ലോകത്തെ ചുറ്റി ചിറകടിച്ചു പറക്കുന്നുണ്ട്. പത്തു വിരലുകൾകൊണ്ടുതീർത്ത ആ കലയുടെ സൗമ്യവും ഗാഢവുമായ സ്പർശനം ഇപ്പോഴും ഞങ്ങൾ ഉള്ളിൽ അനുഭവിക്കുന്നു.

**ഡോ. ദേവി കെ. വർമ്മ**
എസ് ഡി കോളജ്, ആലപ്പുഴ



# നാദങ്ങളായ് നീ വരൂ!

ഭാവസാന്ദ്രമായൊരു ഗാനപ്രപഞ്ചമാണ് പി. ജയചന്ദ്രൻ അവശേഷിപ്പിച്ചത്. ‘ശബ്ദാർത്ഥൗ സഹിതൗ കാവ്യം’ എന്നത് കവിതയുടെ നിർവചനമാണെങ്കിൽ, ശബ്ദവും അർത്ഥവും മാത്രമല്ല സ്വരവും താളവും ലയവും കൂടി ചേരുമ്പോഴാണ് ഒരു ഗാനം സാധ്യമാവുക. പാട്ടിൽ ഉപയോഗിക്കുന്ന വാക്കുകളും അവയുടെ അർത്ഥവും അതിനുനൽകുന്ന സംഗീതവും താളവും ഇമ്പമാർന്ന ആലാപനവും ചേർന്നാണ് മൂന്നോ നാലോ മിനിറ്റ് മാത്രം ദൈർഘ്യമുള്ള ഗാനങ്ങളെ അനശ്വരങ്ങളാക്കി തീർക്കുന്നത്. സംഗീതാസ്വാദകരിൽ തന്റേതായ കാതൊപ്പുചാർത്തി, മലയാളത്തിലെ ഗാനഭാവുകത്വത്തെ സ്വാധീനിച്ച പ്രിയ ഗായകനാണ് പി. ജയചന്ദ്രൻ. മലയാളത്തിൽ ഉൾപ്പെടെ വിവിധ തെന്നിന്ത്യൻ ഭാഷകളിലും ഹിന്ദിയിലും ശബ്ദവിസ്മയം തീർത്ത പ്രതിഭയാണ് അദ്ദേഹം. ഏറ്റവും ചുരുങ്ങിയ സമയത്തിനുള്ളിൽ ഒരു കഥാസന്ദർഭത്തിന്റെ തീവ്രതയോ കഥാപാത്രത്തിന്റെ മനോഭാവമോ പകർന്നുനൽകുക എന്നതാണല്ലോ ചലച്ചിത്രഗാനങ്ങളുടെ പ്രധാന വെല്ലുവിളി. ഈണവും സാഹിത്യവുമെല്ലാം പിന്നണിയിൽ പ്രവർത്തിക്കുമ്പോൾ, പാട്ട് ശ്രോതാക്കളിലേക്കെത്തുന്നത് ഗായകരിലൂടെയാണ്. ഗായകശബ്ദത്തിന്റെ ഏറ്റക്കുറച്ചിലുകൾക്കും ഭാവസൗന്ദര്യത്തിനും ശ്വാസഗതിയ്ക്കുപോലും ഒരു പാട്ടിന്റെ ആസ്വാദ്യതയെ നിർണയിക്കാനാവും. വാക്കുകൾക്കു കൊടുക്കുന്ന ചെറിയ ഊന്നലുകൾ, ചില അക്ഷരങ്ങളുടെ ഉച്ചാരണം ഇവയെല്ലാം സംഗീതത്തിന്റെ സാങ്കേതികതകൾക്കൊപ്പം ആ പാട്ടിനെ സ്വാധീനിക്കുന്നു. ആലാപനത്തിന്റെയും ഉച്ചാരണത്തിന്റെയും മൗലികത കൊണ്ടും ശാരീരവിന്യാസത്തിലെ മായികത കൊണ്ടും തന്റെ ഗാനങ്ങളിൽ ഒരു ‘ജയചന്ദ്രസ്പർശം’ അടയാളപ്പെടുത്താൻ അദ്ദേഹത്തിന് കഴിഞ്ഞിട്ടുണ്ട്. സിനിമ, ആൽബം, ഭക്തിഗാനങ്ങൾ, ലളിതഗാനങ്ങൾ തുടങ്ങി ജയചന്ദ്രന്റെ വിശാലമായ ഗാനലോകം പ്രമേയവൈവിധ്യത്താൽ സമ്പന്നവും ഭാവവൈചിത്ര്യത്താൽ സമൃദ്ധവുമാണ്.

പതിറ്റാണ്ടുകൾക്കുമുൻപ് മലയാളി കേട്ടും ആസ്വദിച്ചും ഏറ്റുപാടിയും നെഞ്ചേറ്റിയ “ഒന്നിനി ശ്രുതിതാഴ്ത്തി പാടുക പൂങ്കുയിലേ, എന്നോമലുറക്കമായ് ഉണർത്തരുതേ..” എന്ന ലളിതഗാനം എപ്പോൾ കേൾക്കുമ്പോഴും ദൂരദർശനിൽ ജയചന്ദ്രൻ നിന്ന് ആലപിക്കുന്ന രംഗമാണ് ഓർമ്മയിൽ തെളിയുക. ഒ എൻ വിയുടെ വരികൾക്ക് ദേവരാജൻ ഈണം പകർന്ന് ജയചന്ദ്രൻ പാടിയ ഈ ഗാനം ഒരു ചലച്ചിത്രഗാനത്തേക്കാൾ സന്ദർഭചാരുത ഉള്ളതാണ്. താരാട്ടുപാട്ടിന്റെ വാത്സല്യവും കുരുന്നിനോടുള്ള കരുതലും പകരുമ്പോൾ തന്നെ “കാലത്തിൻ കണികയാം ഈ ജന്മത്തിന്റെ ജാലകത്തിലൂടെ അപാരതയെ നോക്കി ഞാനിരിക്കുമ്പോൾ” എന്ന വലിയ സമയചക്രവാളത്തോളം ആ ഗായകസ്വരം ആഴമുള്ളതും ആകുന്നു. നിദ്രയുടെ പടിവരെ അനുയാത്ര ചെയ്യെത്തുന്ന താരാട്ടിന്റെ നാദം, പിന്നീട് കേവലാനന്ദ സമുദ്രമായി ആസ്വാദകഹൃദയങ്ങളിൽ അലതല്ലുന്നു. “ഉച്ചത്തിൽ മിടിക്കൊല്ലേ നീയെന്റെ ഹൃദന്തമേ.. സ്വച്ഛശാന്തമെന്നോമൽ മയങ്ങിടുമ്പോൾ” എന്ന ശ്രദ്ധ ഹൃദ്യമായൊരു ഓമനത്തമായി  നമ്മെ പുല്കുന്നു. “സ്മൃതി തൻ ചിറകിലേറി ഞാനെൻ ശ്യാമഗ്രാമഭൂവിലണയുന്നു” എന്ന ലളിതഗാനവും ഗൃഹാതുരമായ ഒരു ഗ്രാമീണഭൂതകാലത്തിലേയ്ക്ക് ഏതൊരു ഭാവുകനേയും അനുനയിക്കുന്നതാണ്. ഹരി കുടപ്പനക്കുന്നിന്റെ വരികൾക്ക് എം. ജയചന്ദ്രൻ ഈണം നൽകിയ ഈ ദൂരദർശൻഗാനവും ഒരു നിഷ്കളങ്കബാല്യത്തെയും ഒപ്പം കുളിരണിയുന്ന കൗമാരത്തെയും കരുതിവയ്ക്കുന്നുണ്ട്. മുത്തച്ഛനെ കുറിച്ചുള്ള പൈതൃകസ്മരണകളും കളിക്കൂട്ടുകാരിയെ ഓർക്കുമ്പോഴത്തെ പ്രണയാനുഭൂതിയും ഈ ഗാനത്തിന്റെ കേൾവി പകർന്നുതരുന്നു. “അന്നെന്റെ മനസ്സോ മുഗ്ധ സൗന്ദര്യത്തിൻ ആദ്യാനുഭൂതിതൻ ആനന്ദമറിഞ്ഞൂ.. നറുനിലാവായിന്നും നിറയുന്നൂ ഹൃദയത്തിലവളുടെ സൗന്ദര്യം” എന്ന് ജയചന്ദ്രൻ പാടുമ്പോൾ ഗ്രാമീണത അമൂർത്തമായൊരു അനുഭൂതിയായി ആസ്വാദകരിലും നിറയുന്നു.

ജയചന്ദ്രന്റെ ചലച്ചിത്രഗാനലോകത്തെ ഒരു ചിമിഴിലൊതുക്കുക പ്രയാസമാണ്. പാട്ടിന്റെ ആസ്വാദനം വിശകലനത്തിലല്ല, കേൾവിയിലാണ് സംഭവിക്കുക. ആസ്വാദക പക്ഷത്തുനിന്ന് വിചാരിച്ചാൽ, ഒരാൾ പാട്ടു കേൾക്കുന്ന രീതിയ്ക്കും സന്ദർഭത്തിനും സ്ഥലത്തിനും എല്ലാം ആ പാട്ടിനെ വ്യത്യസ്തമാക്കി തീർക്കാൻ കഴിയും. ഗാനാസ്വാദനം വൈയക്തികമായൊരു സവിശേഷാനുഭവമാണ്. ചിലപ്പോഴത് കേവലമോ ഉദാസീനമോ ആയ കേൾവിയായിരിക്കാം, ചിലപ്പോൾ ആൾക്കൂട്ടത്തിനൊപ്പം നടക്കുന്ന ആഹ്ലാദമാകാം. ഏകാന്തവും സൂക്ഷ്മവുമായ സംഗീതാസ്വാദനങ്ങൾ പാട്ടിന്റെ വിവിധങ്ങളായ അടരുകളിലേയ്ക്ക് നമ്മെ ആനയിക്കും. അത്തരത്തിൽ സൂക്ഷ്മശ്രുവണങ്ങൾക്കും ഏകാന്തമായ കാതോർക്കലിനും വിരുന്നൊരുക്കുന്നവയാണ് ജയചന്ദ്രഗീതികൾ എന്ന് തോന്നിയിട്ടുണ്ട്. ഏതൊരു വൈകാരികസന്ദർഭത്തിന്റെയും ആർദ്രത മുഴുവൻ ലയിച്ചു ചേരുന്ന തേനൊലിയായി ആ ഭാവഗീതികൾ ഉള്ളിൽ കിനിയുന്നു.

‘അഭൗമം’ എന്ന പേരിൽ ജയചന്ദ്രനെ അനുസ്മരിക്കുന്ന  മാതൃഭൂമി ആഴ്ചപ്പതിപ്പിൽ ‘നര ബാധിക്കാത്ത സ്വരം’ എന്നാണ് അഷ്ടമൂർത്തി അദ്ദേഹത്തെക്കുറിച്ച് എഴുതുന്നത്. സിനിമാഗാനങ്ങളുടെ ഭാവുകത്വം അതിവേഗം മാറിമറിയുന്നതാണ്. പണ്ടത്തെ പാട്ടൊക്കെ എത്ര നല്ലതായിരുന്നു എന്ന് നെടുവീർപ്പിടുന്ന മലയാളികളെ നാം ധാരാളം കാണാറുണ്ട്. പുതിയ പാട്ടുകളുടെ സംഗീതം വാദ്യം അവ ചേർന്നൊരുക്കുന്ന കേൾവിയുടെ നവ്യാനുഭവം ഇതെല്ലാം പലതരത്തിൽ ചർച്ച ചെയ്യപ്പെടാറുണ്ട്. ‘പഴയ പാട്ട്’ കളിൽ നിന്ന് ഓരോ കാലഘട്ടത്തിലൂടെയും മാറിവരുന്ന കേൾവിശീലത്തെ സംഗീതത്തിന്റെ മാത്രമല്ല, ജനപ്രിയസംസ്കാരത്തിന്റെ മാനകങ്ങൾ കൊണ്ടും പഠിക്കാവുന്നതാണ്. ഈ മാറ്റം അനിവാര്യവും സ്വാഭാവികവു

മാണ്. എന്നാൽ ഏതുകാലത്ത് പാട്ടുമ്പോഴും ജയചന്ദ്രന്റെ സ്വരം വിസ്മയകരമായി താരുണ്യം പൂണ്ടുനിൽക്കുന്നു. ജയചന്ദ്രൻ അറുപതുകളിൽ ആലപിച്ച ഗാനങ്ങൾ പോലെതന്നെ ചെറുപ്പമാണ് തൊണ്ണൂറുകളുടെ അവസാനവും രണ്ടായിരത്തിനു ശേഷവും വന്ന ഗാനങ്ങളും. പി. ഭാസ്കരൻ രചിച്ച് ദേവരാജൻ സംഗീതം നല്കിയ "മഞ്ഞലയിൽ മുങ്ങിത്തോർത്തി ധനുമാസച്ചന്ദ്രിക വന്നു, നിന്നെ മാത്രം കണ്ടില്ലല്ലോ, നീ മാത്രം വന്നില്ലല്ലോ, പ്രേമചകോരീ.." എന്ന മോഹനം രാഗത്തിൽ തീർത്ത വിസ്മയം പതിറ്റാണ്ടുകളുടെ അകലം പരിഗണിക്കാതെ മലയാളമനസ്സിൽ നിലാവുപരത്തുന്നു. നീ മാത്രം വന്നില്ലല്ലോ എന്ന, പരിഭവം കലർന്ന വിഷാദവും തേടലും ആ ശബ്ദസൗഭഗത്തിലൂടെ നമ്മെ തൊട്ടുനില്ക്കുന്നു. "അനുരാഗ ഗാനം പോലേ, അഴകിന്റെ അല പോലേ.. ആരു നീ ആരു നീ ദേവതേ" എന്ന് യൂസഫലി കേച്ചേരി എഴുതി ബാബുരാജ് ഈണമിട്ടപ്പോൾ അത് 'അഴകിന്റെ പാലാഴി കടഞ്ഞുകടഞ്ഞെടുത്ത അമൃതായി' ജയചന്ദ്രൻ നമുക്ക് പകർന്നുനൽകി. ശ്രീകുമാരൻതമ്പി എഴുതിയതും എം എസ് വിശ്വനാഥൻ പഹാഡി രാഗത്തിൽ ചിട്ടപ്പെടുത്തിയതുമായ മറ്റൊരു ജയചന്ദ്രൻ ഹിറ്റാണ് ലങ്കാദഹനം എന്ന ചിത്രത്തിലെ "തിരുവാഭരണം ചാർത്തി വിടർന്നു തിരുവാതിര നക്ഷത്രം.. പ്രിയദർശിനീ നിൻ ജന്മദിനത്തിൽ ഹൃദയം തുടികൊട്ടുന്നു" എന്ന ഗാനം. "ഒരു ഗാനത്തിൻ മഴവിൽ ചിറകിൽ പ്രിയസഖി നിന്നെ ഉയർത്താം ഞാൻ" എന്ന് ജയചന്ദ്രൻ പാട്ടുമ്പോൾ, എത്രയോ സുന്ദരഗാനങ്ങളുടെ മഴവിൽചിറകിൽ കാല്പനികമായും ഗൃഹാതുരമായും ആ നാദമാധുരി നമ്മെ ഉണർത്തിവിട്ടു. ഇത്രയും ഭാവസുന്ദരമായ മെലഡികൾക്കൊപ്പം കാനുഘോഷ് സംഗീതസംവിധാനം നിർവഹിച്ച "നിൻ പദങ്ങളിൽ നൃത്തമാടിടും എന്റെ സ്വപ്നജാലം" പോലുള്ള വേറിട്ട ഈണങ്ങൾക്കും അദ്ദേഹം ശബ്ദം നൽകി.

ദേവരാഗം എന്ന ചിത്രത്തിൽ സവിശേഷമായ ഒരു ഭാവതലത്തിൽ ചിത്രീകരിക്കപ്പെട്ട ഗാനമാണ് ഹിന്ദോളരാഗത്തിൽ കീരവാണി ഒരുക്കിയ, എം.ഡി. രാജേന്ദ്രൻ രചിച്ച "ശിശിരകാല മേഘമിഥുന രതിപരാഗമോ അതോ ദേവരാഗമോ" എന്ന സുന്ദരമായ ഗാനം. ആ ചിത്രത്തിന്റെ പ്രണയാനുഭൂതിയെ മുഴുവൻ ആവാഹിക്കുന്ന ഗാനവും ഗാനരംഗവും കൂടിയാണത്. അരവിന്ദ് സ്വാമിയും ശ്രീദേവിയും അഭിനയിക്കുന്ന ആ ഗാനരംഗത്തെ ഭാവസുരഭിലമാക്കുന്നതിൽ ജയചന്ദ്രന്റെയും ചിത്രയുടെയും ശബ്ദത്തിനും ആലാപനമികവിനുമുള്ള പങ്ക് ശ്രദ്ധേയമാണ്. ദർബാരി കാനഡയിൽ വിദ്യാസാഗർ ചിട്ടപ്പെടുത്തി കൈതപ്രം രചിച്ച "പൂവേ പൂവേ പാലപ്പൂവേ" എന്ന വേഗതാളത്തിലെ ഗാനം അന്ന് എന്നപോലെ ഇന്നും ദേവദൂതൻ സിനിമയുടെ പുനരാവിഷ്കാരത്തിലൂടെ പുതുതലമുറയിലും പ്രശസ്തി നേടി.

ജയചന്ദ്രന്റെ രണ്ടാം വരവ് എന്നു തന്നെ പറയാവുന്നതാണ് നിറം എന്ന ചിത്രത്തിലെ "പ്രായം നമ്മിൽ മോഹം നല്കി..മോഹം കണ്ണിൽ പ്രേമം നല്കി.. പ്രേമം നെഞ്ചിൽ രാഗം നല്കി.." എന്ന വിദ്യാസാഗർ ഗാനം. രാവണപ്രഭുവിലെ ഫാന്റസി നിറഞ്ഞ അലൗകിക പ്രണയരംഗമാണ് ജയചന്ദ്രന്റെ മാസ്മരികതയിൽ നാം കേട്ട "അറിയാതെ അറിയാതെ ഈ പവിഴ വാർത്തിങ്കളറിയാതെ.." എന്ന ഗാനം. നീല ശൈലങ്ങൾ നേർത്ത മഞ്ഞാലെ നിന്നെ മൂട്ടുന്നുവോ.. രാജഹംസങ്ങൾ നിന്റെ പാട്ടിന്റെ വെണ്ണയുണ്ണുന്നുവോ.. എന്ന വരിയിലെ ജയചന്ദ്രന്റെ 'നിന്റെ പാട്ടിന്റെ' എന്ന ഉച്ചാരണവിശേഷം പോലും അരുമയായാണ് അനുഭവപ്പെടുക. സീതാരാവണന്മാരുടെ അസാധ്യമെന്നു കരുതിയിരുന്ന സമാഗമവേളയിൽ ആ നാദധാര പുഷ്പവൃഷ്ടിയായി. ആലിലത്താലിയുമായ് വരു നീ തിങ്കളേ ഇതിലേ ഇതിലേ.., സ്വയംവര ചന്ദ്രികേ.. പ്രേമിക്കുമ്പോൾ നീയും ഞാനും നീരിൽ വീഴും പൂക്കൾ.. തുടങ്ങി വിഹ്വലവും നിർഭരവുമായ കാമുകസ്വരങ്ങൾ ജയചന്ദ്രനിൽ നിന്നും ഗാനനിർഝരിയായി. പിന്നീട് ആസ്വാദകരെ ഏറെ വിസ്മയിപ്പിച്ചുകൊണ്ട്, 1983 എന്ന ചിത്രത്തിലെ പത്താം ക്ലാസ്സുകാരന്റെ കൗമാരസ്വരത്തിൽ "ഓലഞ്ഞാലിക്കുരുവീ ഇളം കാറ്റിലാടിവരു നീ.. കുട്ടുകുടി കിണുങ്ങീ മിഴിപ്പീലി മെല്ലെ തഴുകീ.." എന്ന് ജയചന്ദ്രൻ പാടി. സമകാല ഗാനശില്പികളായ ബി.കെ.ഹരിനാരായണന്റെയും ഗോപീ സുന്ദറിന്റെയും വരികളും ഈണവുമാണ് ഈ പാട്ടൊരുക്കിയത്. മലയാളഗാന ചരിത്രത്തിൽ പല കാലങ്ങളിലെ സംഗീതശില്പികൾക്കൊപ്പം സ്വരം ചേർക്കുന്ന അനായാസ ലാവണ്യത്തിന്റെ കൂടിപ്പേരാണ് പി.ജയചന്ദ്രൻ.

പ്രണയം, വാത്സല്യം, വിരഹം, ഭക്തി, കരുണ.. ഭാവമേതുമാകട്ടെ, മലയാളത്തിന്റെ സ്വന്തം ഭാവഗായകനിൽ അതെല്ലാം ഭദ്രമാണ്. ഈസ്റ്റ് കോസ്റ്റിന്റെ ആൽബങ്ങൾ, ക്രിസ്തീയ ഭക്തിഗാനങ്ങൾ, കൃഷ്ണഭക്തിഗാനങ്ങൾ, ലളിതഗാനങ്ങൾ എന്നിങ്ങനെ സിനിമാഗാനങ്ങൾക്കു പുറത്തേയ്ക്ക് ജയചന്ദ്രസംഗീതം വിശാലമാകുന്നു. "നീലമലപ്പൂങ്കുയിലേ.. നീ കൂടെപ്പോരുന്നോ.." എന്നു ചോദിക്കുന്ന ലോലകാമുകനിൽ നിന്ന് "അടിമലരിണതന്നെ കൃഷ്ണാ അടിയനൊരവലംബം.." എന്നും "കരുണ ചെയ് വാനെന്തു താമസം കൃഷ്ണാ" എന്നുമുള്ള ആലാപനങ്ങൾ ഭക്തിഭാവത്തിന്റെ സാന്ദ്രതയെ പുല്കുന്നു. ശബ്ദക്രമത്തിലൂടെ ഭാവപൂർത്തി പകരുക അത്ര എളുപ്പമാവില്ല. പ്രതിഭയുടെയും സാധനയുടെയും സമന്വയത്തിലൂടെ മാത്രം സാധ്യമാകുന്ന കലയിലെ അത്ഭുതമാണത്. ഭാവം ഏതായാലും അതിനനുസരിച്ച് ഇഴുകിയൊഴുകുന്ന സ്വരത്തിന്റെ സാധ്യതയാണ്, പലതായി പകരാൻ കഴിയുന്ന ലാളിത്യത്തിന്റെ കരുത്താണ് ആ ശബ്ദത്തിന്റെ കാതൽ. ശരീരം കാലയവനികയിൽ മറഞ്ഞാലും ശാരീരം ഇവിടെ ഉയിർക്കും.. നാദങ്ങളായ് നീ വരും !

**ARCHANA P J**
SN College, Kollam

# The Menace of Water Hyacinth in Kerala: A Growing Environmental Concern

Water hyacinths (*Eichhornia crassipes*) is indigenous to northern South America and Brazil. In 1884, it was arrived as an ornamental plant to the United States of America. In the second half of the the nineteenth century, it was brought to various regions of the world. Water hyacinth  is indeed an exotic plant that has raised significant environmental concerns in many parts of the world where it has been introduced. The water hyacinth (*Eichhornia crassipes*) belongs to the kingdom Plantae, phylum Magnoliophyta, class Liliopsida, order Liliales, family Pontederiaceae, and genus *Eichhornia*, with the species name *crassipes*. The water hyacinth, an inconspicuous invader, has been seriously disrupting Kerala's sensitive ecological balance in its beautiful rivers and calm backwaters. Once a verdant plant that adorned lakes and ponds, it has now become a well-known environmental hazard that has severely harmed the surrounding ecosystem and impacted the communities that rely on these bodies of water for their lively hoods. The water hyacinth, or *Eichhornia crassipes*, is a South American aquatic plant that grows quickly. It was brought into Kerala's waterways, mostly as ornament or by accident from aquariums and nurseries, and it grows well in warm, nutrient-rich waters. Water hyacinth is initially attractive due to its glossy leaves and vivid purple blossoms, but it soon forms a thick mat on the water's surface that blocks sunlight and lowers oxygen levels below.

**Environmental Impact**

Uncontrolled water hyacinth growth presents a number of serious environmental problems, including:

**Habitat Alteration:** Water bodies' chemical and physical characteristics are changed by dense mats of water hyacinth. They disturb the habitats of native

aquatic animals by limiting water flow, lowering oxygen levels, and changing temperature gradients.

**Biodiversity Loss:** The water hyacinth's dense canopy makes it hard for native plants and animals to survive. As a result of native species being outcompeted or denied access to their natural habitats, biodiversity declines.

**Economic Impact:** Kerala's economy depends heavily on agriculture, tourism, and fishing—all of which are damaged by water hyacinth. Crop productivity is impacted when irrigation canals get congested, fishing areas become inaccessible, and tourist sites lose their allure.

**Water Quality Issues:** Eutrophication is the excessive nutrient enrichment that encourages algal blooms occurs when decomposing water hyacinth returns nutrients to the water. This can result in fish fatalities, unpleasant odors, and further deterioration of the water quality.

**Challenges in Management**

Considering its durability and quick growth, water hyacinth management is a difficult undertaking. Conventional techniques such as human removal, the use of herbicides, and biological control the introduction of natural predators or pathogens have not always been successful and frequently present a number of environmental issues of their own.

**Sustainable Solutions**

Addressing the water hyacinth problem requires a multi-faceted approach:

**Community Engagement:** Water body management and monitoring require the participation of stakeholders and local populations. Awareness campaigns can promote the proper disposal of aquatic plants and inform locals about the effects of water hyacinth.



**Integrated Management:** Eco-friendly pesticides, biocontrol techniques, and mechanical removal can all be used to minimize environmental damage while successfully reducing water hyacinth populations.

**Research and Innovation:**

- Costs can be decreased and efficiency increased by funding studies for sustainable management techniques and investigating cutting-edge technologies (such drones for monitoring and targeted herbicide application).
- **Policy and Regulation:** Strict laws governing the sale and transportation of aquatic plants must be put into place, and local, state, and government agencies must work together to effectively control the problem and stop its spread.

**Conclusion**

An obvious illustration of how imported species may upset ecosystems and endanger livelihoods is the water hyacinth. Its effects on Kerala's economy, environment, and general society highlight how urgently coordinated action is required. Kerala can lessen the threat presented by water hyacinth and protect its priceless water resources for future generations by encouraging innovation, community involvement, and strong regulatory frameworks. Only by working together can we ensure a robust and sustainable aquatic environment in "God's Own Country."

**ഡോ. അനൂപ് വി.**
ശ്രീ ശങ്കര വിദ്യാപീഠം കോളജ്, വളയൻചിറങ്ങര

# നാഞ്ചിനാട്ടിലെ കാറ്റ്

*'എരിയുന്ന പക. അത്ര ഉഗ്രമായ ഒന്ന് കെട്ടടങ്ങുകയില്ല. ജഡം തിന്നു കത്തുന്ന തീക്ക് ഒരു പരിധിയുണ്ട്. ഓർമ്മകൾ തിന്ന് നിന്നുകത്തുന്ന തീ എങ്ങനെ അണയും?"*

ജയമോഹൻ – ഉറവിടങ്ങൾ

നാഗർകോവിലെ ഹോട്ടൽ മുറിയിൽ ഇതെഴുതാനിരിക്കുമ്പോഴും കാറ്റ് നിലച്ചിട്ടില്ല. നാട്ടുലയ്ക്കുന്ന രൗദ്രഭാവം ഇപ്പോൾ അതിനില്ല. നാഞ്ചിനാട്ടിലെ കാറ്റിന് വികാരങ്ങളറിയാം. തോവാളയിലെ പൂക്കളുടെ ഗന്ധം വഹിക്കാനറിയാം. ആരുവാമൊഴിയിലെ നാട്ടുപാതകളെ ഉണർത്താനറിയാം. പുതിയ കാലത്തിന്റെ കാറ്റാടികളെ ചലിപ്പിക്കാനറിയാം. നിരന്തരം.. നിതാന്തമായ വായുപ്രവാഹമായി അവ ഉരുവംകൊണ്ട് മറയുന്നു. ഈ ചലനാത്മകതയ്ക്കകത്താണ് നാഞ്ചിനാട്ടിലെ ജീവിതം നിർമ്മിക്കപ്പെടുന്നത്. നിരന്തര സഞ്ചാരങ്ങൾ.. ആത്മസംഘർഷങ്ങൾ... ഓർമ്മകൾ പേറുന്ന കാറ്റിനോളം ആർക്ക് ആവിഷ്കരിക്കാനാകും. ഈ കാറ്റിലൂടെയാണ് പഴകിയ നെല്ലൂരിൽ നിന്നും നീലിയും ഉദയഗിരി കോട്ടയിൽ നിന്ന് ചമ്പകവല്ലിയും ദേശമിറങ്ങിയും കോട്ട തകർത്തും പാതയുലച്ചും വിഹരിക്കുന്നത്. കാറ്റ് ശാന്തമാകുന്നതുപോലെ കോവിലിൽ അമ്മമാരാകുന്നതും. പലകാലത്തിൽ മരണപ്പെട്ടവരും പലകാലത്തിൽ ജീവിച്ചവരും തമ്മിലുള്ള നിരന്തരസംവാദങ്ങളിലൂടെയാണ് എല്ലായിടത്തും പ്രേതഭാവനകൾ സജീവമാകുന്നത്. വ്യത്യസ്തകാലങ്ങളിൽ ജീവിച്ചു മരിച്ച നാട്ടുകാർന്നോന്മാരുടെ കൂട്ടം ആർത്തട്ടഹസിച്ച് തങ്ങളുടെ പുതുതമുറയെ കാണാൻവരുന്ന തുള്ളൽപ്പാട്ടുകളിലെ ആഖ്യാനവും അമ്മൂമ്മക്കഥകളും സജീവമാക്കിയ എന്റെ ബാല്യകാല ഓർമ്മകളിൽ നിന്നാണ് ഞാൻ നാഞ്ചിനാട്ടിലേക്കു യാത്രതിരിച്ചത്. ഈ മാന്ത്രികഭാവനകളിലെ സ്ഥലരാശി ഒരു കാലത്തിലോ ദേശത്തിലോ നിലയ്ക്കാതെ സഞ്ചരിക്കുന്ന കാറ്റുപോലെ നിതാന്തസ്വഭാവമുള്ള ഒന്നാകുന്നു. ഇത്തരത്തിലുള്ള സാംസ്കാരികഭാവനകളുടെ അപരലോകഭ്രപടത്തിലൂടെ നിർമ്മിക്കുന്ന തിരുവിതാംകൂറെന്ന ദേശരാഷ്ട്രത്തിന്റെ ചരിത്രനിർമ്മിതിയെന്ന പുതിയ പഠനസാധ്യതതേടിയുള്ള അന്വേഷണമായിരുന്നു യാത്രയുടെ ലക്ഷ്യം.

മധ്യകേരളത്തിലെ പ്രേതഭാവനകളിൽ ദൃശ്യമാകാത്തവിധമുള്ള ചരിത്രബദ്ധതയും സാമൂഹികജീവിതവും ഭാവനകളും തെക്കൻപാട്ടുകളിലെ കഥാഖ്യാനങ്ങൾക്കുണ്ട്. തിരുവിതാംകൂറിന്റെ സാംസ്കാരികഭാവനകളെ തോറ്റിയുണർത്തിയ നാട്ടുവഴികളിലൂടെയുള്ള ചരിത്രാന്വേഷണത്തിന്റെ അനുഭവാഖ്യാനങ്ങളല്ല ഇവിടെ കുറിക്കുന്നത്. അടർന്നുപോയ ഓർമ്മകളെപ്പോലെ നമുക്ക് നഷ്ടമായ നാഞ്ചിനാടെന്ന സാംസ്കാരികാനുഭവത്തിന്റെ ഉള്ളറകളിലേക്കു സഞ്ചരിക്കുമ്പോൾ അനുഭവിക്കാനാവുന്ന ഊർജ്ജം പകർന്നുതരുവാൻ ഇവിടത്തെ കാറ്റിനാവുന്നുണ്ട്. കള്ളിയങ്കാട്ടിലെ ക്ഷേത്രത്തിൽ നിന്ന് ആരംഭിച്ച യാത്ര മേലാങ്കോട്ടും മുപ്പന്തലും ഡിലനോയിയുടെ കല്ലറയുമെല്ലാം കണ്ട് തിരികെയെത്തുമ്പോഴും അപൂർണ്ണതകളിലുടക്കി നില്ക്കുന്നു.

നിരന്തര സഞ്ചാരികളായ നാഞ്ചിനാട്ടിലെ ഇശക്കികളെ കുടിയിരുത്തിയ മുപ്പന്തലും (പഴകിയ നെല്ലൂർ നീലി), മേലാങ്കോട്ടെ ചേച്ചിയും (ചെമ്പകവല്ലി) അനുജത്തിയും (ഉമ്മിണി തങ്ക), വടുകയച്ചി (ചമ്പക ലക്ഷ്മി) യും എല്ലാം കണ്ടു മടങ്ങുമ്പോൾ കാറ്റൊതുക്കിയ കനലിനെ ഓർമ്മകൾ എരിയുന്ന നെരിപ്പോടിനെ ഞാൻ അറിഞ്ഞു. പാഠഭേദങ്ങളിലൂടെ പടർന്നൊഴുകിയ യക്ഷിഭാവനയായ നീലി, തിരുവിതാംകൂറിന്റെ ഭരണാധികാരചരിത്രവുമായി നേരിട്ടിടപഴകുന്ന മേലാങ്കോട്ടെ അനുജത്തി, ദേശരാഷ്ട്രത്തിലേക്കുയർത്തപ്പെട്ട തിരുവിതാംകൂറിന്റെ വ്യാപാരവാണിജ്യ



ചരിത്രത്തെ നിറംപിടിപ്പിക്കുന്ന സതിചമ്പകവല്ലി എന്നിങ്ങനെ ആധുനികതിരുവിതാംകൂറിന്റെ അപരഭ്രപടനിർമ്മിതിയെ സാധ്യമാക്കുന്ന മാന്ത്രികസ്ഥലരാശിയുടെ ഓർമ്മക്കൂടാരമായി മാറുന്ന ഈ ഭാവനകൾ.

സി.വി രാമൻപിള്ളയുടെ മാർത്താണ്ഡവർമ്മയെന്ന നോവൽ രചനയോടെ കേരളത്തിലുടനീളം പ്രശസ്തമായ നീലിക്കഥയെപ്പറ്റി ധാരാളം വായനകൾ പില്ക്കാലത്ത് വന്നിട്ടുണ്ട്. മുപ്പന്തൽ ഇശക്കിയിൽ നിന്ന് അക്കാലത്തുതന്നെ അതിന്റെ സ്ഥലരാശിമാറുന്നതായും പുതിയ ഭാവനകൾ വില്പ്പാട്ടിൽ പോലും പുതുക്കപ്പെടുന്നതായും പഠിതാക്കളാൽ നിരീക്ഷിക്കപ്പെട്ടിട്ടുണ്ട്. നാഞ്ചിനാടെന്ന ദേശം അറ്റുപോയ ഓർമ്മകളെപ്പോലെ കേരളത്തിന്റെ ഭൗതികസ്ഥലരാശിയെ വിട്ടുപോകുമ്പോൾപ്പോലും അതിന്റെ മാന്ത്രികസ്ഥലരാശിയിൽ അണയാത്ത ഓർമ്മകളായി നീലി ഉയർത്തെഴുന്നേല്ക്കുകയും പരിണമിക്കുകയുമൊക്കെ ചെയ്യുന്നതായി കാണാം. സ്വതന്ത്ര്യകേരളത്തിന്റെ പിറവിയോടെ നീലിയെ കടമറ്റത്തു കത്തനാരിന്റെ കഥകളിലേക്കുപോലും ഉൾചേർത്ത ഭാവനാവിലാസങ്ങളുടെ ചരിത്രപരമായ കൗതുകം വേറെയും..

17-ാം നൂറ്റാണ്ടിലെ നാഞ്ചിനാട്ടിലെ ചരിത്രം, സംസ്കാരം, ആക്രമണങ്ങൾ, ആത്മസംഘർഷങ്ങൾ, ബന്ധങ്ങൾ, പ്രണയം, പക , ഭീതി ... ജീവിതത്തെ സമഗ്രമായി ഉൾക്കൊണ്ടതിനാലാകാം ഇനി കാറ്റിൽ പറക്കാനാവാത്ത വിധം ഭാരമായി അതിന്റെ ചലനാത്മകത നഷ്ടപ്പെട്ടത്. അചരങ്ങളായി അവ പ്രതിഷ്ഠിക്കപ്പെട്ടപ്പോഴും അതിനെപ്പോറ്റിയ കാറ്റ് നാഞ്ചിനാട്ടിലൂടെ നിരന്തരം വീശിക്കൊണ്ടിരുന്നു. ഓർമ്മകളുടെ നെരിപ്പോട് ആലയിലൂതി അവകോറിയിട്ട പകയും പ്രണയവും സുഗന്ധവും വ്യസനവും ആത്മസംഘർഷവും വഹിച്ചുകൊണ്ട് കാറ്റ് ആകസ്മികമായി വന്നു ചേരുന്ന ഓർമ്മകളെപ്പോലെ അപ്രതീക്ഷിതമായി വീശുന്നു. ഇപ്പോൾ കാറ്റ് തെല്ല് ഒതുങ്ങിയിട്ടുണ്ട്. നഷ്ടപ്പെടലിന്റെ പകയുടെ കാമനകളുടെ ചെറുസ്പർശത്തിൽ സംവദിക്കുന്നവരെ അതു മൗനം പാലിക്കുന്നു.

**ദിവ്യ എൻ.**
**ശ്രീ കേരളവർമ്മ കോളജ് തൃശ്ശൂർ**



# അന്നപൂർണ്ണ വീണ്ടും പാടുമ്പോൾ

(പ്രശസ്ത സംഗീതജ്ഞയായ  അന്നപൂർണാ ദേവിയുടെ
സ്മരണയ്ക്ക് മുന്നിൽ  ഈ കവിത സമർപ്പിക്കുന്നു )

1
നിത്യസ്നേഹത്തിന്റെ അനശ്വരതന്ത്രികൾ മീട്ടി
കാലത്തിന്റെ വീഥികൾ കടന്ന്
അന്നപൂർണ പാടുമ്പോൾ
ഓർമ്മച്ചിത്രങ്ങളിൽ സ്നേഹശലഭങ്ങൾ പാറുന്നു

2
പഴയ  പ്രണയനഗരത്തിലെ ഏകാന്തസ്നേഹത്തിന്റെ
ചുവന്ന ബലികുടീരത്തിനരികിലാരോ
വിരഹത്തിന്റെ സുർബഹാർ  മീട്ടുന്നു.

3
അകലെ...
പ്രതീക്ഷയുടെ വാശത്ത ഭ്രമി
ദുഃഖങ്ങളുടെ കടൽ കൈയേറുമ്പോൾ
മരിച്ച സ്വപ്നങ്ങൾ പിന്നെയും
മൗനത്തിന്റെ നിത്യപ്രണയത്തിനെ പുൽകുന്നു.

**ഡോ. പൂർണ്ണിമ സി.സി.**
**ദി കൊച്ചിൻ കോളജ്, കൊച്ചി**

# പച്ചവെളിച്ചം



ഏത് മഴ നനഞ്ഞു
പനിച്ചപ്പോഴാണ്
എനിക്കും നിനക്കുമിടയിൽ
പ്രണയത്തിന്റെ
ഉടമ്പടി രൂപപ്പെട്ടത്
എത്ര പെട്ടെന്നാണ്
നമ്മുടെ വീടുകൾക്കിടയിൽ
മുൾവേലി മാറി
കൽമതിൽ രൂപപ്പെട്ടത്
അതിനെന്താ
നീ ബഷീർ
ഞാൻ നാരായണി
ശബ്ദം കൊണ്ടല്ലെങ്കിലും
ഇമോജികൾ കൊണ്ട്
നമുക്ക് പ്രണയിക്കാം
കണ്ണിൽ പ്രേമപ്പൂത്തിരി
കത്തുന്ന ഒന്ന്
നീ അയക്കുമ്പോൾ
ചുണ്ടിൽ ഉമ്മകൾ
ഉറ്റി വീഴുന്ന ഒന്ന്
ഞാൻ അയക്കുന്നു
നിന്റെ തുടിക്കുന്ന
ഹൃദയത്തിന്
ആയിരം ഹൃദയങ്ങൾ
എന്റെ പകരക്കാർ
നിന്റെ പ്രണയ സ്റ്റിക്കറിനു
പ്രണയപ്പുഴയുടെ
സ്റ്റിക്കർ എന്റെ മറുപടി
എന്നിട്ടും
നിനക്കിതൊക്കെ ആരു തരുന്നു
എന്ന നിന്റെ ചോദ്യത്തിന്
മുന്നിൽ ആണ്
എന്റെ പച്ച വെളിച്ചം
കെട്ടത്.

**പ്രൊഫ.(ഡോ.) ജ്യോതിമോൾ പി.**
ബസേലിയോസ് കോളജ്, കോട്ടയം

# പെണ്ണത്തം കാഴ്ചകൾ, കാഴ്ചപ്പാടുകൾ

കഴിഞ്ഞ 50 വർഷങ്ങൾക്കിപ്പുറം സ്ത്രീ സമൂഹ മധ്യത്തിലേക്ക് വന്നുകൊണ്ടിരിക്കുന്ന കാഴ്ച നമുക്ക് കാണാം. നിയമപരമായി തൊഴിൽ സാധ്യതകളിൽ, വിദ്യാഭ്യാസ അവസരങ്ങളുടെ കാര്യത്തിൽ എല്ലാം സ്ത്രീ തുല്യത അനുഭവിക്കുന്നു എന്നാണ് പൊതുവായ കാഴ്ചപ്പാട്.പക്ഷേ  മനോഭാവം എന്താണ്? അതു മാറിയിട്ടുണ്ടോ എന്നുള്ളതിനാണ് പ്രസക്തി.

പുരുഷകേന്ദ്രീകൃത സമൂഹത്തിന്റെ കാഴ്ചപ്പാടുകളും അവയിൽ അധിഷ്ഠിതമായ പൊതു മനോഭാവവും അത്തരം താല്പര്യങ്ങളെ ഉൾക്കൊണ്ടുള്ള ജീവിതവും സാംസ്കാരിക ചുറ്റുപാടുകളും എല്ലാം ചേർന്ന ഒരു ജീർണത നമ്മുടെ സമൂഹത്തിനു ഉണ്ടെന്ന് സമ്മതിക്കേണ്ടി വരും. അമർത്യ സെൻ വാഴ്ത്തിയ കേരള മാതൃകയിലും അപ്രത്യക്ഷരാവുന്ന പെൺകുട്ടികൾ ധാരാളം ഉണ്ടെന്നുള്ളതാണു സത്യം. സ്ത്രീ എന്നത് ഒരു ജൈവിക സാന്നിധ്യമെന്നതിനേക്കാൾ സാംസ്കാരിക നിർമ്മിതി ആയി മാറുന്നത് നാം കാണുന്നു. "ഒരാൾ പെണ്ണായി ജനിക്കുകയല്ല, ആയിത്തീരുകയാണ്" എന്ന് സീമോൻ ദേ ബുവ അഭിപ്രായപ്പെടുന്നു. സമൂഹത്തിലെ ഓരോ സംഭവത്തെയും സിദ്ധാന്തവൽക്കരിക്കുകയല്ല, പക്ഷെ ചിന്തിക്കുന്ന രീതികളിലെ പൊതുവായ മാറ്റമാണ് സാമൂഹിക മാറ്റങ്ങൾക്ക് കാരണമാകുന്നത് എന്നതു കൊണ്ട് ആണിനെയും പെണ്ണിനേയും, ആണത്തത്തെയും പെണ്ണത്തത്തെയും കുറിച്ചുള്ള ചിന്തകളിലും മനോഭാവങ്ങളിലും മാറ്റം വന്നേ മതിയാവൂ. ജൻഡർ ഫ്ലൂയിഡ്റ്റി എന്നത് കേരളത്തിൽ സാമാന്യേനെ ചിന്തിക്കാൻ പോലും കഴിയാത്ത വാക്കാണ്. ഇത്തരം കാര്യങ്ങളിൽ കേരളത്തിന്റെ വിദ്യാഭ്യാസനിലവാരവും, ചിന്താഗതിയും സാംസ്കാരിക അന്തരീക്ഷവും വിപരീതദിശയിലാണ് സഞ്ചരിക്കുന്നത്.ലിംഗനീതിയിലും തുല്യതയിലും പരസ്പര ബഹുമാനത്തിലും അധിഷ്ഠിതമല്ല നമ്മുടെ സാമൂഹിക ഘടന.

കുഞ്ഞുണ്ടാവുമ്പോൾ തന്നെ അതിനെ ഭാവിയിൽ ആണോ പെണ്ണോ ആക്കി മാറ്റാനുള്ള ഒരുക്കങ്ങൾ നടക്കുന്നു. അതോടൊപ്പം പ്രതീക്ഷകൾ,  സങ്കല്പനങ്ങൾ എന്നിവ പുരോഗമിക്കുകയും ചെയ്യുന്നു. മാതാപിതാക്കൾക്കും കുഞ്ഞുങ്ങൾക്കും ഇത്തരം 'അനിവാര്യമായ' പൊതുബോധങ്ങളിൽ നിന്ന് മാറി നടക്കുന്നത് എളുപ്പമല്ല. പൊതുബോധങ്ങളിൽ നിന്നുള്ള മാറ്റം പൊതുധാരയിൽ നിന്നുള്ള പുറത്താക്കൽ അല്ലെങ്കിൽ ഒഴിവാക്കൽ കൂടിയാണ്. അത് കൊണ്ടാണ് കരയുന്ന ആൺകുട്ടികളോട്, നീ ആണാണോ എന്ന് സമൂഹം കുത്തിനോവിക്കുന്നത്. ആണത്തം എന്നത് ബലത്തിന്റെയും അധികാ

രത്തിന്റെയും പ്രയോഗവും പ്രകടനവും ആവുന്നത്. മൃദു സ്വഭാവികളായ പുരുഷന്മാരെ, വീട്ടു ജോലികൾ ചെയ്യുന്ന, അതിന് സഹായിക്കുന്നവരെ പെൺകോന്തൻ എന്ന് പരിഹസിക്കുന്നത്. മനസ്സിന്റെ വലിപ്പത്തെക്കാൾ മസ്സിലിന്റെ പെരുപ്പം പുരുഷനെ നിർവചിക്കുന്ന സമൂഹത്തിൽ പരുഷവും പരുക്കനമായ പുരുഷനായാൽ മാത്രമേ സ്വീകാര്യത ഉണ്ടാവുന്നുള്ളൂ, മൃദുത്വം പെണ്ണത്തമായി ദുർവ്യാഖ്യാനിക്കുമ്പോൾ, സമൂഹത്തിന്റെ പൊതുധാരയിൽ നിൽക്കണമെങ്കിൽ നടുവേ ഓടണം. വെള്ളിത്തിരയിലെ അമാനുഷിക നായകന്മാരെ പോലെ ആക്ടീവ് ആണത്തങ്ങളുടെ ആൾരൂപമാകണം. അല്ലെങ്കിൽ 'ആണും പെണ്ണും കെട്ടവൻ' എന്ന് പ്രബുദ്ധ, പുരോഗമന കേരളം കളിയാക്കും.

എന്താണ് ഇന്നത്തെ പെണ്ണത്തം? അടക്കവും ഒതുക്കവും കാര്യപ്രാപ്തിയും കഴിവും പുറത്ത് ആധുനികവും അകത്തു പഴമയും തൊഴിലിടങ്ങളിലെ മികവും വീട്ടു' ഭരണ'ത്തിലെ തികവും എല്ലാം കൃത്യമായ ചേരുവകളിൽ ഒത്തു ചേർന്നിരിക്കണം പെണ്ണാവാൻ. ജോലിവേണം, പക്ഷെ ശമ്പളം സ്വന്തമായി ചിലവാക്കുന്നത് പെണ്ണത്തമല്ല. ഒരു കാര്യത്തിലും തന്റേതായ ഇടങ്ങൾ, തീരുമാനങ്ങൾ ആവശ്യമില്ല. മറ്റുള്ളവരുടെ ഇടങ്ങളിൽ അടങ്ങി ഒതുങ്ങി അമങ്ങി ഇരിക്കുന്നവൾ തന്നെയാണ് ഈ ഇരുപത്തി ഒന്നാം നൂറ്റാണ്ടിന്റെയും സങ്കല്പത്തിലെ പെണ്ണ്. അവൾക്ക് ജോലി, വിദ്യാഭ്യാസം എന്നിവ അത്യാവശ്യമാണെങ്കിലും കുടുംബം എന്ന വലിയ സ്ഥാപനത്തിന്റെ സൗകര്യത്തിനായിരിക്കണം മുൻതൂക്കം. ജില്ലാ കളക്ടർ ആണെങ്കിലും വീട്ടിലെ പാചകം, തുണി അലക്കൽ, ഭർത്താവിനെയും കുഞ്ഞുങ്ങളെയും പരിപാലിക്കൽ തുടങ്ങിയ എല്ലാ ജോലികളും കൂടി പരാതികളുമില്ലാതെ നിർവഹിക്കുന്ന അമാനുഷിക പ്രതിഭയായിരിക്കണം ഉത്തമയായ സ്ത്രീ. പതിവ്രത, കുടുംബിനി എന്നിവയുടെ നിർവചനങ്ങൾക്ക് ഇപ്പോഴും മാറ്റമൊന്നുമില്ല. സ്ത്രീയുടെ വിദ്യാഭ്യാസവും ജോലിയും കുടുംബത്തിന്റെ കെട്ടുറപ്പിനുള്ള വെറും ഉപകരണങ്ങൾ എന്ന രീതിയിൽ മാത്രം കാണുമ്പോൾ അത് അവരുടെ വ്യക്തിത്വത്തെ നിർവചിക്കുന്നതേ ഇല്ല. ആരുടെയെങ്കിലും മകൾ, ഭാര്യ മാത്രമായി അടയാളപ്പെടുത്തുകയും സ്വത്വം എന്നത് പുരുഷന്റെ അവകാശം മാത്രമായി കാണാനുള്ള ഒരു പ്രവണതയും ഉണ്ട്. ഇതിനെല്ലാം അപവാദങ്ങൾ കണ്ടേക്കാം. പക്ഷെ ഇന്നും പൊതുവായ ചിന്താഗതികൾ സാമാന്യമായി ഇങ്ങനെത്തന്നെയാണ്. ഇത്തരംപൊതുബോധങ്ങൾ ഉള്ളിലേറ്റിയാണ് ഓരോ കുഞ്ഞും പെണ്ണോ ആണോ ആയിത്തീരുന്നത്. ഈ ശക്തമായ സാംസ്കാരികനിർമിതി സമൂഹത്തിന്റെ എല്ലാ തലങ്ങളിലും വ്യാപിച്ചു കിടക്കുന്ന ഒന്നാണ്. അത് കൊണ്ടാണ് സ്ത്രീ സുരക്ഷയും, സ്ത്രീയുടെ അഭിമാനവും കാത്തു സൂക്ഷിക്കാൻ ഉള്ള സ്ഥാപനങ്ങൾ പോലും തികച്ചും സ്ത്രീ വിരുദ്ധ നിലപാടുകൾ വെച്ചു പുലർത്തുന്നത്. അത്തരം സ്ഥാപനങ്ങൾ ലിംഗനീതിയുടെ നിഷേധം അനുവർത്തിക്കുന്നത്. സുരക്ഷിതമെന്നു ആഘോഷിക്കപ്പെടുന്ന പരിശുദ്ധമായ ഇടങ്ങൾ/ അകങ്ങൾ പൊതുവഴിയേക്കാൾ അപകടകരമാകുന്നത്.

ഒരു സമൂഹത്തിന്റെ സംസ്കാരത്തിന്റെ അളവ്കോലാവേണ്ട ദൃശ്യ, ശ്രാവ്യ മാധ്യമങ്ങൾ എന്താണ് ചെയ്യുന്നത്? പുറത്തു പുരോഗമനവും അകത്തു പാരമ്പര്യവും സമമായി ചേർത്തു വിളമ്പുന്ന മാതൃക അവരും പിന്തുടരുന്നു. മോഹൻലാലിന്റെയും, മമ്മൂട്ടിയുടെയും നായക കഥാപാത്രങ്ങൾങ്ങൾക്ക് ചുറ്റും കറങ്ങുന്ന കുടുതലൊന്നും ചെയ്യാനില്ലാത്ത നിറവും മണവും ഗുണവും തികഞ്ഞ നായിക മാരെയാണ് നമുക്ക് പഥ്യം.

ബാംഗ്ലൂർ നഗരത്തിൽ പഠിക്കുന്ന, അവിടെനിന്നു സ്വയം കാർ ഓടിച്ചു ഒറ്റയ്ക്ക് വരാൻ ധൈര്യം കാണിക്കുന്ന തികച്ചും മോഡേൺ ആയ നായികയോട് മോഹൻലാലിന്റെ നായകകഥാപാത്രം പറയുന്ന ഒരു ധിക്കാരം നിറഞ്ഞ ഡയലോഗ് നിറഞ്ഞ കൈയടികളോടെ കേരളത്തിന്റെ പുരുഷയുവത്വം സ്വാഗതം ചെയ്യുന്നത് കേട്ടിട്ടുണ്ട്. ആ ഡയലോഗ് ഇപ്പോഴും അതേ പ്രകമ്പനം തന്നെ ഉണ്ടാക്കുന്നു. "നായകന്റെ പിള്ളേരെ പെറ്റു വളർത്താനും, നായകന് കള്ളു കുടിച്ചുവന്നു രണ്ടു പൊട്ടിക്കാനും, മഴക്കാലത്തു കെട്ടിപ്പിടിച്ചു കിടക്കാനും" പെണ്ണിനെ ആവശ്യമുണ്ട് പോലും. വെള്ളിത്തിരയിലും, സാധാരണ ജീവിതത്തിലും പ്രതീക്ഷകൾ ഏതാണ്ട് ഒരേ പോലെ തന്നെയാണ്. പുരുഷകാമനകളെ തൃപ്തിപ്പെടുത്തുന്ന ഒരു സാധനം/ ചരക്ക് മാത്രമാണ് പൊതുവെ പെണ്ണ് എന്ന് ഇരുപത്തി ഒന്നാം നൂറ്റാണ്ടിലും നാം കരുതുന്നു. ഒരു പക്ഷെ സദാചാര ബോധവും അരുതുകളും അല്പം കൂടുതലാണെങ്കിലേ ഉള്ളൂ. ഒരു പുരോഗമന സമൂഹത്തിനു ഭൂഷണമല്ലാത്ത വിധം ഇരുണ്ടും അടഞ്ഞും പോകുന്നുണ്ട് സമൂഹം ഇന്ന്. ആണത്തത്തെയും പെണ്ണത്തത്തെയും കുറിച്ചുള്ള കാലഹരണപ്പെട്ട സങ്കൽപ്പങ്ങൾക്കിടയിൽ ജീവിക്കുന്ന ഈ സമൂഹത്തിൽ പൊതു ധാരയിൽ നിന്ന് ഒഴിവാക്കപ്പെടാതിരിക്കാൻ ജാതി, മത വർഗ ഭേദമന്യേ നാം നാട്ടു നടപ്പനുസരിച്ച് ജീവിക്കുന്നു. അത്തരം സമൂഹത്തിൽ ആൺകുട്ടികളെ പ്ലസ് എന്നും പെൺകുട്ടികളെ മൈനസ് എന്നും കണക്കാക്കുന്നു. പെണ്ണ് പെണ്ണായി നിൽക്കണമെന്നും ആണ് ആണായിരിക്കണമെന്നും വാശിപിടിക്കുന്നു. മനുഷ്യനാവണം എന്ന വാശി ഇല്ലാതെയുമാവുന്നു. വ്യക്തിത്വവും കർത്തൃത്വവും പെണ്ണിന് നിഷേധിക്കപ്പെടുമ്പോൾ ഇത് രണ്ടും പുരുഷന്റെ കുത്തകയുമാകുന്നു. പെണ്ണായാൽ പൊന്നു വേണമെന്നും, പൊന്നിൻകുടമാകണമെന്നും ആന്തരികവൽക്കരിച്ച ഒരു സമൂഹത്തിൽ അവൾ വെറും വില്പന ചരക്കായി തന്നെ കണക്കാക്കപ്പെടുന്നു.

### പൊതുബോധത്തിൽ നിന്ന് മാറി സ്വന്തം ഇടങ്ങളെ തേടുന്നവൾ, ശബ്ദം കേൾപ്പിക്കുന്നവൾ

തന്റേടിയും പോക്ക് കേസും ഭാവശുദ്ധിയില്ലാത്തവളും ആവുന്നു.

കുടുംബത്തിനുള്ളിലെ ആക്രമണങ്ങൾ നിയമത്തിനു മുൻപിൽ പലപ്പോഴും റിപ്പോർട്ട് ചെയ്യാത്തതിനും എത്തിയാൽ തന്നെ ഒത്തു തീർപ്പിൽ എത്തുന്നതും, ഇത്തരം ഒറ്റപ്പെടുത്തലുകൾ കാരണമാണ്. സമൂഹത്തിന്റെ പൊതു ചിന്തകളെ പ്രതിരോധിക്കാൻ വേണ്ട ശേഷി നൽകിയല്ല പെൺകുട്ടികളെ വളർത്തുന്നത്.

എന്തും സഹിക്കാനും ക്ഷമിക്കാനുമുള്ള ആർജിത പാഠങ്ങൾക്കെതിരെ പൊരുതാൻ സാമൂഹിക സുരക്ഷ വ്യവസ്ഥകൾ ശക്തമായേ പറ്റൂ. അറു പഴഞ്ചൻ പ്രത്യയശാസ്ത്രങ്ങളുമായി നില നിൽക്കുന്ന സ്ഥാപനങ്ങൾക്ക് പൊളിച്ചെഴുത്തു കാലഘട്ടത്തിന്റെ ആവശ്യമാണ്. അത് കുടുംബങ്ങളിൽ തുടങ്ങണം. അതിന് മാതാപിതാക്കളും വിദ്യാഭ്യാസസ്ഥാപനങ്ങളും സാമൂഹിക സുരക്ഷാ വ്യവസ്ഥകളും മാധ്യമങ്ങളും ധാരണങ്ങളെ തിരുത്തേണ്ടതുണ്ട്. വിവാഹം മറ്റു പലതിനെയും പോലെ പ്രായപൂർത്തിയായവർ, ഉത്തരവാദിത്തത്തോടെ ഉഭയ സമ്മത പ്രകാരം സ്വന്തം ജീവിതം എങ്ങനെ കൊണ്ടുപോകണമെന്ന് സ്വയം തീരുമാനിക്കുന്ന ഒന്നാകണം. അതിന് അവരെ പ്രാപ്തരാക്കുന്ന ഇടങ്ങളാവട്ടെ കുടുംബങ്ങൾ. അല്ലാതെ കെട്ടു കാഴ്ചകൾ തയ്യാറാവുന്ന ഇടുങ്ങിയ അറകളല്ല. അത് ഉറപ്പാക്കിയുള്ള നിയമ നീതി നിർവഹണം ആണ് സർക്കാരിന്റെ കർത്തവ്യം. അല്ലാതെ ദുരന്തങ്ങൾ ഉണ്ടാവുമ്പോൾ ഉണർന്നെഴുന്നേൽക്കുന്ന നീതിബോധമല്ല.ഈ ഇരുപത്തൊന്നാം നൂറ്റാണ്ടിലും സ്ത്രീ സുരക്ഷ ഉറപ്പാക്കുന്നതിനു ബോധവൽക്കരണം വേണം എന്ന അവസ്ഥയെങ്കിൽ കേരളത്തിന്റെ പുരോഗമന പ്രസ്ഥാനങ്ങളും സാംസ്കാരിക അവകാശവാദങ്ങളും സമഗ്രമായ മാറ്റത്തിനു വിധേയമാവേണ്ടതുണ്ട്. വിദ്യാഭ്യാസവും തൊഴിലും സാംസ്കാരികമായ വളർച്ചക്ക് ഉതകണം.

സംവേദനക്ഷമതയുള്ള സ്വാതന്ത്ര്യബോധമുള്ള ധൈര്യമുള്ള, തന്റേടമുള്ള പെൺകുട്ടികൾക്ക് വളരാൻ പറ്റിയ സാഹചര്യമില്ലെങ്കിൽ പിന്നെ പുരോഗമനം വെറും പ്രഹസനം മാത്രം. ശാരീരിക,മാനസിക സുഖവും സുരക്ഷയും ഇല്ലെങ്കിൽ കുടുംബം എന്നതിന് എന്താണ് പ്രസക്തി?


വിമർശനത്തിന്റെ ജല്പനങ്ങളെ അവഗണിച്ച വസ്ത്രസ്വാതന്ത്ര്യവും സ്വന്തം ശരീരത്തിന്റെ സ്വാതന്ത്ര്യവും ആഘോഷിക്കുന്ന സദാചാര സംഘട നകളുടെ വിചാരണകൾക്കപ്പുറം അവനവനു വേണ്ടത് തിരിച്ചറിയുന്ന പുതു തലമുറയെ കാണുന്നുണ്ട്. പൊതു ഇടങ്ങളിലെ വർധിച്ചു വരുന്ന സ്ത്രീ സാന്നിധ്യം, ആരെയൊക്കെ അസ്വസ്ഥ മാക്കിയാലും അതിനെ കൂസാതെ സാമ്പത്തിക, സാമൂഹിക സ്വയം പര്യാപ്തതയിലേക്കുള്ള കാൽവെപ്പുകളും പൊതു ഇടങ്ങൾ തന്റേത് കൂടിയാണെന്ന തിരിച്ചറിവും, അത്തരം രംഗങ്ങളിൽ കുറച്ചുകൂടി ദൃശ്യതയും ഇന്ന് ആർജിച്ചി ട്ടുണ്ട്. മാറിചിന്തി/പ്പിക്കുന്ന പരസ്യങ്ങളും, മരം ചുറ്റിയോടലിനപ്പുറം സ്ത്രീക്ക് ചുറ്റും വികസിക്കുന്ന കഥാസന്ദർഭങ്ങളും കാലഘട്ടത്തിന്റെ അനിവാര്യതയെന്ന തിരിച്ചറിഞ്ഞുതുടങ്ങിയിട്ടുണ്ട്.കാൽനൂറ്റാണ്ടിലധികമായി ക്യാമ്പസുകളെ ഒരു അധ്യാപിക എന്ന നിലയിൽ അടുത്തറിയുന്ന ആളാണ് ഞാൻ.സാമൂഹിക സ്പന്ദനങ്ങൾ വളരെ സൂക്ഷ്മമായ രീതിയിൽ സംവേദനം ചെയ്യുന്ന ഇടങ്ങൾ എന്ന നിലയിൽ ക്യാമ്പസുകൾ ഒരുവിധത്തിൽ സമൂഹത്തിന്റെ കണ്ണാടി തന്നെയാണ്. വിപ്ലവകരമായ മാറ്റങ്ങൾ, പുതിയ ചുവടുവെപ്പുകൾ, മാമൂലുകളുടെ മരണം ഇതെല്ലാം നടക്കുന്നത്, തുടങ്ങുന്നത് പലപ്പോഴും ക്യാമ്പസ്കളിലാണ്.തൊണ്ണൂറുകളുടെ മധ്യത്തിലാണ് ഞാൻ ഒരു അധ്യാപികയിലേക്ക് കൂടുമാറുന്നത്. അക്കാലത്തു പൊതുവെ മിക്സഡ് കോളേജുകൾ ആൺകുട്ടികളുടെ മാത്രം ആഘോഷങ്ങളുടെ കേന്ദ്രമായിരുന്നു. കോളേജ് ദിനാഘോഷങ്ങളിൽ, ഗാനമേളകളിലെ ചടുല ഗാനങ്ങളോടൊപ്പമുള്ള ഡപ്പാൻ കുത്ത് നൃത്തങ്ങളിൽ ഡെസ്കിൽ കയറിനിന്നും ഉറഞ്ഞു തുള്ളിയും അവർ യുവത്വത്തെ ആഘോഷിച്ചപ്പോൾ ഇപ്പുറത്തു പെൺകുട്ടികളുടെ നിരകൾ ശ്മശാന മൂകമായി നില കൊണ്ടു. ചിലർ തുള്ളിയുറയുന്ന ആൺകുട്ടികളുടെ നേരെ അസൂയയോടെ മിഴി പാറിച്ചു. പരിപാടികൾ കഴിയുന്നതിനു മുൻപ് വീടണയാനായി തിരക്ക് കൂട്ടി. ക്ലാസ്സിലും ആൺകുട്ടികൾ എണ്ണത്തിലും ശൗര്യത്തിലും മുന്നിട്ടു നിന്നു. ക്ലാസ്സിലെ പൊതു തീരുമാനങ്ങൾ പലപ്പോഴും ആൺ തീരുമാനങ്ങൾ ആയിരുന്നു. അധ്യാപകരിലും പുരുഷന്മാർ സ്ത്രീകളെ എണ്ണത്തിൽ കടത്തിവെട്ടി. കാര്യശേഷിയും ബലവും സംഘാടനവും പുരുഷകേന്ദ്രീകൃതമായി നടന്നു പോന്നു. ക്ലാസ്സ് മുറി വൃത്തിയാക്കൽ, വിശിഷ്ടാതിഥികളെ താലപ്പൊലിയോടെ സ്വീകരിക്കൽ തുടങ്ങിയ പെണ്ണിടങ്ങൾ നിർബാധം തുടർന്നു. അവർ ചുരിദാറും സൽവാർ കമ്മീസും അണിഞ്ഞു ശാലീനമായി ജീവിച്ചു.

പക്ഷെ കാൽ നൂറ്റാണ്ടിനിപ്പുറം കേരളത്തിലെ ക്യാമ്പസുകൾഒരു പരിധിവരെ വിവേചനങ്ങളെ നിരാകരിക്കുന്നുണ്ട്. കോളേജ് ഇലക്ഷനുകൾ ശക്തമായ സ്ത്രീ സാന്നിധ്യത്തെ രേഖപ്പെടുത്തുന്നു. ആരുടെയും നിർബന്ധമില്ലാതെ തന്നെ സ്ഥാനാർഥി കളാവാൻ തയ്യാറാവുന്നവർ ഏറെ. ആൺകുട്ടികളോടോപ്പമോ അതിലേറെയോ ക്യാമ്പസുകളെ ആഘോഷമാക്കുന്നുണ്ട് അവർ. വിശേഷാഘോഷ ദിവസങ്ങളിൽ ഉയരുന്ന ആരവങ്ങൾ ആണാര് പെണ്ണാര് എന്ന വ്യത്യാസമില്ലാതെഓഡിറ്റോറിയത്തെ പ്രകമ്പനം കൊള്ളിക്കുന്നു. പാഡ് വെന്റിങ് യന്ത്രങ്ങൾ ക്യാമ്പസുകളിൽ മറനീക്കി പുറത്തു വരുന്നു. പീരിയഡ്സിനെ പറ്റി, PCOD യെ പറ്റി, മെന്റൽ ഹെൽത്തിനെ പറ്റി തുറന്ന സംവാദങ്ങൾ ജൻഡർ വരമ്പുകൾക്കപ്പുറം സാധ്യമാവുന്നുണ്ട് ഇന്ന്.വസ്ത്രത്തിന്റെയും ഉടലിന്റെയും സ്വാതന്ത്ര്യപ്രഖ്യാപനങ്ങൾ ശ്രദ്ധേയമായ രീതിയിൽ നടക്കുന്നുണ്ട് ക്യാമ്പസ്സിന്റെ ഉമ്മറസ്സിൽ. അവർ സദാചാര കമ്മിറ്റികളെ അവഗണിച്ചു ലിംഗഭേദമെന്യേ യുവത്വം ആഘോഷമാക്കുന്നു. ആൺ പെൺ സുഹൃത്തുക്കളുടെ തോളിൽ

കൈയിട്ടു ജൻഡർ വ്യത്യാസങ്ങളെ വെല്ലുവിളിക്കുന്നു. ഒരുമിച്ചു ചാഞ്ഞും ചെരിഞ്ഞും സെൽഫി ഉത്സവങ്ങൾ നടത്തുന്നു. വിശിഷ്ടാതിഥികൾക്ക് പൂച്ചെണ്ടുകൾ നൽകാൻ ആൺ പെൺ വ്യത്യാസമില്ലാതെ മുന്നോട്ടു വരുന്നു. വിമൻസ് സെല്ലിന്റെ പ്രവർത്തനങ്ങളിൽ സജീവമായി പ്രവർത്തിക്കുന്ന ആൺകുട്ടികളുണ്ട്. എന്റെ മകൻ അവന്റെ കോളേജിലെ വിമൻസ് സെല്ലിന്റെ ആക്ടീവ് ആയ പ്രവർത്തകനായിരുന്നു. അവൻ അവന്റെ ചേച്ചിയോടും സുഹൃത്തുക്കളോടും മെൻസ്ട്രൽ കപ്പിനെക്കുറിച്ചും സാനിറ്ററി നാപ്കിനെക്കുറിച്ചും വികലമായ ചിരികളില്ലാതെ സംവദിക്കുമ്പോൾ അമ്മയായും അധ്യാപികയായും ഞാൻ ആഹ്ലാദിക്കുന്നു. ജൻഡർ തീർക്കുന്ന വിഭാഗീയതകളെ പുതിയ തലമുറ മറികടക്കുന്ന വഴികൾ ഇങ്ങനെ പലതാണ്. യൂണിവേഴ്സിറ്റി കലോത്സവവേദികളിൽ രാത്രി പകലാക്കുമ്പോൾ ആൺ പെൺ വ്യത്യാസങ്ങളില്ലാതെ ഒഴുകി നീങ്ങുന്ന യുവത്വം സംഘാടകരായും പങ്കെടുക്കുന്നവരായും അതിരുകളെ മായ്ച്ചു മുന്നേറുന്നു. കാൽ നൂറ്റാണ്ടു മുൻപ് ജോലി തുടങ്ങിയ കാലത്തുനിന്നും ഇന്ന് ക്യാമ്പസ്സിനെ നോക്കിക്കാണുമ്പോൾ ഈ മാറ്റങ്ങൾ അനുഭവിക്കുന്നുണ്ട്.

ആസ്വദിക്കുന്നുമുണ്ട്. കോവിഡ് അനന്തര കാലത്തെ ക്യാമ്പസ്സിന്റെ വേഷങ്ങളിലുമുണ്ട് വൈവിദ്ധ്യം. ചുരിദാർ എന്ന വേഷത്തിനു കൗമാരക്കാർക്കിടയിൽ ഇപ്പോൾ മാർക്കറ്റില്ല. അവർക്ക് പ്രിയം പാന്റോ ജീൻസോ തന്നെയാണ്. ശരികേടിന്റെ രാഷ്ട്രീയം ഉള്ള ജൻഡർ തമാശകൾക്ക് മുതിർന്നവരിലുള്ളത്രയും വിപണി ക്യാമ്പസ്കളിലില്ല.

പക്ഷെ ഇതിനിടയിലും ആൺ കോയ്മാവാദികൾ വിതച്ചും കൊയ്തും പ്രത്യക്ഷപ്പെടുന്നുണ്ട് എന്നും കാണാം. അത് സദാചാരത്തിന്റെ ബാലപാഠങ്ങൾ പഠിപ്പിക്കുന്ന കൂട്ടായ്മകളായും മുൻവിധികളുടെ സാമാന്യവൽക്കരണമായും പല വേഷങ്ങളിൽ ദൃശ്യമാവുന്നുണ്ട്.സൈബർ ഇടങ്ങളിൽ ബോഡി ഷെയ്മിങ് നടത്തുന്നവരിൽ ഇക്കൂട്ടരും പെടും. അടക്കവും ഒതുക്കവും അരുതുകളും നിർവചിക്കുന്നവരുമുണ്ട്. എന്നിരുന്നാലും ഇരുചക്രവാഹനങ്ങളിൽ സുഹൃത്തുക്കളെ പിന്നിലിരുത്തി ആത്മവിശ്വാസത്തോടെ മുന്നോട്ടു പോവുന്ന, വളരെ കാര്യക്ഷമമായി പരിപാടികൾ സംഘടിപ്പിക്കുന്ന, അപരിചിതമായ രാജ്യങ്ങളിലേക്ക് ഉന്നതവിദ്യാഭ്യാസത്തിനു പുറപ്പെടുന്ന, ക്യാമറകൾക്ക് പിന്നിൽ നിന്ന് പെൺ നോട്ടം നോക്കുന്ന, എഴുത്തിന്റെ ലിംഗത്തെ മറുവായനക്ക് വിധേയമാക്കുന്ന, അടുക്കളകളിൽ സമഭാരം നടപ്പിലാക്കുന്ന, യാത്രകൾക്ക് ഒറ്റക്കോ, കൂട്ടായോ പുറപ്പെടുന്ന, ഇമേജുകളുടെ കണ്ണാടിക്കൂടിൽ നിന്ന് സ്വാതന്ത്ര്യം പ്രഖ്യാപിക്കുന്ന, അരുതെന്ന് പറയാൻ തോന്നുമ്പോൾ പറയാൻ സാധിക്കുന്ന പെണ്ണുങ്ങളെ കാണുന്നത് കൊണ്ട് ഞാനൊരു ഫെമിനിസ്റ്റായി തുടരുന്നു.



# ലോഗോ ക്ഷണിക്കുന്നു

എയ്ഡഡ് കോളേജ് അധ്യാപകരുടെ സംഘടനയായ എ കെ പി സി ടി എയുടെ 67ാം സംസ്ഥാന സമ്മേളനത്തിനുള്ള ലോഗോ ക്ഷണിക്കുന്നു. മാർച്ച് 14,15,16 തീയതികളിൽ പാലക്കാട് വച്ച് ആണ് സമ്മേളനം നടക്കുന്നത്. സമ്മേളനത്തിന്റെ മുദ്രാവാക്യമായ "മതനിരപേക്ഷ സമൂഹം- ജനപക്ഷ വിദ്യാഭ്യാസം " എന്ന വിഷയത്തെ ആസ്പദമാക്കിയുള്ള ലോഗോകളാണ് അയക്കേണ്ടത്. ഇതിനൊപ്പം പാലക്കാടിന്റെ സാംസ്കാരിക സവിശേഷതകളും, സംഘടനയുടെ രാഷ്ട്രീയ ഇടപെടലുകളും കൂട്ടിച്ചേർന്ന സൃഷ്ടികൾക്കാവും മുൻഗണന. വിജയികൾക്ക് ക്യാഷ് അവാർഡ് നൽകുന്നതായിരിക്കും.

**അവസാന തീയതി ഫെബ്രുവരി 15**

എൻട്രികൾ അയക്കേണ്ട മെയിൽ ഐഡി: **rrajeshkadapra@gmail.com**

Mob: **+919744056237**

**ഡോ.ഗോപാലകൃഷ്ണൻ. എം.ബി.**

ജനറൽ കൺവീനർ, സ്വാഗതസംഘം

## പുതിയ പുസ്തകങ്ങൾ


# ഗ്രുൻഡ്രിസ്സെയുടെ ആശയപ്രപഞ്ചം

### ദീപക് പി.

(മാർക്സിന്റെ പഠനക്കുറിപ്പുകളുടെ സമാഹാരമായ ഗ്രുൻഡ്രിസ്സെയെക്കുറിച്ചുള്ള മലയാളത്തിലെ ആദ്യഗ്രന്ഥം)

ചിന്ത പബ്ലിഷേഴ്സ്
വില : 500 രൂ


മാർക്സിന്റെ വിഖ്യാതകൃതിയായ ഗ്രുൻഡ്രിസ്സെ 1857- 58 കാലയളവിലാണ് രചിക്കപ്പെടുന്നത്. മുതലാളിത്തവ്യവസ്ഥയെ വിമർശനാത്മകമായി അപഗ്രഥിക്കുന്ന കുറിപ്പുകളാണ് ഈ പുസ്തകത്തിന്റെ അടിസ്ഥാനം.മുതലാളിത്തത്തെ സംബന്ധിച്ച മാർക്സിന്റെ ആശയരൂപീകരണങ്ങളും ലോകവീക്ഷണവും രീതിശാസ്ത്രപരമായ അനന്യതകളും ഉൾച്ചേർന്നിരിക്കുന്ന ഈ പുസ്തകത്തെ ബഹുസ്വരതയോടെ നോക്കിക്കാണുകയും വിശകലനം ചെയ്യുകയും ചെയ്യുന്ന കൃതി. ഒരേസമയം ഗവേഷണ സ്വഭാവത്തോടുകൂടിയതും സാധാരണ മനുഷ്യർക്ക് പ്രാപ്യമായ ഭാഷയോടും അവബോധങ്ങളോടും കൂടിയ രചനാസംവിധാനമാണ് ഗ്രുൻഡ്രിസ്സെയുടെ ആശയപ്രപഞ്ചത്തിൽ നിർവഹിച്ചിട്ടുള്ളത്.ഗ്രുൻഡ്രിസ്സെയുടെ ആദ്യഭാഗമായി പരിഗണിക്കപ്പെടുന്ന " നോട്ട്ബുക്ക് എമ്മിന്റെ സ്വതന്ത്ര പരിഭാഷയും ഈ പുസ്തകത്തിൽ ഉൾച്ചേർത്തിട്ടുണ്ട്.മുതലാളിത്തത്തെ അഖണ്ഡമായ ഒരു പ്രക്രിയയായി കണ്ടുകൊണ്ട് വികസിക്കുന്ന പുസ്തകത്തിൽ മനുഷ്യൻ സഹവാസം ഇച്ഛിക്കുന്ന ഒരു സാമൂഹിക ജീവിയാണ് എന്ന മാർക്സിന്റെ എക്കാലത്തെയും ആശയം അദൃശ്യമായി ഇടപെടുന്നു.




# ദേശീയത നേരും നുണയും ചാർവാകൻ പറഞ്ഞ കഥ

### പാർത്ഥാ ചാറ്റർജി

പരിഭാഷ: ആര്യ. എ.ടി.




ദേശീയതയെ വികൃതവും സ്വാർത്ഥവുമായ രീതികളിൽ ഉപയോഗിക്കുന്ന ഒരു ഭരണകൂടം ഇന്ത്യയിൽ ശക്തിയാർജ്ജിച്ച വരുന്ന സാഹചര്യത്തിൽ ആണ് THE TRUTHS AND LIES OF NATIONALISM as Narrated by Charvak എന്ന ഗ്രന്ഥം വരുന്നത്. ദേശഭക്തി, ദേശവിരുദ്ധത തുടങ്ങിയ ആശയാവലികളെ ഇന്ത്യൻ ദേശീയതയുടെ അതിസങ്കീർണ്ണമായ പശ്ചാത്തലത്തിൽ വിശകലനം ചെയ്യുന്ന പുസ്തകം. ദേശരാഷ്ട്രങ്ങളെല്ലാം ആധുനികമാണ്, രാജ്യാതിർത്തികൾ ആകസ്മികമായി ഉണ്ടായവയാണ്, റിപ്പബ്ലിക്കിൽ രാജാക്കൻമാർക്ക് സ്ഥാനമില്ല, ഇന്ത്യ ഒരു ഹിന്ദുരാഷ്ട്രമല്ല, ഇന്ത്യയും ബഹുസ്വര മതേതര ജനാധിപത്യവും, ഇന്ത്യ ഒരു ജനകീയ ഫെഡറൽ രാഷ്ട്രമാണ്, ജനകീയ സഖ്യങ്ങൾ രാജ്യത്തെ ശക്തിപ്പെടുത്തുന്നു, രാഷ്ട്രം മുഴുവൻ ജനങ്ങളുടേതുമാണ് എന്നിങ്ങനെ ഇന്ത്യൻദേശീയതെ സാംസ്കാരിക രാഷ്ട്രീയത്തിന്റെ ഉപാധികൾ ഉപയോഗിച്ച് വിശകലനം ചെയ്യുന്ന പുസ്തകം.

ചിന്ത പബ്ലിഷേഴ്സ്
വില : 440 രൂ

## സംഘടനാ വാർത്തകൾ

# ഉന്നത വിദ്യാഭ്യാസത്തെ തകർക്കുന്ന യു ജി സി റഗുലേഷൻസ് 2025 പൂർണമായി പിൻവലിക്കുക

ഉന്നത വിദ്യാഭ്യാസ രംഗത്തെ നേട്ടങ്ങളെ ആകെ പിന്നോട്ടടിക്കുന്ന പുതിയ ഡ്രാഫ്റ്റ് യുജിസി റഗുലേഷൻസ് 2025 പിൻവലിക്കണമെന്ന് എ കെ പി സി ടി എ സംസ്ഥാന കമ്മിറ്റി ആവശ്യപ്പെട്ടു. സർവ്വകലാശാലകളുടെ വികേന്ദ്രീകൃത ഭരണസംവിധാനത്തെയും ഫെഡറൽ തത്വങ്ങളെയും സ്വയംഭരണാവകാശത്തെ തന്നെയും പാടേ ഇല്ലാതാക്കുന്ന തരത്തിലാണ് യുജിസി പുതിയ മാർഗനിർദേശങ്ങളോടെ കരട് പുറപ്പെടുവിച്ചിരിക്കുന്നത്.

വൈസ് ചാൻസലർ നിയമനം മുതൽ അധ്യാപക നിയമനത്തിൽ വരെ സ്വീകരിച്ചിരിക്കുന്ന പുതിയ നിർദ്ദേശങ്ങൾ ഉൾപ്പെടെ എല്ലാം തന്നെ സംസ്ഥാന സർക്കാറിന്റെ ധനസഹായത്തോടു കൂടി മാത്രം പ്രവർത്തിക്കുന്ന സർവ്വകലാശാലകളുടെ ഭരണത്തിന് മേൽ കടന്നു കയറാനുള്ള കേന്ദ്രസർക്കാറിന്റെ കുറുക്കുവഴിയായി മാത്രമേ കാണാനാവൂ.

അധ്യാപകരുടെ സേവന- വേതന കാര്യങ്ങളിൽ കാലാകാലങ്ങളായി യു ജി സി റഗുലേഷനുകളിലൂടെ നടപ്പിലാക്കി വന്നിരുന്ന ഒട്ടുമിക്ക കാര്യങ്ങളിലും അശാസ്ത്രീയമായ രീതികളാണ് പുതിയ നിർദ്ദേശം പിന്തുടരുന്നത്. അക്കാദമിക് മേഖലയിൽ നിന്നല്ലാത്തവരെയും വൈസ് ചാൻസലർ ആക്കാമെന്ന വ്യവസ്ഥയും റഗുലേഷൻസിൽ ഉണ്ട്. ഇത് ഉന്നത വിദ്യാഭ്യാസത്തെ തകർക്കും.

അസിസ്റ്റൻറ് പ്രൊഫസർ നിയമനത്തിന്റെ അടിസ്ഥാന യോഗ്യത നെറ്റ് ആണെങ്കിലും പ്രമോഷനുകൾക്ക് പി എച്ച് ഡി നിർബന്ധമാകുന്ന സ്ഥിതിയാണ് പുതിയ നിർദ്ദേശത്തിൽ ഉള്ളത്. നിയമന കാര്യത്തിലും അധ്യാപകരുടെ പ്രൊമോഷൻ കാര്യത്തിലും ന്യൂനപക്ഷ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഉണ്ടായിരുന്ന എല്ലാ അവകാശങ്ങളെയും കരട് നിർദ്ദേശം ഇല്ലാതാക്കിയിരിക്കുകയാണ്.

ഭാവിയിൽ സ്ഥിരനിയമനങ്ങൾ ഇല്ലാതാക്കി താൽക്കാലിക നിയമനങ്ങളും കരാർ നിയമനങ്ങളും പ്രോത്സാഹിപ്പിക്കുന്നതാണ് ഈ റഗുലേഷൻസ്.

ബിരുദാനന്തര തലത്തിൽ പഠിച്ചതല്ലാത്ത വിഷയത്തിൽ ഗവേഷണം ചെയ്യുന്നയാൾക്ക് ആ വിഷയത്തിൽ അധ്യാപനം നടത്താൻ പറ്റുന്നതടക്കമുള്ള വ്യവസ്ഥകൾ വിദ്യാഭ്യാസത്തിന്റെ നിലവാരം തകർക്കും.

നിലവിൽ ഉള്ള അധ്യാപകരുടെ പ്രൊമോഷന് പ്രൊഫസർ റാങ്കിലുള്ള ആളുകൾ മാത്രമേ വിഷയ വിദഗ്ധരാകാവൂ എന്ന അങ്ങേയറ്റം അശാസ്ത്രീയമായവും അപ്രായോഗികവും ആയ നിർദ്ദേശവും പുതിയ കരട് റഗുലേഷൻസ് മുന്നോട്ടുവയ്ക്കുന്നുണ്ട്. ഈ രീതിയിൽ കൺകറന്റ് ലിസ്റ്റിൽ ഉൾപ്പെടുന്ന വിദ്യാഭ്യാസത്തെ കേവലം കേന്ദ്ര നിയമമാക്കി മാറ്റിക്കൊണ്ട് സംസ്ഥാന സർക്കാരുകളുടെ എല്ലാ അധികാരങ്ങളെയും എടുത്തു കളയുന്ന തരത്തിലാണ് കരട് നിർദ്ദേശങ്ങൾ യുജിസി മുന്നോട്ടുവച്ചിട്ടുള്ളത്.


സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സർവ്വകലാശാലകളുടെ ഭരണകാര്യത്തിലോ സാമ്പത്തിക സഹായം നൽകുന്നതിലോ യാതൊരു പങ്കും വഹിക്കാത്ത യുജിസി ഇത്തരം മാർഗനിർദ്ദേശങ്ങളിലൂടെ സർവ്വകലാശാലകളുടെ സ്വയംഭരണത്തെ ഇല്ലാതാക്കുന്നതിനും കേന്ദ്രീകൃതമായ ഭരണസംവിധാനങ്ങൾ നടപ്പിലാക്കുന്നതിനുമുള്ള ശ്രമങ്ങളാണ് നടത്തുന്നത്.

അശാസ്ത്രീയവും വിദ്യാഭ്യാസത്തിന്റെ വൈവിധ്യത്തെ ഇല്ലാതാക്കുന്നതുമായ നിർദ്ദേശങ്ങൾ യു ജി സി പിൻവലിക്കണം.

ഇതിൽ നിന്ന് യു ജി സി യും കേന്ദ്ര സർക്കാരും പിന്തിരിയണമെന്നും, യു ജി സി റഗുലേഷൻസ് 2025 പിൻവലിക്കണമെന്നും എ കെ പി സി ടി എ സംസ്ഥാന പ്രസിഡന്റ് എ നിശാന്ത്, ജനറൽ സെക്രട്ടറി ഡോ ബിജുകുമാർ കെ എന്നിവർ ആവശ്യപ്പെട്ടു.

## പ്രതിഷേധങ്ങൾ, പ്രതിരോധങ്ങൾ



## സംഘടനാ വാർത്തകൾ



കോട്ടയം ഡിഡി ഓഫീസിലെ വിവിധ സർവീസ് വിഷയങ്ങളുമായി ബന്ധപ്പെട്ട് എ കെ പി സി ടി എ മഹാത്മാ ഗാന്ധി സർവ്വകലാശാല മേഖലയിൽ നിന്നുള്ള പ്രവർത്തക സമിതി അംഗങ്ങൾ DD യുമായി ചർച്ച നടത്തി. ഡിഡി ഓഫീസിൽ കഴിഞ്ഞ ആഴ്ച നടത്തിയ അദാലത്തിൽ ഒട്ടേറെ ഫയലുകൾ തീർപ്പാക്കിയതായി ഡിഡി അറിയിച്ചു. ഇനിയും തീർപ്പാക്കാനുള്ള ഫയലുകൾ സംബന്ധിച്ച വിവരങ്ങൾ ജില്ല തിരിച്ച് ഡിഡി ക്ക് കൈമാറി. സർവീസ് സംഘടന നേതാക്കന്മാർക്കെതിരെ ഡിഡി ഓഫീസ് ജീവനക്കാരുടെ ഭാഗത്തുനിന്നുണ്ടായിട്ടുള്ള മോശമായ ഇടപെടലുകൾ ഡിഡിയുടെ ശ്രദ്ധയിൽപ്പെടുത്തുകയും അത് പരിഹരിക്കാമെന്ന് അദ്ദേഹം ഉറപ്പു നൽകുകയും ചെയ്തു.

# കോളേജ് വിദ്യാർത്ഥികൾക്കും അധ്യാപകർക്കും സാഹിത്യരചനാമത്സരങ്ങൾ

ഓൾ കേരള പ്രൈവറ്റ് കോളേജ് ടീച്ചേഴ്സ് അസ്സോസിയേഷന്റെ (AKPCTA) 67-ാം സംസ്ഥാന സമ്മേളനത്തിന്റെ ഭാഗമായി കോളേജ് അധ്യാപകർക്കും വിദ്യാർത്ഥികൾക്കുമായി സാഹിത്യരചനാമത്സരങ്ങൾ സംഘടിപ്പിക്കുന്നു. **കഥ, കവിത, ഉപന്യാസം** എന്നീ ഇനങ്ങളിലാണ് മത്സരം. അധ്യാപകർക്കും വിദ്യാർത്ഥികൾക്കും പ്രത്യേകമായാണ് മത്സരം നടത്തുന്നത്. ഗവൺമെന്റ്/എയ്ഡഡ്/അൺഎയ്ഡഡ്/സർവ്വകലാശാല വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും പങ്കെടുക്കാം. ഉപന്യാസ വിഷയം വിദ്യാർത്ഥികൾക്ക്–**ഭരണഘടനാമൂല്യങ്ങളും വർത്തമാനകാല ഇന്ത്യയും**; അധ്യാപകർക്ക് – **ഉന്നതവിദ്യാഭ്യാസവും ഫെഡറലിസവും** - എന്നിവയാണ്. കഥ, കവിത എന്നിവയ്ക്ക് പ്രത്യേകം വിഷയങ്ങളില്ല. രചനകൾ **ഫെബ്രുവരി 20** നുള്ളിൽ
ഹരിനാരായണൻ എസ്, എൻ.എസ്.എസ്.കോളേജ്, നെന്മാറ എന്ന വിലാസത്തിലോ,
hariliverpool3@gmail.com എന്ന മെയിൽ ഐഡിയിലോ അയയ്ക്കേണ്ടതാണ്.
വിദ്യാർത്ഥികൾ കോളേജ് ഐഡന്റിറ്റി കാർഡിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൂടി വെയ്ക്കേണ്ടതാണ്. ഒന്നും രണ്ടും മൂന്നും സ്ഥാനം കിട്ടുന്നവർക്ക് യഥാക്രമം 3000, 2000, 1000 രൂപ സമ്മാനമായി നല്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് **9446928563** എന്ന നമ്പറിൽ ബന്ധപ്പെടുക.

എ.നിശാന്ത്
പ്രസിഡന്റ്, എ കെ പി സി ടി എ

പ്രൊഫ.(ഡോ.) ബിജുകുമാർ കെ.
ജനറൽ സെക്രട്ടറി, എ കെ പി സി ടി എ


## സംഘടനാ വാർത്തകൾ

# കണ്ണൂർ സർവ്വകലാശാലയുടെ 103 ഫാക്കൽറ്റികളിൽ എ കെ പി സി ടി എ - എ കെ ജി സി ടി - കെ യു ടി സി എതിരില്ലാതെ തെരഞ്ഞെടുക്കപ്പെട്ടു

കണ്ണൂർ സർവ്വകലാശാലയുടെ വിവിധ പഠനബോർഡുകളിൽ നിന്ന് ഫാക്കൽറ്റികളിലേക്ക് വിജ്ഞാപനം ചെയ്ത തെരഞ്ഞെടുപ്പിൽ 103 സീറ്റുകളിൽ എതിരില്ലാതെ എ കെ പി സി ടി എ - എ കെ ജി സി ടി - കെ യു ടി സി സഖ്യം തെരഞ്ഞെടുക്കപ്പെട്ടു.

സർവ്വകലാശാല സിൻഡിക്കേറ്റ് നേരത്തേ അംഗീകരിച്ച പഠനബോർഡുകളുടെ ലിസ്റ്റ് മുൻ ചാൻസലർ ആരിഫ് മുഹമ്മദ് ഖാനെ ഉപയോഗിച്ച് മരവിപ്പിക്കാൻ വലത് സംഘടനകൾ നേരത്തേ ശ്രമിച്ചിരുന്നു. ഹൈക്കോടതിയിൽ  ഇത് സംബന്ധിച്ച കേസും നിലനിന്നിരുന്നു. തുടർന്ന് സിൻഡിക്കേറ്റിന്റെ അനുവാദമില്ലാതെ മുൻ വൈസ് ചാൻസലർ നിയമവിരുദ്ധമായി പഠനബോർഡുകളുടെ പുതുക്കിയ ലിസ്റ്റ് ചാൻസലർക്ക് നൽകുകയും, ചാൻസലർ നേരത്തേ ഉള്ള ലിസ്റ്റിൽ നിന്ന് ഇടത് സംഘടനാംഗങ്ങളിൽ പലരേയും തെരഞ്ഞ് പിടിച്ച് ഒഴിവാക്കുകയും ചെയ്തു.

കണ്ണൂർ യൂനിവേഴ്സിറ്റിയിൽ രണ്ട് വർഷത്തോളം പഠന ബോർഡുകളെ പ്രവർത്തിക്കാൻ ഇക്കൂട്ടർ അനുവദിക്കാതിരുന്നിട്ടും അഡ്ഹോക് കമ്മിറ്റികൾ രൂപീകരിച്ചു കൊണ്ട് നാല് വർഷ ബിരുദ പ്രോഗ്രാമിന്റെ കരിക്കുലവും സിലബസുകളുമായി ബന്ധപ്പെട്ട് അധ്യാപകർ പ്രവർത്തിച്ചു. ഇതിനിടെയാണ് 72 പഠന ബോർഡുകൾ രൂപീകരിച്ച് ചാൻ




സലർ വിജ്ഞാപനം ഇറക്കിയത്. തുടർന്ന് ഈ പഠന ബോർഡുകൾ എല്ലാ അധ്യാപകരേയും, നേരത്തേയുണ്ടായിരുന്ന അഡ്ഹോക് കമ്മിറ്റി അംഗങ്ങളേയും ഉപയോഗപ്പെടുത്തി സിലബസ് പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു. സംസ്ഥാനത്താദ്യമായി നാല് വർഷ ബിരുദ പ്രോഗ്രാമിന്റെ ആദ്യ സെമസ്റ്റർ ഫലം പ്രസിദ്ധീകരിക്കാനും സർവ്വകലാശാലയ്ക്കായി.

ഫാക്കൽറ്റി തെരഞ്ഞടുപ്പ് വിജ്ഞാപനം വന്നപ്പോൾ നാമനിർദ്ദേശ പത്രിക നൽകാൻ വലത് സംഘടനകളിൽ ഒരാൾ പോലും തയ്യാറാകാത്ത സ്ഥിതി വന്നു. അധ്യാപകരിൽ നിന്നും തീർത്തും ഒറ്റപ്പെട്ട വലത് സംഘടനകൾക്ക് ഏറ്റ കനത്ത പ്രഹരമാണ് ഈ തെരഞ്ഞെടുപ്പ് ഫലം.

നാമനിർദ്ദേശപത്രിക സമർപ്പിച്ച ഇടത് സഖ്യത്തിന്റെ 103 സ്ഥാനാർത്ഥികളും ഇതോടെ എതിരില്ലാതെ തെരഞ്ഞെടുക്കപ്പെട്ടു.

ഉന്നതവിദ്യാഭ്യാസ മേഖലയിൽ കേരളത്തിൽ  നടന്ന് കൊണ്ടിരിക്കുന്ന വലിയ മാറ്റങ്ങളോട് മുഖം തിരിഞ്ഞ് നിൽക്കുകയും, സ്ഥാനമാനങ്ങൾക്കായി സേവ് യൂണിവേഴ്സിറ്റീസ് ഫോറത്തിന്റെയും സംഘപരിവാർ സംഘടനകളുകളുടെയും സഖ്യ കക്ഷികളായി പ്രവർത്തിക്കുകയും ചെയ്ത വലത് അധ്യാപക സംഘടനകളുടെ അധാർമ്മികമായ നിലപാടിനേറ്റ തിരിച്ചടി കൂടിയാണ് ഈ തെരഞ്ഞെടുപ്പ് ഫലം.



# ആലപ്പുഴ  സെന്റ് ജോസഫ് കോളജ് എകെപിസിടിഎ ബ്രാഞ്ച് രൂപീകരണം

പുതിയ അംഗങ്ങളുടെ മെമ്പർഷിപ്പ് ഫോറം സംസ്ഥാന ജനറൽ സെക്രട്ടറി ഡോ. ബിജു കുമാർ  സ്വീകരിച്ചു. സംസ്ഥാന പ്രസിഡന്റ് എ. നിഷാന്ത്, സംസ്ഥാന വൈസ് പ്രസിഡന്റ് ടി. ആർ മനോജ്, ജില്ലാ പ്രസിഡന്റ് വിനോദ് ജേക്കബ് സെക്രട്ടറി ഫറൂഖ് എസ് എന്നിവർ   പങ്കെടുത്തു.

## സംഘടനാ വാർത്തകൾ



# ഗവേഷണ മേഖലയിലെ വിഷയങ്ങൾ: എ കെ പി സി ടി എ കണ്ണൂർ സർവ്വകലാശാല വൈസ് ചാൻസലർക്ക് നിവേദനം നൽകി

കണ്ണൂർ സർവ്വകലാശാലയിലെ ഗവേഷണ മേഖലയിലെ വിവിധ പ്രശ്നങ്ങൾ പരിഹരിക്കണമെന്നാവശ്യപ്പെട്ട് എ കെ പി സി ടി എ വൈസ് ചാൻസലർക്ക് നിവേദനം നൽകി.

ബിരുദ പ്രോഗ്രാമുകൾക്ക് പഠിപ്പിക്കുന്ന കോളജധ്യാപകർക്ക് യു ജി സി നിർദ്ദേശത്തെ തുടർന്ന് സർവ്വകലാശാല ഗവേഷക ഗൈഡ്ഷിപ്പ് അനുവദിക്കാത്ത അവസ്ഥ പരിഹരിക്കുക എന്ന സംഘടനയുടെ ആവശ്യം പരിഗണിച്ചുകൊണ്ട് ഇക്കാര്യത്തിൽ കേരള സർക്കാരിന്റെയും ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെയും അഭിപ്രായം തേടുമെന്ന് വി സി പറഞ്ഞു.

ഇക്കാര്യത്തിൽ ഉന്നതവിദ്യാഭ്യാസ കൗൺസിലിലും സർക്കാരിലും സംഘടന ഇടപെടും. യു ജി സി യുമായി എ കെ പി സി ടി എ യുടെയും ഐഫക്ടോയുടെയും നേതാക്കൾ ഈ വിഷയത്തിൽ ബന്ധപ്പെടും.

യു ജി സി യുടെ പുതിയ നിർദ്ദേശത്തെ തുടർന്ന്  പി എച്ച് ഡി ക്ക് പ്രവേശനത്തിന് നെറ്റ് സ്കോർ നിർബന്ധമാക്കിയതിനെ തുടർന്ന് മുൻ വർഷങ്ങളിലെ നെറ്റ് നേടിയവരെ പി എച്ച് ഡി ക്ക് പരിഗണിക്കരുത് എന്ന യു ജി സി യുടെ കർശന നിർദേശം സംബന്ധിച്ച് വി സി യുമായി ചർച്ച ചെയ്തു. മുൻ വർഷങ്ങളിൽ നെറ്റ് യോഗ്യത നേടിയവർക്കുൾപ്പെടെ പി എച്ച് ഡി പ്രവേശന പരീക്ഷ നടത്താൻ നടപടികൾ സ്വീകരിക്കുമെന്ന് വി സി പറഞ്ഞു. കോളജധ്യാപകരെ പ്രവേശന പരീക്ഷയിൽ നിന്ന് ഒഴിവാക്കിയിരുന്ന പഴയ രീതി യു ജി സി യുടെ പുതിയ നിർദ്ദേശത്തെ തുടർന്ന് തടസ്സപ്പെട്ടത് പരിഹരിച്ചെടുക്കാൻ സർവ്വകലാശാല ഇടപെടണമെന്ന് സംഘടന ആവശ്യപ്പെട്ടു.

മതിയായ അടിസ്ഥാന ഭൗതിക സൗകര്യങ്ങളും ഗവേഷക ഗൈഡുമാരും ഉള്ള അഫിലിയേറ്റഡ്  കോളജുകൾ ഗവേഷണ കേന്ദ്രത്തിന് അപേക്ഷ നൽകുമ്പോൾ നിലവിൽ അവ അനുവദിക്കാൻ വല്ലാത്ത കാലതാമസം സർവ്വകലാശാലയുടെ ഭാഗത്ത് നിന്ന് ഉണ്ടാകുന്ന കാര്യം സംഘടന ചർച്ചയിൽ ഉന്നയിച്ചു. ഈ വിഷയം സർവ്വകലാശാല തലത്തിൽ പരിഹരിക്കുമെന്ന് വി സി യും സിൻഡിക്കേറ്റ് അംഗങ്ങളും ഉറപ്പ് നൽകി.

ഗവേഷണ മേഖലയെ കൂടുതൽ മികവിലേക്ക് നയിക്കാനായി സംഘടന മുന്നോട്ട് വെച്ച മറ്റ് നിർദ്ദേശങ്ങൾ ക്രിയാത്മകമായി സിൻഡിക്കേറ്റ് യോഗം പരിഗണിക്കും എന്ന് വൈസ് ചാൻസലറും സിൻഡിക്കേറ്റ് അംഗങ്ങളും റജിസ്ട്രാറും ഉറപ്പ് നൽകി.

ചർച്ചയിൽ വൈസ് ചാൻസലർ പ്രൊഫ. ഡോ. കെ. കെ. സാജു, റജിസ്ട്രാർ പ്രൊഫ. ഡോ. ജോബി കെ ജോസ്, സിൻഡിക്കേറ്റ് അംഗങ്ങളായ കെ പി അനീഷ്കുമാർ, പ്രമോദ് വെള്ളച്ചാൽ, ഡോ ഇസ്മായിൽ ഒലായിക്കര എന്നിവർ സന്നിഹിതരായി.

എ കെ പി സി ടി എ സംസ്ഥാന പ്രസിഡന്റ് എ നിശാന്ത്, കണ്ണൂർ – കാസർഗോഡ് ജില്ലാ സെക്രട്ടറി ഡോ എം പി ഷനോജ്, മേഖലാ അക്കാദമിക് കമ്മിറ്റി കൺവീനർ എമ്മാനവേൽ ടോം, ജില്ലാ അക്കാദമിക് കമ്മിറ്റി കൺവീനർ ഡോ കെ വി സുജിത്ത് എന്നിവർ ചർച്ചയിൽ പങ്കെടുത്തു.

## സംഘടനാ വാർത്തകൾ

# സോഷ്യൽ വെൽഫെയർ ആൻഡ് ഡിഫറൻ്റ്ലി ഏബിൾഡ് കമ്മിറ്റിയുടെ മേഖലാതലത്തിലുള്ള ഓൺലൈൻ യോഗങ്ങൾ

2025 ജനുവരി 20 ,21 22 ,23 തീയതികളിൽ ആയി എ കെ പി സി ടി എ യുടെ സോഷ്യൽ വെൽഫെയർ ആൻഡ് ഡിഫറൻ്റ്ലി ഏബിൾഡ് കമ്മിറ്റിയുടെ മേഖലാതലത്തിലുള്ള ഓൺലൈൻ യോഗങ്ങൾ സംഘടിപ്പിക്കുകയുണ്ടായി. ഓരോ മേഖലയിലെയും ഡിഫറൻ്റ്ലി ഏബിൾഡ് അധ്യാപകരോടൊപ്പം മേഖല സെക്രട്ടറിമാർ, സിൻഡിക്കറ്റ് അംഗങ്ങൾ, വർക്കിങ് കമ്മറ്റി അംഗങ്ങൾ എന്നിവർ കൂടി യോഗത്തിൽ സംബന്ധിച്ചു. ഓരോ മേഖലയിലെയും ഡിസേബിൾഡ്  അധ്യാപകരുടെ നിയമനങ്ങൾ. മറ്റു സേവന വിഷയങ്ങൾ എന്നിവ വിശദമായി യോഗത്തിൽ ചർച്ച ചെയ്യുകയും അത് തീർപ്പാക്കാനുള്ള നടപടികൾ കൈക്കൊള്ളുകയും ചെയ്തു.

സംഘടനയുടെ വർക്ക്ഷോപ്പ് ക്യാമ്പിൽ പ്രകാശനം ചെയ്യപ്പെട്ട ഭിന്നശേഷീ നയരേഖ അതതു സർവകലാശാലകളിലെ വൈസ് ചാൻസലർമാർക്ക് സമർപ്പിക്കാനുള്ള തീയതികൾ നിശ്ചയിക്കുകയും ഓരോ മേഖലയിലെയും ഡിസേബിൾഡ് അധ്യാപകരുടെ പ്രാതിനിധ്യം നയരേഖ കൈമാറുന്ന ചടങ്ങിൽ ഉറപ്പു വരുത്തണമെന്നും നിർദേശിച്ചു.ഡിസേബിൾഡ് അധ്യാപകരുടെ സവിശേഷ ആനുകൂല്യങ്ങളെയും അവകാശങ്ങളെയും സംബന്ധിച്ച ഒരു ക്ലാസ്സ് ഫാറൂക് കോളേജിലെ ഇംഗ്ലീഷ് വിഭാഗം അധ്യാപകനും കേരളം ഫെഡറേഷൻ ഓഫ് ദി ബ്ലൈൻഡ് പ്രസിഡൻ്റുമായ ഡോ .സി ഹബീബിൻ്റെ സഹായത്തോടെ നടത്താനും    സർവീസ്  വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ക്ലാസ് സംഘടനയുടെ സർവീസ് സെൽ കോർഡിനേറ്റർ ഡോ .സുഷമരാജിനെ ഏല്പിച്ചു കൊണ്ട് നടത്താനും തീരുമാനമെടുത്തു.മാത്രമല്ല നമ്മുടെ സംഘടനയിൽ ഇനിയും അംഗത്വം എടുത്തിട്ടില്ലാത്ത ഡിസേബിൾഡ് അധ്യാപകരെ സംഘടനയിലേക്ക് ചേർക്കാനുള്ള ശ്രമങ്ങൾ ഗൗരവമായിത്തന്നെ അംഗങ്ങളുടെ ഭാഗത്തുനിന്നുണ്ടാകണമെന്ന നിർദേശം യോഗത്തിൽ ഉണ്ടായി.കലാലയങ്ങളിൽ ഭിന്നശേഷീ സൗഹൃദമാക്കാനുള്ള ശ്രമങ്ങളോടൊപ്പം സഹപ്രവത്തകരായ അധ്യാപകരുടെ മനോഭാവവങ്ങളിൽ മാറ്റമുണ്ടാകണമെന്നും അതിലൂടെ മാത്രമേ പൊതുബോധ സമീപനങ്ങളിൽ മാറ്റങ്ങൾ ഉണ്ടാക്കാൻ സാധിക്കു എന്നും യോഗം വിലയിരുത്തി.പരീക്ഷാജോലികളുമായി ബന്ധപ്പെട്ട കാര്യങ്ങൾ യൂണിവേഴ്സിറ്റി അധികൃതരുടെ ശ്രദ്ധയിൽപെടുത്തി ഓരോ കാറ്റഗറി ഡിസബിലിറ്റിക്കും അനുയോജ്യമായ രീതിയിൽ പരീക്ഷാ ജോലികളെ വിന്യസിച്ചുകൊണ്ട് അത്തരം ചുമതലകൾക്ക് ഡിസേബിൾഡ് അധ്യാപകരെ നിയോഗിക്കാനും സംഘടനാതലത്തിൽ ശ്രമങ്ങൾ ഉണ്ടാകണമെന്ന് ആവശ്യപ്പെട്ടു. കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ പരീക്ഷാ മൂല്യ നിർണയവുമായി ബന്ധപ്പെട്ട സ്ക്രൈബിനെ നിയോഗിക്കുമ്പോൾ ഒരു ഉത്തരക്കടലാസിന് 30 രൂപ നിരക്കിൽ നൽകാനും ഡിഫറൻ്റ്ലി ഏബിൾഡ് ഏബിൾഡ് ഐഡൻ്റിറ്റി കാർഡ് യൂണിവേഴ്സിറ്റിയിൽ പ്രാമാണിക രേഖയായി അംഗീകരിക്കാനുള്ള തീരുമാനം എടുത്തതായും കാലിക്കറ്റ് യൂണിവേഴ്സിറ്റി സിൻഡിക്കേറ്റ് അംഗം ഡോ പ്രദീപ് കുമാർ കെ. യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

കാലിക്കറ്റ് യൂണിവേഴ്സിറ്റി മേഖലയിൽ നിന്ന് 13 അംഗങ്ങൾ എം.ജി യൂണിവേഴ്സിറ്റി മേഖലയിൽ നിന്ന് 31 അംഗങ്ങൾ,കേരളാ യൂണിവേഴ്സിറ്റി മേഖലയിൽ നിന്ന് 10 അംഗങ്ങൾ ,കണ്ണൂർ യൂണിവേഴ്സിറ്റി മേഖലയിൽ നിന്ന് 14 അംഗങ്ങൾ എന്ന രീതിയിൽ യോഗത്തിൽ പ്രാതിനിധ്യം ഉണ്ടായി.

# ഡ്രാഫ്റ്റ് യു ജി സി റഗുലേഷൻസ് - 2025 പിൻവലിക്കുക; മാസ് ലെറ്റർ ക്യാമ്പയിന് തുടക്കം

ഡ്രാഫ്റ്റ് യു ജി സി റഗുലേഷൻസ് - 2025 പിൻവലിക്കുക എന്ന് ആവശ്യപ്പെട്ടു കൊണ്ട് എ കെ പി സി ടി എ സംസ്ഥാന കമ്മിറ്റി നടത്തുന്ന മാസ് ലെറ്റർ ക്യാമ്പയിൻ്റെ സംസ്ഥാന തല ഉദ്ഘാടനം കായംകുളം എം എസ് എം കോളജിൽ ഐഫക്ടോ ദേശീയ സെക്രട്ടറിയും എ കെ പി സി ടി എ ജനറൽ സെക്രട്ടറിയുമായ ഡോ ബിജുകുമാർ കെ  നിർവ്വഹിച്ചു.


സംസ്ഥാന പ്രസിഡൻ്റ് എ നിശാന്ത് അധ്യക്ഷത വഹിച്ചു. ഐ ടി സെൽ കൺവീനർ ഡോ അനിൽകുമാർ കെ എം, കായംകുളം എം എസ് എം കോളജ് ബ്രാഞ്ച് പ്രസിഡൻ്റ് അൻവർ ഹുസൈൻ, സെക്രട്ടറി ഡോ ഹർഷ വിശ്വനാഥ്, ആലപ്പുഴ ജില്ലാ കൗൺസിൽ അംഗങ്ങളായ ഡോ ജ്യോതി ജി, ഡോ ബിജു ആർ ഐ, അനു കെ എന്നിവർ സംസാരിച്ചു.

സംസ്ഥാന വൈസ് പ്രസിഡൻ്റ് ഡോ മനോജ് ടി ആർ സ്വാഗതവും ആലപ്പുഴ ജില്ലാ സെക്രട്ടറി ഡോ ഫാറൂഖ് എസ് നന്ദിയും പറഞ്ഞു.

ഫെബ്രുവരി 3, 4 തീയതികളിലാണ് അധ്യാപകർ യു ജി സി ക്ക് ഇ മെയിൽ അയച്ച് മാസ് ലെറ്റർ ക്യാമ്പയിനിൽ പങ്കാളികളാകുന്നത്.



## സംഘടനാ വാർത്തകൾ



# അധ്യാപക ഒഴിവുകൾ നികത്താനും, പ്ലേസ്മെന്റ് – പ്രൊമോഷനുകൾക്ക് വേഗത വരുത്താനും നിവേദനം നൽകി

തിരുവിതാംകൂർ ദേവസ്വം ബോർഡിന് കീഴിലെ കോളേജുകളിൽ ഒഴിവ് വന്ന അധ്യാപക തസ്തികകളിൽ നിയമനങ്ങൾ അടിയന്തിരമായി നടത്തണമെന്നും, അധ്യാപകരുടെ പ്ലേസ്മെന്റ് – പ്രൊമോഷനുകൾ സമയബന്ധിതമായി പൂർത്തീകരിക്കണമെന്നും, കോളേജുകളിലെ അടിസ്ഥാന സൗകര്യങ്ങൾ വർധിപ്പിക്കണമെന്നും ആവശ്യപ്പെട്ട് എ കെ പി സി ടി എ സംസ്ഥാന കമ്മിറ്റി ദേവസ്വം വകുപ്പ് മന്ത്രി ശ്രീ. വി എൻ വാസവനും, ദേവസ്വം ബോർഡ് പ്രസിഡന്റ് അഡ്വ. പി എസ് പ്രശാന്തിനും നിവേദനം നൽകി.

അടിയന്തിരമായി ഇടപെട്ട് വിഷയങ്ങളിൽ പരിഹാരമുണ്ടാക്കുമെന്ന് മന്ത്രിയും ദേവസ്വം ബോർഡ് പ്രസിഡന്റും പറഞ്ഞു.





# KTU ആസ്ഥാനത്തിന് മുന്നിൽ പ്രതിഷേധ സമരം

KTU – ഡിജിറ്റൽ യൂണിവേഴ്സിറ്റികളിൽ താൽക്കാലിക വൈസ് ചാൻസിലർമാരുടെ നിയമനത്തിൽ ചാൻസിലറും സംഘപരിവാരും നടത്തിയ ജനാധിപത്യ വിരുദ്ധ നീക്കങ്ങൾക്ക് എതിരെ, KTU ആസ്ഥാനത്തിന് മുന്നിൽ AKPCTA യുടെ നേതൃത്വത്തിൽ നടത്തിയ 55-ാം ദിവസത്തെ പ്രതിഷേധ സമരം AKPCTA സംസ്ഥാന വൈസ് പ്രസിഡന്റും കേരള സർവകലാശാല സിൻഡിക്കേറ്റ് അംഗവുമായ ഡോ: T R മനോജ് ഉദ്ഘാടനം ചെയ്തു. സിൻഡിക്കേറ്റ് അംഗം ഡോ: പ്രമോദ്. എൻ അധ്യക്ഷനായ യോഗത്തിൽ AKPCTA സർവീസ് സെൽ ജോ: കൺവീനർ ഡോ. ജഹാംഗീർ ജെ എസ് സ്വാഗതവും, ജില്ലാ സെക്രട്ടറി ഡോ: സുമേഷ്. ജി. എസ്സ് നന്ദിയും രേഖപ്പെടുത്തി

**ഡ്രാഫ്റ്റ് യു ജി സി റഗുലേഷൻസ് - 2025 പൂർണമായി പിൻവലിക്കണമെന്ന് ആവശ്യപ്പെട്ട്**
**2025 ഫെബ്രുവരി 3, 4 (തിങ്കൾ, ചൊവ്വ) തീയതികളിൽ എ കെ പി സി ടി എ സംസ്ഥാന കമ്മിറ്റിയുടെ നേതൃത്വത്തിൽ**
**സംഘടിപ്പിച്ച "മാസ് ലെറ്റർ കാമ്പയിന്റെ" ഭാഗമായി അധ്യാപകർ യു ജി സി ക്ക് ഇ-മെയിൽ അയച്ച കത്തിന്റെ പകർപ്പ്**

To,
**The Chairman**
**University Grants Commission**

Sir,

In response to the public notice No F.6-1/2025 (Regulations Feedback) dated 06.01.2025, I bring the following for your serious consideration and necessary further action.

Yours faithfully

Sd/-
draft-regulations@ugc.gov.in

# Suggestions and feedback of Draft UGC Regulations 2025

**1.4** These regulations specify the minimum qualifications, experience, and accomplishments for appointment and promotion of Assistant Professor, Associate Professor, Professor, Assistant Librarian, Deputy Librarian, Additional Librarian, Librarian, Assistant Director of Physical Education & Sports, Deputy Director of Physical Education & Sports, Additional Director of Physical Education & Sports and Director of Physical Education & Sports; and appointment of Principal and Vice-Chancellor in higher education institutions (HEIs).

**Feedback:**

Two new designations have been introduced in this list, namely Additional Librarian and Additional Director of Physical Education & Sports for colleges. The designations of Librarian and Director of Physical Education & Sports are now restricted to universities. This may be reconsidered.

**1.7** The overall selection procedure for direct recruitment and promotion under CAS shall incorporate a transparent and objective methodology of analysis of the merits and the credential of the application to make the system more credible; universities/colleges may assess the ability for teaching and/or research aptitude through a seminar or a lecture.

**Feedback:**

Assessing teaching and/or research aptitude through a seminar or lecture for faculty under the CAS (Career Advancement Scheme) may lead to issues. Faculty members undergoing such evaluation procedures may face challenges and difficulties in the process.

**2.0 Definitions**

viii. "External Subject Expert" means a renowned expert not below the academic level 14 in the subject who is not an employee or retiree from the Higher Educational Institution where the recruitment/promotion takes place;

**Feedback:**

Requiring all subject experts to be at Academic Level 14 or above may create challenges, as only a limited number of teachers are available at that level.

**3.2** If the discipline/subject chosen in the 4-year undergraduate programme (NCrF level 6) or postgraduate programme (NCrF level 6.5/7) is different from the chosen discipline/subject in Ph.D, the discipline/subject in which a candidate obtained Ph.D. shall be considered eligible for appointment as Assistant Professor, Associate Professor or Professor in that discipline/subject.

**Feedback:**

This may cause serious issues in UG and PG Level teaching and learning process. The teacher might not fully understand the teaching methodologies or best pedagogical practices specific to the discipline of their course coming under UG & PG level, despite having a Ph D in that subject.

**3.8** Notable contributions to be considered by the selection committee for recruitment and promotion of university & college teachers are: (1) Innovative Teaching Contribution (2) Research or teaching Lab Development; (3) Consultancy / Sponsored Research funding as a Principal Investigator or Co-Principal Investigator; (4) Teaching contributions in Indian languages; (5) Teaching-Learning and Research in Indian Knowledge System; (6) Student Internship / Project Supervision; (7) Digital Content Creation for MOOCs; (8) Community Engagement and Service; (9) Startup, as per the intellectual property policies of the HEI, registered with the Registrar of Companies (ROC) as a founding promoter, successfully raising funding through government, angel or venture funds to support the startup.

**Feedback:**

Most of the activities mentioned do not align with the work environment of college teachers. These areas are not exhaustive and therefore do not cover all the ways in which a teacher can contribute. Consequently, additional areas such as environmental protection, Swatch Bharat /cleanliness drives, Contributing to students' development, excellence in artistic pursuits

and sports activities, and promoting constitutional awareness should be included. The areas being limited to just eight shall greatly impact the opportunities of teachers in colleges of rural area. Freedom should be given to Universities to identify different activities, under each contributions, according to the working environment of HEIs affiliated under the same.

**3.12** The Ph.D. Degree shall be a mandatory qualification for promotion to Assistant Professor (Academic Level 12), Associate Professor (Academic Level 13A) and Professor (Academic Level 14) in universities and colleges.

**Feedback:**

This feature should be implemented for those entering the service after the regulation comes into effect; it should not serve as a criterion for those already in service.

**3.15** A teacher representing SC/ST/OBC/ Minority / Women / Persons with disabilities is to be nominated by the Vice-Chancellor (a) if any of the candidates belonging to any of these categories is the applicant and (b) if any of the members of the selection committee does not belong to these categories. The teacher, so nominated for this purpose in the selection committee, shall be one level above the cadre level of the applicant, and such nominee shall ensure that the norms of the Central Government or State Government, in relation to the categories mentioned above, are strictly followed during the selection process.

**Feedback:**

The current regulations mandate that a representative from each relevant category (SC/ST/OBC/Minority/Women/PWD) be included in the selection committee if a candidate from that category appears before the committee. Additionally, the existing regulations allow minority communities to nominate a panel of experts for the selection committee, subject to the approval by the Vice Chancellor. However, this provision has been omitted in the current regulations and should be reinstated. Furthermore, in this context, selection committee members must be only one cadre level above the applicant, whereas subject experts need to be at Academic level 14 or higher.

**4.2.** II. Selection Committee Composition for Assistant Professor, Assistant Librarian, Assistant Director of Physical Education and Sports (Academic Level 10), Associate Professor (Academic Level 13 A) and Professor (Academic Level 14) in the colleges shall be the following:

**Feedback:**

This does not preserve the existing freedom granted to minority institutions to propose members for the selection committee. Hence, it is requested that the existing criteria should be reinstated.

**4.2.** II. Note: (4) At the time of recruitment in Universities and Colleges, a service agreement should be executed between the University/College and the teacher. A copy thereof shall be deposited with the Registrar/Principal. Such service agreement shall be duly stamped as per the government rates applicable.

**Feedback:**

All the service agreements should be as per the existing state government rule or University Act or Statutes.

**5.0. Career Advancement Scheme (CAS)**

**5.3. I. Assistant Professor (Academic Level 10 to Academic Level 11)**

i. Attended one Orientation course of 21 days duration on teaching methodology and completed any one of the following: Refresher Course or Research Methodology Course or Faculty Development Programme in online mode recognized by the regulatory bodies (UGC, AICTE, etc.).

**Feedback**:

In 218 regulations, two short-term courses were permitted. It would, however, be a better option for faculty to pursue short-term courses instead of the two-week duration refresher course. Furthermore the duration of the Refresher Course, Research Methodology Course, or Faculty Development Programme is not mentioned in the draft regulations. Additionally, there are no provisions for offline courses that include hands-on experience sessions.

**5.3 II. Assistant Professor (Academic Level 11 to Academic Level 12)**

ii. A Ph.D. Degree in the relevant/ allied discipline.

**Feedback:**

Making a PhD a mandatory requirement at these levels without providing any schemes, such as FDPs by the UGC, creates a challenging situation for faculty members.

**5.6 DATE OF ELIGIBILITY FOR PROMOTION:**

2. When a candidate succeeds in an assessment, his/her promotion shall be effected as detailed below:

3. If the assessment is between 1st January and 30th June of a year, promotion shall be granted from 1st July of the year.

4. If the assessment is between 1st July and 31st December of a year, promotion shall be granted from 1st January of the following year.

**Feedback:**

Making the promotion effective from a common date, such as January 1st or July 1st, is unjust to employees, as they have the right to receive benefits from the actual date of promotion. Additionally, this approach would affect the faculty's annual increment date. This provision significantly restricts a teacher's right to promotion on the date of eligibility and, furthermore, is unreasonable.

**5.7. II.** For Assistant Professor, Assistant Librarian, Assistant Director of Physical Education and Sports (From Academic Level 10 to 11, Academic Level 11 to 12), Associate Professor, Deputy Librarian, Deputy Director of Physical Education and Sports (Academic Level 13 A) and Professor, Additional Librarian and Additional Director of Physical Education and Sports (Academic Level 14) in the colleges shall be the following:

**Feedback:**

As per the new regulation, there is no provision for a screening committee at any stage of promotion. At least for the promotion from level 10 to level 11 and from level 11 to level 12, a screening committee should be introduced.

## സംഘടനാ വാർത്തകൾ



# എം.ജി. സർവകലാശാലയിൽ മികവിന്റെ കേന്ദ്രം: ധാരണാപത്രമായി

ഉന്നതവിദ്യാഭ്യാസമേഖലയിലെ കാലോചിത പരിഷ്കാരങ്ങളുടെ ഭാഗമായി സംസ്ഥാന സർക്കാർ മഹാത്മാഗാന്ധി സർവകലാശാലയിൽ സ്ഥാപിക്കുന്ന മികവിന്റെ കേന്ദ്രത്തിന് ധാരണാപത്രമായി. മന്ത്രി ഡോ. ആർ. ബിന്ദുവിന്റെ സാന്നിധ്യത്തിൽ ഉന്നതവിദ്യാഭ്യാസ കൗൺസിൽ വൈസ് ചെയർമാൻ ഡോ. രാജൻ ഗുരുക്കൾ സർവകലാശാല പ്രതിനിധികൾക്ക് ധാരണപത്രം കൈമാറി.

ശാസ്ത്ര,സാങ്കേതിക, സംരംഭകത്വ മേഖലകളുമായി ബന്ധപ്പെട്ട ഗവേഷണങ്ങൾക്കും തുടർ പ്രവർത്തനങ്ങൾക്കുമുള്ള കേന്ദ്രമാണ് സംസ്ഥാന ഉന്നതവിദ്യാഭ്യാസ കൗൺസിലിന് കീഴിൽ മഹാത്മാഗാന്ധി സർവകലാശാലയിൽ തുടങ്ങുന്നത്. കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സയൻസ്,ടെക്നോളജി ആന്റ് ഇന്നവേഷൻ (കെ.ഐ.എസ്ടിഐ) എന്ന പേരിലായിരിക്കും സ്ഥാപനം അറിയപ്പെടുക.

ശാസ്ത്രസാങ്കേതിക മേഖലയിൽ സംസ്ഥാനത്തിന്റെ വളർച്ചക്ക് ഊർജ്ജം പകരുന്ന കേന്ദ്രമായിരിക്കും ഇതെന്ന് മന്ത്രി പറഞ്ഞു. ഉന്നതവിദ്യാഭ്യാസമേഖലയിലെ കണ്ടെത്തലുകളെ ഉൽപ്പന്നങ്ങളും സംരംഭങ്ങളുമാക്കി മാറ്റുന്നതിനും വ്യവസായ മേഖലയുമായി സഹകരിച്ച് സംരംഭകത്വ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുന്നതിനുമുള്ള പ്രവർത്തനങ്ങളാണ് ഇവിടെ നടക്കുക. ഇതിനായി ദേശീയ, രാജ്യാന്തര തലങ്ങളിലുള്ള സഹകരണവും പരിഗണിക്കും. ഉന്നതവിദ്യാഭ്യാസമേഖലയുടെ സമഗ്രപരിഷ്കരണത്തിന് ഉന്നതവിദ്യാഭ്യാസ പരിഷ്കരണ കമ്മീഷൻ നൽകിയ ശുപാർശയുടെ അടിസ്ഥാനത്തിൽ ആദ്യഘട്ടമായി സംസ്ഥാനത്ത് എം.ജി. സർവകലാശാലയിലേതുൾപ്പെടെ ഏഴ് മികവിന്റെ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനാണ് സർക്കാർ ഭരണാനുമതി നൽകിയത്. ഓരോ കേന്ദ്രവും വ്യത്യസ്ത മേഖലകളിലുള്ള പഠനങ്ങൾക്കാണ് ഊന്നൽ നൽകുക. സ്വയംഭരണ സ്ഥാപനങ്ങളായാണ് ഇവ പ്രവർത്തിക്കുക.

ചടങ്ങിൽ ഉന്നതവിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഇഷിത റോയ്, കൗൺസിൽ മെമ്പർ സെക്രട്ടറി ഡോ. രാജൻ വർഗീസ്, മഹാത്മാഗാന്ധി സർവകലാശാല സിൻഡിക്കേറ്റ് അംഗങ്ങളായ ഡോ. ജോജി അലക്സ്, അരുൺ കെ. ശശീന്ദ്രൻ, സെന്റർ ഓഫ് എക്സലൻസ് കോ-ഓർഡിനേറ്റർ ഡോ. ഇ.കെ. രാധാകൃഷ്ണൻ എന്നിവരും പങ്കെടുത്തു.

## സ്മരണാഞ്ജലി



തൃശ്ശൂർ ശ്രീ കേരളവർമ്മ കോളേജ് ഇംഗ്ലീഷ് വിഭാഗം റിട്ടയേർഡ് അധ്യാപകനും സജീവ എ.കെ.പി.സി.റ്റി.എ പ്രവർത്തകനുമായിരുന്ന പ്രൊഫ.എം.മോഹൻ ദാസ്.

**GOVERNMENT OF KERALA**

**Abstract**

Higher Education Department – Collegiate Education - Court Cases – order dated 10-02-2022 in OA 2280/2019 filed by Dr. Sreelatha K.S before the Hon'ble Kerala Administrative Tribunal - complied with - orders issued

**HIGHER EDUCATION (F) DEPARTMENT**

G.O.(Rt)No.106/2025/HEDN Dated,Thiruvananthapuram, 22-01-2025

Read 1 Judgement dated.10.02.2022 in OA 2280/2019 filed by Dr. Sreelatha K.S before the Hon'ble Kerala Administrative Tribunal, Thiruvananthapuram

2. Judgment dated 22.07.2022 in OP (KAT) 238/22 filed before the Hon'ble HC

3 Letter No. SN1 OP(KAT) 238/2022 dated 23.11.2024 from the Advocate General

4 Government Letter No. F2/319/2019-HEDN dated 26.12.2024

5 Letter No. SN 1/OP (KAT 238/2022 dated 07.01.2025 from Advocate General, Ernakulam

6. Order of the Hon'ble Kerala Administrative Tribunal dated 08.01.2025 in CP(C) 119/2022 in OA 2280/2019 filed by Dr. Sreelatha K.S

**ORDER**

Dr.Sreelatha K.S, Assistant Professor at Government College Kottayam filed OA.2280/19 before the Hon'ble KAT to grant an order of declaration that the applicant is eligible to have her previous service in Amrita Vishwa Vidyapeetham granting pay revision benefits and CAS placements as per the 6th UGC Regulations,2010.

2. As per order read as 1st paper above, the Hon'ble KAT directed the respondents to pass necessary orders giving proper placements to the applicant duly reckoning her prior service in the Amrita Vishwa

Vidyapeetham.

3. Government filed (OP(KAT)238/2022) before the Hon'ble High Court against the judgement read as 1st paper above. The Hon'ble High Court dismissed the OP(KAT) as per the judgment read as 2nd paper above.

4. The Sixth UGC Scheme was sanctioned to the college teachers in the State vide GO(P) No.58/2010/H.Edn dated 27.03.2010 wherein placements considering previous service were not sanctioned. The Sixth UGC Scheme has been implemented by the UGC as per the UGC Regulation dated 30.06.2010. Subsequently Government issued GO(P)No.392/2010/H.Edn dated 10.12.2010 wherein it was ordered that notwithstanding anything contained in the Sixth UGC Regulations only those benefits both monetary and others specified in the Government order GO(P)No.58/2010/H.Edn dated 27.03.2010 would be receivable. Further,Government ordered that where there are any provisions in the Sixth Regulations inconsistent with the provisions in the GO(P)No.58/2010/H.Edn dated 27.03.2010, those provisions in the Government Order would override the provisions in the Sixth Regulations to the extent of such inconsistency. Since the implementation order GO(P)No.58/2010/ HEDN dated 27.03.2010 does not guarantee the counting of past service for placements along with regular service, the previous service rendered in Amritha Vishwa Vidyapeetham does not qualify as qualifying service for placements under UGC Scheme along with regular service.

5. Private services in any manner are not considered in any of the other Government Services for seniority, placement etc. Only 50% of the arrears of the salary due on account of UGC revision of pay alone is receivable as UGC grant. Other benefits and subsequent future higher salaries are the liability of the State Government itself. So far as matters involving financial implication are concerned, UGC Regulations are not mandatory but recommendatory in nature. It is natural justice that the stand of the State Government that bears the financial implication should also be taken in to account, otherwise chaos and destability in the financial sector will be the result. The service period in Self financing Colleges cannot be considered for Career Advancement Promotion in Government/ Aided service as there are hundreds of such teachers in the State.

6. In the above circumstances, Government have filed SLP No.

18330/22 before the Hon'ble Supreme Court against the directions in the judgment read as 2nd paper above.But the SLP has been dismissed by the Hon'ble Supreme Court on 20.11.2024. Advocate General has been requested to file Review Petition against the order dated 20-11-2024 in SLP 18330/2022. As per the legal opinion furnished by the Advocate General it is informed that there is no scope for filing the Review Petition.

7 As per order read as 6th paper above it is informed that the Contempt Petition has been adjourned to 24.01.2025 for the respondents to show cause if any, as to why the 'Charge of Contempt' shall not be framed against them and further steps shall not be pursued in this Contempt Petition.

8. Government have examined the matter in detail. The Director of Collegiate Education is directed to give proper placements to Dr. Sreelatha K.S, Assistant Professor at Government College Kottayam, duly reckoning her prior service in the Amruta Vishwa Vidyapeetham, as per the order read as 1st paper above on condition that this order shall not be treated as a precedent in future.

9. The order read as 1st paper above is complied with accordingly.

(By order of the Governor)
**SINI J SHUKKOOR**
**ADDITIONAL SECRETARY**

To:

The Director of Collegiate Education, Thiruvananthapuram
The Advocate General, Thiruvananthapuram (with covering letter)
The Advocate General, Ernakulam (with covering letter)
The Principal Accountant General (Audit/A&E), Kerala, Thiruvananthapuram
Finance (Education - C) Department (2022562/Edn-C4/69/2022-Fin dated 20.01.2025)
The Information Officer, Web&New Media
The Nodal Officer (www.highereducation.kerala.gov.in)
Stock File/Office Copy (F2/319/2019-HEDN)

Forwarded /By order

Signed by
Asoka Kumari. L
Date: 22-01-2025 16:16:17

"ഭരണഭാഷ– മാതൃഭാഷ"

**കേരള സർക്കാർ**

സംഗ്രഹം

ധനകാര്യ വകുപ്പ് – കെ.ജി.എസ്.എം.എ. റൂൾസ് – 1960 – പലിശ രഹിത ചികിത്സാ വായ്പ അനുവദിക്കുന്നതിനായി അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട നിശ്ചിത മാതൃകയിലുള്ള **Expenditure Certificate** അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

==============================================================

**ധനകാര്യ (ലോൺസ്) വകുപ്പ്**

**സ.ഉ(അച്ചടി)നം. 109/2024/ധന** **തിരുവനന്തപുരം, തീയതി 24.12.2024**

പരാമർശം:– 1. കെ.ജി.എസ്.എം.എ. റൂൾസ് – 1960

2. സ.ഉ.(അച്ചടി)നം.100/2024/ധന, തീയതി 22.11.2024

**ഉത്തരവ്**

1960 – ലെ കെ.ജി.എസ്.എം.എ ചട്ടങ്ങൾ പ്രകാരം സർക്കാർ ജീവനക്കാർക്കും അധ്യാപകർക്കും ലഭ്യമായിരുന്ന ചികിത്സാ ആനുകൂല്യങ്ങൾ മെഡിസെപ്പ് ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നിലവിൽ വന്ന സാഹചര്യത്തിൽ തുടർന്നും നിയന്ത്രണങ്ങളോടെ അനുവദിക്കുന്നതിന് പൊതുമാനദണ്ഡം നിശ്ചയിച്ച് സൂചന (2) പ്രകാരം ഉത്തരവായിട്ടുണ്ട്. ആശുപത്രികളിൽ നിന്ന് ലഭ്യമാക്കുന്ന Expenditure Certificate കൂടെ പരിശോധിച്ചാണ് പലിശ രഹിത ചികിത്സാ വായ്പ അപേക്ഷകൾ പരിഗണിക്കുന്നത്. ഒരു നിശ്ചിത മാതൃകയിൽ അല്ല നിലവിൽ വിവിധ ആശുപത്രികളിൽ നിന്ന് Expenditure Certificate ലഭ്യമാക്കുന്നത്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കെ.ജി.എസ്.എം.എ. റൂൾസ് – 1960 പ്രകാരം പലിശ രഹിത ചികിത്സാ വായ്പ അനുവദിക്കുന്നതിനായി അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട ഇതോടൊപ്പം ചേർത്തിട്ടുള്ള നിശ്ചിത മാതൃകയിലുള്ള Expenditure Certificate അംഗീകരിച്ച് ഉത്തരവാകുന്നു.

# EXPENDITURE CERTIFICATE
## (To be produced with the application for IFMA)

| | | |
|---|---|---|
| 1 | Name of Patient | |
| 2 | Address | |
| 3 | Age | |
| 4 | CR No./ Hospital Case No. | |
| 5 | MEDISEP ID | |
| 6 | Date of Registration | |
| 7 | Diagnosis Summary | |
| 8 | Suggested Treatment Plan | |
| 9 | Approximate time period for the treatment. | |
| 10 | Approximate expenditure for the treatment with detail (Surgery, Chemotherapy, Supportive Care, etc.) | |
| 11 | Whether the suggested treatment is available under the MEDISEP Scheme | |
| 11.a | If yes, what is the admissible coverage amount as per the MEDISEP package rate. | |
| 11.b | The Maximum amount of cashless treatment that can be provided by the Hospital / Institution under the MEDISEP Scheme ( Specify the number of times the treatment under MEDISEP package can be repeated) | |
| 11.c | Balance amount if any needed to be provided beyond MEDISEP package and the reason for the same in detail | |

Dated : (Office Seal) Signature :

Name &
Designation of the Medical Officer :

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**എ.എം.ജാഫർ**

**അഡീഷണൽ സെക്രട്ടറി(ധനകാര്യം)**

എ കെ പി സി ടി എ

# സംസ്ഥാന സമ്മേളനം

മാർച്ച് 14,15,16 പാലക്കാട്

## ലോഗോ ക്ഷണിക്കുന്നു..

മുദ്രാവാക്യം:

**മത നിരപേക്ഷ സമൂഹം**

**ജനപക്ഷ വിദ്യാഭ്യാസം**



KERALA PRIVATE COLLEGE TEACHER
R.No. 36025/81 No.313
ISSN 2454-4795
Rs.11/- FEBRUARY 2025




Printed and Published by Prof.(Dr.) K. Bijukumar, AKPCTA State Committee Office, Vanchiyoor, Thiruvananthapuram-35
Ph: 2463494 E-mail: akpctatvm@gmail.com www.akpcta.org
**Editor : Dr. N. Renuka**